വിശ്വസാഹിത്യമാല

# റോബിൻ ഹുഡ്

ആർ എൽ ഗ്രീൻ



The Adventures of Robin Hood | R L Green

വിശ്വസാഹിത്യ താരാവലി

# റോബിൻഹുഡ്

റോജർ ലാൻസ്‌ലിൻ ഗ്രീൻ

DCB

റോജർ ലാൻസ്‌ലിൻ ഗ്രീൻ

# റോബിൻഹുഡ്

ഭാഷ : **ഇംഗ്ലിഷ്**
കാലം : **സി.ഇ. 1956**

ഡി സി ബുക്സ്

Malayalam Language
**Robin Hood**
Literature & Fiction/Novel
by **Roger Lancelyn Green**
Rights Reserved
E-book Edition September 2018

*Publishers*
**D C Books**, Kottayam 686 001
Kerala State, India
website : www.dcbooks.com
ebook website: ebooks.dcbooks.com
customer support: ebooksupport@dcbooks.com

Although utmost care has been taken in the preparation of this book, neither the publishers nor the editors/compilers can accept any liability for any consequence arising from the information contained therein. The publisher will be grateful for any information, which will assist them in keeping future editions up to date.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-2658-4

D C BOOKS The First Indian Book Publishing House to get ISO Certification

**റോജർ ലാൻസ്‌ലിൻ ഗ്രീൻ**

ബാലസാഹിത്യകാരനും ജീവചരിത്രകാരനുമായ റോജർ ലാൻസ്‌ലിൻ ഗ്രീൻ (Roger Lancelyn Green) 1918 നവംബർ രണ്ടിന് ഇംഗ്ലണ്ടിലെ നോർവിച്ചിൽ ജനിച്ചു. ഗ്രീക്ക്, ഈജിപ്ഷ്യൻ, നോഴ്സ് പുരാവൃത്തങ്ങൾക്ക് ഇംഗ്ലിഷിൽ പ്രസിദ്ധമായ പുനരാഖ്യാനങ്ങൾ രചിച്ചു. ഇംഗ്ലിഷ് നാടോടിക്കഥാ നായകനായ റോബിൻഹുഡിനെക്കുറിച്ചുണ്ടായിട്ടുള്ള അസംഖ്യം കൃതികളിൽ ഗ്രീനിന്റെ 'ദ അഡ്വെഞ്ചേഴ്സ് ഓഫ് റോബിൻഹുഡ്' (1956) വേറിട്ടുനില്ക്കുന്നു. നോവലുകളും ജീവചരിത്രങ്ങളുമെഴുതിയ ഗ്രീൻ 1987 ഒക്ടോബർ എട്ടിന് അന്തരിച്ചു.

# ഉള്ളടക്കം


പ്രാരംഭം
ഷെർവൂഡിന്റെ ആത്മാവ്
ലോക്സ്ലിയിലെ റോബർട്ട് നിയമഭ്രഷ്ടനായതെങ്ങനെ?
ഷെർവൂഡ് വനത്തിലെ നിയമഭ്രഷ്ടർ
സ്കാർലെറ്റിന്റെ രക്ഷപ്പെടൽ
ലിറ്റിൽ ജോൺ ഗ്രീൻവുഡിൽ എത്തിയതെങ്ങനെ?
ലെഗ്ഗിലെ സർ റിച്ചാർഡ് മഠാധിപന് പണം നല്കിയതെങ്ങനെ?
ഷെർവൂഡ് വനത്തിലെ മരിയൻ
ഫ്രയർടക്കിന്റെ ആഗമനം
സർ റിച്ചാർഡ് റോബിൻ ഹുഡിന്റെ കടംവീട്ടിയതെങ്ങനെ?
വെള്ളികൊണ്ട് നിർമ്മിച്ച അസ്ത്രം
റോബിൻ ഹുഡും കശാപ്പുകാരനും
യാചകരുടെ സാഹസം
റോബിൻ ഹുഡും തോൽക്കൊല്ലനും
അല്ലിൻ എ. ഡെയ്ലിന്റെ വിവാഹം
റോബിൻ ഹുഡും ബിഷപ്പും
ജോർജ് എ. ഗ്രീൻ: വെയ്ക്ഫീൽഡിന്റെ സംരക്ഷകൻ
രാവിൽ ഒരലാറവും സ്വർണ്ണസമ്മാനവും
പാപ്ൾവിക്കിലെ മന്ത്രവാദിനി
ഗൈ ഓഫ് ഗിസ്ബോണിന്റെ അന്ത്യം
സിൽവർ ബ്യൂഗിളും കറുത്ത യോദ്ധാവും
റോബിൻ ഹുഡും പൊക്കമുള്ള തീർത്ഥാടകനും
ജോൺ രാജാവിന്റെ പ്രതികാരം
അവസാനത്തെ സാഹസകൃത്യം
അവസാനത്തെ അസ്ത്രം
ഉപസംഹാരം

# മുഖ്യകഥാപാത്രങ്ങൾ

## റോബിൻഹുഡ്
നോവലിലെ മുഖ്യകഥാപാത്രമാണ്. ശരിയായ പേര് റോബർട്ട് ഫിറ്റ്സൂത്. ഏൾ ഓഫ് ഹണ്ടിങ്ടൺ എന്നും അറിയപ്പെടുന്നു. അന്യായമായി നിയമഭ്രഷ്ടനാക്കപ്പെട്ടതിനാൽ ഷെർവുഡ് വനത്തിൽ താവളമടിച്ച സാക്സൺ വിഭാഗക്കാരൻ. റിച്ചാർഡ് രാജാവിനെ അനുകൂലിക്കുന്നതിനാൽ, രാജാവിന്റെ അധികാരമോഹിയായ ഇളയ സഹോദരൻ ജോണിന്റെ ശത്രുത നേടി. വനത്തിൽ 'മെറിമെൻ' എന്ന ഒരു സംഘം രൂപീകരിച്ചു.

## റിച്ചാർഡ് രാജാവ്
ഇംഗ്ലണ്ടിലെ രാജാവ്. രാജഭരണം സേനാധിപനെ ഏല്പിച്ച്, രാജ്യം വിട്ട്, കുരിശുയുദ്ധത്തിൽ ഏർപ്പെട്ടു.

## പ്രിൻസ് ജോൺ
റിച്ചാർഡ് രാജാവിന്റെ ഇളയ സഹോദരൻ. സഹോദരന്റെ അസാന്നിധ്യത്തിൽ രാജഭരണം കൈയേറാൻ ശ്രമിക്കുന്ന ഒരു ക്രൂരൻ. നിയമഭ്രഷ്ടരാക്കപ്പെട്ടവരിൽ പല കുറ്റങ്ങളും ആരോപിച്ച്, വധശിക്ഷയ്ക്കു വിധേയരാക്കുന്നു.

## ലേഡി മരിയൻ
റോബിൻഹുഡിന്റെ പ്രണയിനി. അസ്ത്രാഭ്യാസം കൈവശമാക്കിയ വീര കന്യക. റോബിൻഹുഡിന്റെ വീരകൃത്യങ്ങളെ ആരാധിക്കുന്നവൾ.

## വോർമാൻ
റോബിൻഹുഡിന്റെ കാര്യസ്ഥൻ. പിന്നീട് കൂറുമാറി പ്രിൻസ്ജോണിന്റെ അനുയായിയായി.

## സർ ഗൈ ഓഫ് ഗിസ്ബോൺ
പ്രിൻസ് ജോണിന്റെ വലംകൈയായി പ്രവർത്തിച്ച് ജോണിന്റെ ക്രൂരകൃത്യങ്ങൾ നടപ്പിലാക്കുന്നു. ലേഡി മരിയനോട് വിവാഹാഭ്യർത്ഥന നടത്തുന്നുമുണ്ട്.

## വിൽ സ്കാർലറ്റ്
വില്യം സ്കാത്‌ലോക് എന്നും പേരുണ്ട്. റോബിൻഹുഡിന്റെ ഏറ്റവും വിശ്വസ്തനായ അനുയായി.

## ലിറ്റിൽ ജോൺ
റോബിൻ ഹുഡിനെക്കാൾ ഒരടി പൊക്കം കൂടുതലുള്ള പോരാളി. റോബിൻഹുഡിനെ അന്വേഷിച്ച് ഷെർവുഡ് വനത്തിലെത്തുകയും ആളറിയാതെ റോബിൻഹുഡുമായി നേരിട്ടു ദ്വന്ദ്വയുദ്ധത്തിൽ ഏർപ്പെടുകയും ചെയ്യുന്നു. റോബിൻഹുഡിന്റെ വിശ്വസ്തനായ അംഗരക്ഷകനായി മാറുന്നു.

## ഷെരീഫ് ഓഫ് നോട്ടിങ്ഹാം
നോട്ടിങ്ഹാമിലെ പോലീസ് മേധാവി. പ്രിൻസ് ജോൺ ഏല്പിക്കുന്ന ക്രൂരകൃത്യങ്ങൾ നടപ്പാക്കി നാട്ടിൽ സമാധാനം ഉണ്ടാക്കാൻ ശ്രമിക്കുന്നു. റോബിൻ ഹുഡിനാൽ സമർത്ഥമായി കബളിപ്പിക്കപ്പെടുന്നു.

## മൈക്കേൽ ടക്
മഠത്തിലെ അന്തേവാസിയായ ബ്രദർ മൈക്കേൽ. ക്രൂരന്മാരായ ബിഷപ്പ്, മഠാധിപൻ എന്നിവരോടു കലഹിച്ച്, മഠത്തിൽനിന്ന് പുറത്താക്കപ്പെടുന്നു. ഷെർവൂഡ് വനത്തിൽ സ്വയം താവളമൊരുക്കി റോബിൻഹുഡിന്റെ സഹായിയായി മാറുന്നു.

## സർ റിച്ചാർഡ് ഓഫ് ലെഗ്
റിച്ചാർഡ് രാജാവിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു പ്രഭു. ഒരു തവണ മഠാധിപന്റെ കടക്കാരനായി മാറി. കടം വീട്ടാൻ സഹായിച്ചത് റോബിൻഹുഡാണ്.

## ബിഷപ്പ്
റോബിൻഹുഡിനെ കാട്ടിൽവച്ച് പിടികൂടാൻ പ്രിൻസ് ജോണിനോട് സഹായം തേടി. വോർമാനോടൊപ്പം ഷെർവൂഡ് വനത്തിലെത്തി. റോബിൻഹുഡിന്റെ പിടിയിലകപ്പെട്ട് കൈയിൽ കരുതിയ ധനമെല്ലാം നഷ്ടപ്പെടുത്തി.

# പ്രാരംഭം

ഹേസ്റ്റിങ്സ് യുദ്ധത്തിനു ശേഷം ഇംഗ്ലണ്ടിൽ യഥാർത്ഥ സമാധാനം ഇല്ലാതായി. ജേതാവായ വില്യം പിടിച്ച പ്രദേശങ്ങൾ അനുയായികൾക്കു വിഭജിച്ചുകൊടുക്കുകയാണുണ്ടായത്. ഇതിനെച്ചൊല്ലി സാക്സൺ വർഗ്ഗവും നോർമൻ വിഭാഗവും തമ്മിൽ തർക്കങ്ങൾ നിലനിന്നു. നോർമൻപ്രഭുക്കളും ഇടപ്രഭുക്കളും അവരുടെ പോരാളികളും മക്കളും പേരക്കുട്ടികളുമെല്ലാം സാക്സൺവർഗ്ഗത്തെ വെറും അടിമകളായിത്തന്നെ കണക്കാക്കി. ഭൂമിയിലെ ഊഴിയവേലയ്ക്കും യുദ്ധത്തിലെ സേവകപ്പണിക്കും കൂട്ടുമെന്നല്ലാതെ യാതൊരുവിധ അവകാശവും അവർക്ക് അനുവദിച്ചിരുന്നില്ല.

പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ട് ഒരു അധിനിവേശരാജ്യം മാത്രമായിരുന്നു. ഇതിന്റെ ഫലമായി കലാപങ്ങളും മരണങ്ങളും സംഭവിച്ചുകൊണ്ടിരുന്നു. കാടുകൾ എല്ലാംതന്നെ നിയമലംഘകരുടെയും കൂട്ടക്കവർച്ചക്കാരുടെയും താവളമായി മാറി. രാജാവിന്റെ സ്വത്ത് എന്ന നിലയിൽ കാട് സംരക്ഷിതമേഖലയായിരുന്നതിനാൽ അവിടെയുള്ള മാനുകളെ കൊല്ലുന്നതു പിഴയടയ്ക്കേണ്ട കുറ്റമായി പ്രഖ്യാപിച്ചിരുന്നു.

1160 ആയപ്പോൾ സ്ഥിതിഗതികൾ അല്പം മാറിയെങ്കിലും നോർമൻ വിഭാഗവുമായി അത്ര അടുപ്പമുണ്ടായിരുന്നില്ല. നോട്ടിങ്ഹാമിലെ ജോർജ് ഗ്യാംവെൽ എന്ന സാക്സൺ പ്രഭു തന്റെ മകളായ ജോഹന്നയോട് കൈവിലെ ബറോണിന്റെ മകനായ വില്യം ഫിറ്റ്സൂത് പ്രേമാഭ്യർത്ഥന നടത്തുന്നതു പ്രോത്സാഹിപ്പിച്ചില്ല.

ജോർജ് ഗ്യാംവെൽ ക്ഷിപ്രകോപിയും ക്രൂരനുമായിരുന്നു. നോർമൻ വിഭാഗക്കാർ ചെയ്ത തെറ്റുകൾ അദ്ദേഹം മറന്നില്ല.

യുവാവായ വില്യം ഫിറ്റ്സൂതിന്റെ അമ്മയും വല്യമ്മയും സാക്സണായിരുന്നു. അതിനാൽ സാക്സൺ എന്നോ നോർമൻ എന്നോ അയാളെ കരുതാം. എങ്കിലും ഒരു ബ്രിട്ടീഷ്കാരനെന്നു സങ്കല്പിച്ച് രാജ്യത്തിന്റെ സുരക്ഷയ്ക്കും ക്ഷേമത്തിനും വേണ്ടി നീതിപൂർവം പ്രവർത്തിക്കാനാണ് ആഗ്രഹിച്ചത്.

വില്യമിന്റെ വിചാരങ്ങൾ ജോർജ് പ്രഭു പരിഗണിച്ചില്ല. തന്റെ വീട്ടിൽ കടന്നുവരരുത് എന്നു വിലക്കുകയും ചെയ്തു. മകളുടെ പക്ഷവും അയാൾ ശ്രദ്ധിച്ചില്ല. ശപിക്കപ്പെട്ട നോർമനുമായി യാതൊരു ബന്ധവും പാടില്ലെന്ന് അവളെ വിലക്കി.

ജോഹന്ന കരഞ്ഞുകൊണ്ടുപോയെങ്കിലും പിതാവിനെ അനുസരിച്ചില്ല. ആ രാത്രിയിൽ വില്യം ഫിക്സൂത് അവളുടെ ജനാലയ്ക്കു താഴെ വന്നു നിന്നു. ജീവിതകാലം മുഴുവൻ പരസ്പരവിശ്വാസത്തോടെ പ്രവർത്തിക്കുമെന്ന് അവർ പ്രതിജ്ഞ ചെയ്തു. വീടിനടുത്തുള്ള ചാപ്പലിൽവച്ച് അവർ രഹസ്യവിവാഹം നടത്തി. എന്നാൽ ഇതേക്കുറിച്ച് സർ ജോർജിനു യാതൊരു ധാരണയും ഉണ്ടായിരുന്നില്ല.

എല്ലാ രാത്രികളിലും വില്യം ജോഹന്നയെ സന്ദർശിച്ചു. ഇരുട്ടത്ത് ജനലിലൂടെ അവളുടെ മുറിയിൽ കയറുകയും പ്രഭാതത്തിനുമുമ്പേ തിരിച്ചുപോകുകയും ചെയ്തു.

അധികം വൈകാതെ, വില്യം ഫിറ്റ്സൂതിന് സ്വന്തം പിതാവിനോടൊപ്പം ലണ്ടനിലേക്കു പോകേണ്ടിവന്നു. പിന്നീട് ഗ്യാംവെലിൽ തിരിച്ചെത്തിയപ്പോൾ ജോഹന്ന രഹസ്യമായി അയച്ച ഒരു കത്ത് ഒരു ദൂതൻ കൊണ്ടുവന്നു കൊടുത്തു.

'ഞാൻ ഒരു കുഴപ്പത്തിലകപ്പെട്ടിരിക്കുന്നു' എന്ന് ആരംഭിക്കുന്ന കത്തിൽ ജോഹന്ന തുടർന്ന് എഴുതിയിരിക്കുന്നു: 'കാര്യങ്ങളെല്ലാം കുഴഞ്ഞുമറിഞ്ഞിരിക്കുന്നു. വളരെ പ്രയാസപ്പെട്ടാണ് ഓരോ ദിവസവും തള്ളിനീക്കുന്നത്. പിതാവ് കാര്യങ്ങളെല്ലാം അറിയും. അപ്പോൾ എന്തു സംഭവിക്കുമെന്ന് അറിയാൻ വയ്യ. വില്യമിനെ പിടികൂടി തൂക്കിലിട്ടേക്കാം. എന്നോട് എന്താണു പ്രവർത്തിക്കുന്നതെന്ന് ഊഹിക്കാൻ കഴിയുന്നില്ല. നമ്മുടെ കുട്ടി ജനിക്കുമ്പോൾ അതിനോട് എങ്ങനെ പെരുമാറും? അറിഞ്ഞുകൂടാ. എന്റെ അടുത്തേക്കു വേഗത്തിൽ വരണേ. എന്നെ ദൂരെ എവിടേക്കെങ്കിലും കൊണ്ടുപോകൂ. വില്യമിന്റെ കരങ്ങളിൽ സുര ക്ഷിതമായിത്തീരുംവരെ ഭയം എന്നെ വിട്ടുപിരിയുമെന്നു തോന്നുന്നില്ല.'

കത്തു വായിച്ചതിനുശേഷം വിശ്വസ്തരായ മൂന്ന് അനുയായികളെ വിളിച്ച് ഷെർവുഡ് വനത്തിൽ അവർക്കുവേണ്ടി താവളമൊരുക്കുവാൻ വില്യം ആവശ്യപ്പെട്ടു. മകളെ കാണാതായാൽ സർ ജോർജ് തീർച്ചയായും വില്യമിനെ സംശയിക്കും. ആദ്യംതന്നെ സൈമിൽ അന്വേഷിക്കുകയും ചെയ്യും. അതിനാൽ മുൻകരുതൽ ആവശ്യമാണ്.

സൂര്യൻ അസ്തമിച്ചുകഴിഞ്ഞപ്പോൾ വില്യമും അനുയായികളും ഗ്യാംവെലിൽ എത്തി. പൂന്തോട്ടവും കടന്ന് അവർ ജോഹന്നയുടെ ജനലിനു താഴെ ചെന്നുനിന്നു.

ജോഹന്ന അവരെ കാത്തിരിക്കുകയായിരുന്നു. എത്രയും വേഗത്തിൽ അവിടെനിന്നു പോകണം. ചുവന്ന നെടുങ്കൻ അംഗവസ്ത്രം നാലുപേരുകൂടി പിടിച്ചുകൊണ്ടു താഴെ നിന്നു. അവൾ ധൈര്യമായി അതിലേക്ക് ഊർന്നിറങ്ങി. വില്യം അവളെ കൈകൾകൊ ണ്ടു താങ്ങിപ്പിടിച്ചു. അവർ ഗ്യാംവെലിൽനിന്നു നിശ്ശബ്ദമായ വനത്തിലേക്കു പോയി. നിലാവിൽ പച്ചിലകൾ മിന്നുന്ന വനത്തിൽ ഇടയ്ക്ക് ഒരു മൂങ്ങ മൂളുകയോ കുറുക്കൻ ഓരിയിടുകയോ ചെയ്യുന്ന ശബ്ദം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

നേരം പുലർന്ന് ജോർജ് ഉണർന്നപ്പോൾ മകളെ കാണായ്കയാൽ ആശ്രിതരെ വിളിച്ചു ചോദ്യം ചെയ്തു.

ആയിടെ കണ്ട ദുഃസ്വപ്നം അദ്ദേഹത്തെ ഭീതിയിലാഴ്ത്തി. മകൾ ഉപ്പുകടലിൽ മുങ്ങിത്താഴുന്നു എന്ന ദുരനുഭവം ഉണ്ടാകരുതേ എന്ന് ദൈവത്തോട് അപേക്ഷിച്ചു.

മാളികയിലെ സേവകർ വാളും ധരിച്ച് നാലുപാടും പാഞ്ഞു. വനപാലകർ അമ്പും വില്ലുമേന്തി കുതിച്ചോടി. മകളെ കണ്ടുപിടിച്ചില്ലെങ്കിൽ എല്ലാത്തിനെയും കൊന്നുകളയുമെന്ന് പ്രഭു ഭീഷണിപ്പെടുത്തി.

ഒടുവിൽ വേട്ടക്കാരുടെ തലവൻ രണ്ടു വേട്ടനായ്ക്കളെയും കൊണ്ടുവന്ന് വില്യം ഫിറ്റ്സൂതിനെ തേടി ഷെർവുഡ് വനത്തിലേക്കു പുറപ്പെട്ടു.

അല്പസമയത്തിനകം അവർ ജോഹന്നയുടെ അടുത്തെത്തി. അവൾ ഒരു വള്ളിക്കുടിലിൽ തന്റെ മകനെ താലോലിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ജോർജ് പ്രഭു ഊരിപ്പിടിച്ച വാളുമായി നിലത്തേക്കു ചാടിയിറങ്ങി. ജോഹന്ന അദ്ദേഹത്തിന്റെ നേരെ പുഞ്ചിരിപൊഴിച്ചുകൊണ്ട് പേരക്കുട്ടിയെ കൈകളിൽവച്ചുകൊടുത്തു. അദ്ദേഹം വാൾ താഴെയിട്ട് കുട്ടിയെ ചുംബിച്ചുകൊണ്ടു പറഞ്ഞു:

'നിന്റെ പിതാവിനെ തൂക്കിലിടണമെന്ന് ഞാൻ വിചാരിച്ചു എങ്കിലും നിന്റെ അമ്മ എന്നെ സ്നേഹിക്കുന്നു. നീ എന്റെ പേരക്കുട്ടിതന്നെ.'

പിന്നീട് ജോഹന്നയോട് ചോദിച്ചു: 'എവിടെ ആ ദുഷ്ടൻ?'

അപ്പോഴേക്കും മരത്തിനു മറഞ്ഞുനിന്നിരുന്ന വില്യം ഫിറ്റ്സൂത് പ്രത്യക്ഷപ്പെട്ടു. എല്ലാം ക്ഷമിക്കണമെന്നും പൊറുക്കണമെന്നും അപേക്ഷിച്ചു. മാത്രമല്ല, തന്റെ പ്രിയതമയുടെയും പകുതി സാക്സൺ ആയ മകന്റെയും സുരക്ഷയ്ക്കായി സാക്സൺ വിഭാഗത്തിന്റെ സൗഹാർദ്ദം അഭ്യർത്ഥിക്കുകയും ചെയ്തു.

പ്രഭു അവർക്ക് നന്മ നേർന്നു.

വനത്തിൽ ജനിച്ച റോബർട്ട് എന്ന റോബിൻ മണ്ണിനോടും പാവപ്പെട്ടവരോടും കൂറുള്ളവനായി വളർന്നുവരട്ടെ എന്ന് പ്രഭു ആശംസിച്ചു.

# ഷെർവുഡിന്റെ ആത്മാവ്

റിച്ചാർഡ് രാജാവ് ഒന്നാമൻ, റിച്ചാർഡ് കൗർ-ഡി-ലയൺ 1189-ൽ ആണ് സ്ഥാനാരോഹണം ചെയ്തത്. താമസിയാതെ 'സാരസെനു'കളിൽനിന്ന് ജറുസലേമിനെ മോചിപ്പിക്കാൻ രാജാവ് സിംഹാസനം ത്യജിച്ച് ഒരു കുരിശുയുദ്ധത്തിൽ ഏർപ്പെടുകയായിരുന്നു. എന്നാൽ നാട്ടിൽ കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ മടങ്ങാൻ തീരുമാനിച്ചു. മടക്കയാത്രയിൽ, ശത്രുക്കളുടെ പിടിയിൽപ്പെട്ട് ജയിലിലായി. എവിടെയെന്നാരുമറിഞ്ഞില്ല. എന്നെങ്കിലും തിരിച്ചുവരുമെന്ന് ഇംഗ്ലണ്ടിലാരും വിശ്വസിച്ചുമില്ല.

നാടു വിടുമ്പോൾ ബിഷപ്പ് 'ഇലി'യെയാണ് രാജ്യഭരണം ഏല്പിച്ചത്. എന്നാൽ രാജാവിന്റെ കുനിഷ്ടബുദ്ധിയായ സഹോദരൻ പ്രിൻസ് ജോൺ 'ഇലി'യിൽ വഞ്ചനാക്കുറ്റം ആരോപിച്ച് സ്വയം ഭരണമേറ്റെടുത്തു.

ജോൺ അതിക്രൂരനായിരുന്നു. അയാളുടെ അനുചരന്മാരും അങ്ങനെതന്നെ. എല്ലാവർക്കും ധനം വേണം. അതിനുള്ള എളുപ്പവഴി വഞ്ചനയും നിയമവിരുദ്ധപ്രവർത്തനവും ആരോപിച്ച് ധനികരെ നിയമഭ്രഷ്ടരായി പ്രഖ്യാപിക്കുക, അവരുടെ സർവ്വ സ്വത്തും കീഴടക്കുക, അവരെ കൊല്ലുന്നവർക്ക് പാരിതോഷികം പ്രഖ്യാപിക്കുക ഇതെല്ലാമാണ്.

സ്വത്തു പിടിച്ചെടുത്തു കഴിഞ്ഞാൽ പ്രിൻസ് ജോൺ തന്റെ ഒരനുയായിയെ അവിടെ പ്രതിഷ്ഠിക്കും. ചെറു കൃഷിക്കാരിൽനിന്നും തൊഴിലാളികളിൽനിന്നും അവർ വീണ്ടും പണം പിടുങ്ങും. ദുരമൂത്ത ബിഷപ്പുമാരും മഠാധിപതികളും ഇങ്ങനെ പണം വസൂലാക്കിയിരുന്നു.

രാജ്യത്തെ ക്രമസമാധാനത്തിന് ഷെരീഫിന്റെ കീഴിൽ സായുധസംഘമുണ്ട്. അവർക്ക് നല്ല പ്രതിഫലവും രാജാവ് നല്കുന്നു. എങ്കിലും അവർ ജനങ്ങളിൽനിന്ന് ബലമായി പണം കൈപ്പറ്റിപ്പോന്നു.

നോട്ടിങ്ഹാമിലെ ഷെരീഫും അത്തരക്കാരൻതന്നെ. ഷെർവുഡ് വനത്തിന്റെ അരികിലാണ് ഈ നഗരം. ഒരു തവണ പ്രിൻസ് ജോൺ വന്ന് അവിടെ കോടതി സ്ഥാപിച്ചപ്പോൾ തന്റെ വിശ്വാസ്യതയും കൂറും കാണിക്കാൻ അയാൾ തത്രപ്പെട്ടു.

ഒരു സായാഹ്നത്തിൽ ഷെരീഫും സംഘവുംകൂടി ഒരു മാൻവേട്ടക്കാരനെ പിടികൂടി. പണത്തിനായി അവന്റെ കുടിലിൽ തിരഞ്ഞെങ്കിലും ഒന്നും കിട്ടിയില്ല. കുടിലിന് അവർ തീവെച്ചു.

'നിനക്ക് വനനിയമങ്ങൾ അറിയാമല്ലോ.' ഷെരീഫ് കടുത്ത സ്വരത്തിൽ സംസാരിച്ചുതുടങ്ങി: 'കെട്ടിയിട്ട്, പഴുപ്പിച്ച ഇരുമ്പ് അവന്റെ കണ്ണിൽവയ്ക്ക്. എന്നിട്ട് അഴിച്ചുവിട്.'

'അയ്യോ!' അവൻ ദീനമായി കേണു: 'മറ്റെന്തുവേണമെങ്കിലും ചെയ്തോളൂ. കണ്ണു പൊട്ടിച്ചാൽ ദൈവം നിങ്ങളെ ശിക്ഷിക്കും. കരുണ തോന്നണേ...'

ഷെരീഫിന്റെ പ്രവർത്തനം കാണാൻ ഈ സമയത്ത് പ്രിൻസ് ജോൺ എത്തി. എല്ലാവരും കത്തുന്ന വിറകിനു ചുറ്റും നില്പാണ്.

'എന്താണിവിടെ രാത്രിപ്പണി?' പ്രിൻസ് ജോൺ തുടർന്നു: 'ഷെരീഫ്, അവന്റെ

നാവു മുറിക്കയാണാദ്യം ചെയ്യേണ്ടത്. എന്നാൽ സംഗതി രഹസ്യവും നിശ്ശബ്ദവുമാകും. അല്ലെങ്കിൽ റോബിൻ ഹുഡ് വന്ന് രക്ഷപ്പെടുത്തും. പാലസ്തീൻ രാജാവിന്റെ ഉറക്കത്തിനും ഭംഗം വരും.'

ഷെരീഫ് പ്രതിയുടെ മുഖത്തടിച്ചു: 'മിണ്ടല്ലേ, നായെ. പ്രിൻസ്ജോണിന്റെ സാന്നിധ്യത്തിൽ ഇങ്ങനെ ഒച്ചയിടരുതെന്ന് നിനക്കറിയില്ലേ?'

'പ്രിൻസ് ജോൺ.' വീർപ്പുമുട്ടിക്കൊണ്ടവൻ യാചിച്ചു: 'സർ, ദൈവത്തെ ഓർത്ത് എന്നെ രക്ഷിക്കൂ.'

'ആരാണിവൻ? എന്താണു ചെയ്തത്?'

'മച്ച്' എന്നാണ് ഇവന്റെ പേര്. ഒരുകാലത്ത് മില്ലറായിരുന്നു. കണ്ടില്ലേ, അവന്റെ രണ്ടു വിരലുകൾ അറുത്തത്? അതുതന്നെ അവന്റെ കഥ പറയും. നിയമം അനുസരിക്കാത്തവൻ. മാനിനെ കൊല്ലുന്ന കുറ്റത്തിന് കണ്ണു തുളയ്ക്കുകയാണ് ശിക്ഷ. മൂന്നാംതവണയാണെങ്കിൽ തൂക്കിലേറ്റും. കണ്ണു പോയാൽ അവന് വെടിവയ്ക്കാൻ ആവില്ലല്ലോ. മണത്തറിഞ്ഞ് വെടിവയ്ക്കുന്നവനെ ഞാനിതുവരെ കണ്ടിട്ടില്ല. ഹാ... ഹ... ഹ.'

ഭയന്നുവിറച്ച് മുട്ടുകുത്തിനില്ക്കുന്ന മച്ച്, പ്രിൻസ് ജോണിനോട് സങ്കടം ഉണർത്തിച്ചു:

'വേട്ടയ്ക്കുള്ള സ്ഥലം വിപുലമാക്കാൻ അവർ എന്റെ മില്ല് കത്തിച്ചുകളഞ്ഞു. വേട്ടയല്ലാതെ, ഞങ്ങൾക്കു ഭക്ഷണത്തിനു മറ്റു മാർഗ്ഗമില്ല. ചൂണ്ടുവിരൽ ഇല്ലാതെ നേർക്കുനേർനിന്ന് വെടിവയ്ക്കാനുമാവില്ല. രണ്ടു മക്കളുണ്ട് എനിക്ക്. പട്ടിണികാരണം ഒരുത്തൻ മരിച്ചു. ചെറിയവൻ ഭക്ഷണത്തിനായി കരയുന്നു. ഒരു കാളയെപ്പോലെ എന്നും പുല്ലുതിന്ന് കഴിയാൻ പറ്റുന്നില്ല.'

'ഓ, നിനക്കപ്പോൾ നല്ല ഭക്ഷണം വേണമല്ലേ? അതും രാജാവിന്റെ മാനിനെ?' ജോൺ പുച്ഛഭാവത്തിൽ പറഞ്ഞു: 'ഷെരീഫ്, ഈ റോബിൻഹുഡ് എന്നവൻ ആരാണ്? ധനികനാണോ? കൃഷിഭൂമിയുള്ളവനാണോ? പഴയ സാക്സൺ വിഭാഗത്തിൽപ്പെട്ടവനോ? വിഡ്ഢിയായൊരു ഭ്രാന്തൻ.' ഇവനെപ്പോലുള്ള നിയമലംഘകർക്ക് സഹായം എത്തിക്കുന്ന അവനെവിടെയാണ്?'

പിന്നെ, മച്ചിനെ നോക്കിക്കൊണ്ട് തുടർന്നു: 'അതു പറയ്. എന്നിട്ട് കഴുമരത്തിലേക്കു പോകാൻ തയ്യാറായി നിന്റെ കണ്ണുകൾ സൂക്ഷിച്ചുവയ്ക്ക്.'

'അവനാരെന്ന് എനിക്കറിയില്ല, കാട്ടിൽനിന്നാണ് വരിക. ഷെർവുഡിന്റെ ആത്മാവ് എന്നാണ് ജനം വിളിക്കുക. സഹായം എത്തിച്ച് ഉടൻ തിരിച്ചുപോകും. വരുന്നതും പോകുന്നതും ആരും കാണാറില്ല.' മച്ച് വിറച്ചുകൊണ്ടു പറഞ്ഞു.

'ഫാ, അവനെ കൊണ്ടുപോ.'

നാലുപേർ മച്ചിനെ വലിച്ചിഴച്ചു. അഞ്ചാമൻ ചുട്ടുപഴുപ്പിച്ച ഇരുമ്പുമായി പുറകെയും. പെട്ടെന്ന് ഒരുറച്ച നിലവിളിയോടെ മച്ച് പിടി വിടുവിച്ചു. ഒരുത്തന്റെ വാൾ പിടിച്ചെടുത്ത് ജോണിനടുത്തേക്ക് ഓടി. എന്നാൽ അടുത്തെത്തുംമുമ്പ് അമ്പേറ്റു വീണുമരിച്ചു.

'അതു നന്നായി. മരിച്ചവനുവേണ്ടി റോബിൻ ഹുഡ് വരില്ലല്ലോ? ആരാണ് അമ്പയച്ചത്?'

പച്ച മേല്ക്കുപ്പായം ധരിച്ച് കറുത്തു കുള്ളനായ ഒരുവൻ പ്രിൻസ്ജോണിനെ വന്ദിച്ചുനിന്നു.

‘പ്രഭോ, ഞാൻ വോർമാൻ ആണ്. ഹണ്ടിങ്ടൺ പ്രഭുവായ റോബർട്ട്ഫിറ്റ്സൂതിന്റെ കാര്യസ്ഥൻ.

കോപത്താൽ ജോണിന്റെ മുഖം വക്രിച്ചു: ‘ഹണ്ടിങ്ടൺ പ്രഭു!’ അയാൾ പുച്ഛഭാവത്തിൽ പറഞ്ഞു: ‘ഡേവിഡ് കാറിക് ആണ് പ്രഭു. നോർതംബർലാൻഡിന്റെ മകൻ. പിന്നെ, ഇതെന്തഭിനയം!’

‘ക്ഷമിക്കൂ, പ്രഭോ.’ വോർമാൻ വ്യക്തമാക്കി: ‘സാക്സൺ പരമ്പരയിലുള്ള അമ്മയുടെ തായ്‌വഴിയിൽപ്പെട്ട ഫീറ്റ്സൂതിനെയാണ് ജനം പ്രഭുവായി കണക്കാക്കുന്നത്. അദ്ദേഹം എന്റെ യജമാനനാണ്. മറ്റൊരുതരത്തിൽ അദ്ദേഹത്തെ കാണാനാവില്ലെനിക്ക്.’

പ്രിൻസ് ജോൺ തലയാട്ടി: ‘പ്രഭുവെന്ന് പറയപ്പെടുന്നവനെ എനിക്ക് കൂടുതലറിയണം. അവൻ വിശ്വസ്തനായിരിക്കുമെന്ന് നീ കരുതുന്നില്ലേ?’

‘റിച്ചാർഡ് രാജാവിനോടല്ലേ. അതെ, വിശ്വസ്തനാണ്.’ വോർമാൻ അർത്ഥവത്തായി പറഞ്ഞു.

‘റിച്ചാർഡ്, റിച്ചാർഡ്. എവിടെയും റിച്ചാർഡ്തന്നെ.’ ജോൺ ചീറി: ‘റിച്ചാർഡ് ചത്തു. അല്ലെങ്കിൽ ചത്തതുപോലെ, ഏതോ ഇരുട്ടറയിൽ നശിക്കുന്നു. അയാളുടെ സ്തുതിപാഠകനെ ഒരിക്കലും കണ്ടെത്തുന്നുമില്ല. ഞാനാണ് രാജാവ്! പക്ഷേ, പേരിൽ, മാത്രമില്ല. ആട്ടെ, ഈ ഫിറ്റ്സൂത് ധനികനാണോ?’

‘പണ്ട് ധാരാളം നിലമുണ്ടായിരുന്നു. ഇപ്പോൾ വീടും കുറച്ചു സ്ഥലവും മാത്രം. ബാക്കിയെല്ലാം വിറ്റു.’

‘എന്നാൽ പെട്ടി നിറയെ സ്വർണ്ണമായിരിക്കും!’ ജോൺ ആർത്തിയോടെ മുരണ്ടു.

കാര്യസ്ഥനായ തനിക്കുപോലും അതറിയില്ലെന്നായി വോർമാൻ.

‘പണംകൊണ്ട് ചില സ്വകാര്യാവശ്യങ്ങൾ ഉണ്ടെന്നറിയാം. സുഹൃത്തും അംഗരക്ഷകനുമായ വില്യം സ്കാത്‌ലോക്കിനു മാത്രമേ അക്കാര്യം അറിയൂ.’

‘ഈ അറിയപ്പെടാത്തവനെ എനിക്കെങ്ങനെ ഒന്നു കാണാനാവും? എന്നാലോ, രാജ്യദ്രോഹത്തെപ്പറ്റി എന്തെങ്കിലുമൊന്നു കേട്ടാൽ... നീ പറഞ്ഞതു ശരിയാണെങ്കിൽ...’

‘എന്റെ യജമാനന് എതിരായിട്ടോ?’ വോർമാൻ തുടർന്നു: ‘എനിക്കദ്ദേഹത്തെ ചതിക്കാനാവുമോ? എന്നാൽ, എനിക്ക് നിങ്ങളോടുള്ള കടമയാണ് എല്ലാറ്റിലും വലുത്. ഒരു കാര്യം പറയാം. നാളെ റോബർട്ട് പ്രഭു, ഫിറ്റ്സ് വാൾട്ടർ പ്രഭുവിന്റെ മകളായ ലേഡി മരിയനെ കല്യാണം കഴിക്കണം. ഇന്നു രാത്രി ലോക്സ്ലിഹാളിൽ ഗംഭീരമായ അത്താഴവിരുന്ന് നടക്കും. ആരും ശ്രദ്ധിക്കപ്പെടില്ല. നിങ്ങളും ഷെരീഫും നടോടിതീർത്ഥാടകരെപ്പോലെ പ്രച്ഛന്നരായി വരണം. റിച്ചാർഡ് രാജാവിനെപ്പറ്റി കഥകൾ പറയണം.’

‘പരിപാടി നന്ന്.’ പ്രിൻസ് ജോൺ അഭിപ്രായപ്പെട്ടു: ‘നീ എന്റെകൂടെ വേണം. ഷെരീഫിന്റെ അനുചരന്മാരും വേണം. സമയം കളയാനില്ല. ചത്ത നായയെ അവിടെ വിട്. റോബിൻ ഹുഡ് വരുമ്പോൾ കണ്ടുകൊള്ളട്ടെ.’

ഇരുണ്ട സന്ധ്യയിലേക്കവർ യാത്രയായി. ഷെർവൂഡ് നിശ്ശബ്ദമാണ്.

തൽക്ഷണം, പൊന്തക്കാടുകളിൽനിന്ന് ചില ഇരുണ്ട രൂപങ്ങൾ പുറത്തിറങ്ങി. മച്ചിന്റെ ശവത്തിനരികിലെത്തി. മച്ചിന്റെ വീടിരുന്ന സ്ഥലത്തുനിന്ന് പുക ഉയരുന്നു.

‘അവൻ മരിച്ചു. കണ്ണ് കുത്തിപ്പൊട്ടിക്കുന്നതിനെക്കാൾ നന്നായി.’

‘നമ്മുടെ രാജാവ് തിരിച്ചെത്തുമ്പോൾ സംഗതി മെച്ചപ്പെടുമായിരിക്കും.’

ഒരിക്കലും തിരിച്ചുവന്നില്ലെങ്കിലോ? അപ്പോൾ പ്രിൻസ് ജോൺ രാജാവാകും. ദൈവം നമ്മോട് കൃപ കാണിച്ചേക്കും.’

‘ഇതാ, മരിച്ചവന്റെ മകനാണിത്. ഇവനുവേണ്ടി നമുക്കെന്തു ചെയ്യാനാവും? മകന്റെ വിശപ്പുമാറ്റാൻ ഒരു മാനിനെ അമ്പെയ്തു പിടിക്കാനാണ് ഇയാൾ പോയത്. നമ്മിലാരാണ് കുട്ടിയുടെ സംരക്ഷണം ഏല്ക്കുക?’

ബാലനായ മച്ച്, പിതാവിന്റെ ശവശരീരത്തിനു സമീപം മുട്ടുകുത്തി കരഞ്ഞു:

‘റോബിൻ ഹുഡ്, ഇവനെ പട്ടിണിക്കിടില്ല. ഇതാ, വിൽ സ്കാർലറ്റ് ഒരു ചാക്ക് കൊണ്ടുവരുന്നു. ദൈവം റോബിൻ ഹുഡിനെ അനുഗ്രഹിക്കട്ടെ!’

ഏതാണ്ട് നാല്പതു വയസ്സുതോന്നിക്കുന്ന ഒരുവൻ അവിടെയെത്തി. ചുവപ്പുവസ്ത്രമാണ് ധരിച്ചിരിക്കുന്നത്.

ധൈര്യമായിരിക്കൂ ചങ്ങാതിമാരേ. യജമാനനായ റോബിൻ ഹുഡ് അയച്ചതാണെന്നും ഷെരീഫും കൂട്ടാളികളും കാട്ടിലാണെന്ന് യജമാനന് അറിയാം. അവർ കഷ്ടപ്പെടുകതന്നെ ചെയ്യും.’

സ്കാർലറ്റ്, ബാലന്റെ സമീപം നിന്നു.

അയാൾ തുടർന്നു: ‘അവർ നിന്റെ അച്ഛനെ കൊന്നു. ഈ അമ്പ് നോക്കുക. നോട്ടിങ്ഹാം ആയുധപ്പുരയിലുള്ളതല്ല ഇത്. എന്റെ യജമാനനും കൂട്ടുകാരും ഉപയോഗിക്കുന്നതുപോലുള്ള ഒന്നാണ്.’

ബാലനായ മച്ച് പറഞ്ഞു: ‘ഞാൻ നിങ്ങളോടൊപ്പം യജമാനനെ സേവിക്കാം. എനിക്ക് പന്ത്രണ്ടു വയസ്സേ ഉള്ളൂ. എന്നാൽ, ദുഃഖങ്ങൾ ഞങ്ങളെ പെട്ടെന്ന് മുതിർന്നവരാക്കുന്നു. ഞാൻ പകവീട്ടും.’

‘പ്രതികാരത്തെക്കുറിച്ച് പറയരുത്.’ സ്കാർലറ്റ് തുടർന്നു: ‘നീതിക്കുവേണ്ടിയാണ് പോരാടേണ്ടത്. എന്റെകൂടെ വാ. നിന്നെപ്പോലൊരു ധീരനെ ഞങ്ങൾക്കു വേണം.’

‘ആയ്, ആയ്’ എന്ന് എല്ലാവരും ആഹ്ലാദശബ്ദം പുറപ്പെടുവിച്ചു.

‘നിങ്ങളുടെ യജമാനനെ വഞ്ചിക്കാതെ നിന്നതുകൊണ്ടാണ് വൃദ്ധനായ മച്ചിനെ ഇവർ കൊന്നുകളഞ്ഞത്. റോബിൻ ഹുഡിനെയും റിച്ചാർഡ് രാജാവിനെയും ദൈവം രക്ഷിക്കട്ടെ.’

# ലോക്സ്ലിയിലെ റോബർട്ട് നിയമഭ്രഷ്ടനായതെങ്ങനെ?

വിരുന്നു കഴിഞ്ഞ രാത്രിയിൽ ലോക്സ്ലി ഹാളിൽ സ്ഥിതി ശാന്തം. അടുത്തദിവസം റോബർട്ട് ഫിറ്റ്സൂതും മരിയൻ ഫിറ്റ്സ് വാൾട്ടറും തമ്മിലുള്ള വിവാഹം നടക്കും.

റോബർട്ട് ഏൾ, അതിഥികളെ സ്വീകരിച്ചുകൊണ്ട് നെരിപ്പോടിനടുത്ത് നില്ക്കുന്നു.

മുപ്പതു വയസ്സു തോന്നിക്കുന്ന, തവിട്ടുമുടിയുള്ള സുന്ദരനായ ഒരു യുവാവ് കടന്നുവന്നു. അയാൾക്ക് ദ്രുതചലനങ്ങൾ! എന്നാലോ, ബദ്ധപ്പാടൊട്ടില്ലതാനും!

ലേഡി മരിയൻ ഫിറ്റ്സ്‌വാൾട്ടർ യുവാവിനു സമീപം ചെന്നുനിന്നു. അവൾക്ക് അയാളെക്കാൾ അഞ്ചു വയസ്സ് പ്രായക്കുറവ് കാണുന്നുണ്ട്. നല്ല പൊക്കമുള്ള സുന്ദരി. ശക്തയും നിർഭയയുമാണെന്ന് കണ്ടാലറിയാം.

എല്ലാവരും പാനോപചാരം ചെയ്യുന്നു. ഗാനത്തിൽ പങ്കെടുക്കുന്നു.

വൈകിയെത്തിയ രണ്ടു നാടോടികളോടൊപ്പം കാര്യസ്ഥൻ വോർമാൻ ഉണ്ട്.

ലിങ്കൺ പച്ചനിറത്തിൽ ഉടുപ്പു ധരിച്ച ഒരുകൂട്ടം വനജോലിക്കാർ വാതിലിന്നടുത്തുനിന്ന് പാടാൻ തുടങ്ങി:

'റോബിനും റിച്ചാർഡും നീണാൾ ജീവിക്കട്ടെ. ജോൺ തുലഞ്ഞുപോകട്ടെ.'

'അപ്പോൾ എന്നെ തിരിച്ചറിഞ്ഞിട്ടില്ല.' ഇരുണ്ടനിറക്കാരൻ നാടോടി പറഞ്ഞു.

പൊക്കമുള്ള ഒരു വനപാലകൻ ഒരു ബാലനെ കൈയ്ക്കു പിടിച്ചുവരുന്നു.

രണ്ടാമൻ ഞെട്ടി: 'അത് ആ മച്ചിന്റെ മകനാണല്ലോ.'

മാസ്റ്റർ വോർമാൻ ഇതിന്റെ അർത്ഥമെന്ത്?'

'ഞാൻ അമ്പെയ്തു കൊന്നവന്റെ മകനെ കൊണ്ടുവന്നത് റോബർട്ടിന്റെ ആളായ സ്കാത്‌ലോക് ആണ്,'

'റോബർട്ട് ഫിറ്റ്സൂത് ഭൂമി വിറ്റ് പണം ദുരുപയോഗപ്പെടുത്തുന്നു. അയാളെ ഭ്രഷ്ട നാക്കണം. പിന്നെ വധിക്കണം. ലേഡി മരിയന് ഭർത്താവില്ലാതാവും. ഗിസ്ബോണിന് അവളെ പിടിച്ചുകൊടുക്കണം. അയാളെനിക്ക് നല്ലൊരു തുക തരും.'

ആരുംതന്നെ നാടോടികളെ സംശയിച്ചില്ല.

പള്ളിയിൽ മരിയൻ ശാന്തമായി നില്ക്കുന്നു. എന്നാൽ അച്ഛൻ ഫിറ്റ്സ്‌വാൾട്ടർ എ ന്തോ വിഷമത്തിലാണ്. റോബർട്ട് ഏൾ വില്ലാളികളോടൊപ്പം കുതിരപ്പുറത്തു വന്നു. അയാൾ മാത്രം ഉള്ളിൽ വന്ന് മരിയനു സമീപം നിന്നു.

തടിച്ച കുള്ളൻ മഠാധിപതി ചടങ്ങ് ആരംഭിച്ചു.

കർമ്മം പൂർത്തിയാവുംമുമ്പ് ഊരിപ്പിടിച്ച വാളുമായി ഒരു സൈനികയോദ്ധാവും ആയുധധാരികളായ കുറെ അനുചരന്മാരും കടന്നുവന്നു.

'ഇത് ദൈവനിന്ദയാണ്.' മഠാധിപതിയുടെ ഭയവും അമർഷവും കലർന്ന സ്വരം.

'പിടിക്കവനെ. ഞാൻ സർ ഗൈ ഓഫ് ഗിസ്ബോൺ. ചടങ്ങു തടയാൻ കല്പനയു ണ്ട്. ഇത് വായിക്ക്.'

'റോബർട്ട് ഫിറ്റ്സൂത് അഥവാ റോബർട്ട് ഏൾ ഓഫ് ഹണ്ടിങ്ടൺ എന്ന റോബിൻ ഹുഡ് നിയമവിരുദ്ധനാണ്. അവന്റെ വസ്തുവകകൾ കണ്ടുകെട്ടുന്നു.'

'രാജകല്പനയാണെങ്കിൽ അതിലെ മുദ്ര കാണിക്ക്. ഞാൻ കാണിച്ച രാജവഞ്ചന എ ന്താണെന്നു പറയ്.'

'മില്ലറുടെ മകനെ റോബിൻ ഹുഡ് വിടുവിച്ച് ലോക്സ്ലി ഹാളിൽ പാർപ്പിച്ചില്ലേ?'

‘അതിനെന്ത്? നീയെന്നെ റോബിൻ ഹുഡ് എന്നു വിളിച്ചു. പ്രിൻസ്ജോൺ ആ പേരുകേട്ട് ഭയത്തോടെ ജീവിക്കുന്നു. സാധുക്കളെ കൊള്ളയടിക്കുന്ന ബിഷപ്പുമാർക്കും മഠാധിപതികൾക്കും എന്നെ ഭയമാണ്. റിച്ചാർഡ് രാജാവ് വീണ്ടും വരും. ഇംഗ്ലണ്ടിലെ ഈ നല്ല ഭൂമിയിൽ നീതി കൈവരും.’

‘ലേഡി മരിയൻ, നീ ഏൾ ഓഫ് ഹണ്ടിങ്ടനെ സ്നേഹിച്ചുവോ? ഷെർവുഡ് വനത്തിലെ പച്ചിലച്ചാർത്തിലേക്ക് തിരിച്ചുവന്ന റോബിൻഹുഡിനെ സ്നേഹിച്ചുവോ?’

‘ഇല്ല. ഞാൻ ഒരു മനുഷ്യനെ സ്നേഹിക്കുന്നു. അയാളുടെ ഭാര്യയാവും ഞൻ.’

‘ലോഡ് ഫിറ്റ്സ് വാൾട്ടർ, അങ്ങയുടെ മകളെ അങ്ങയുടെതന്നെ സംരക്ഷണത്തിൽ വിട്ടുതരുന്നു. റിച്ചാർഡ് രാജാവ് തിരിച്ചെത്തുമ്പോൾ അവളെ എന്റെ കൈകളിൽ ഏല്പിക്കട്ടെ.’

‘പ്രിയമുള്ളവളേ, ഇപ്പോൾ നീ അച്ഛനോടൊപ്പം പോവുക. ഇവരെയെല്ലാം ഓടിച്ച്, ഗ്രീൻവുഡിൽ ഞാനെന്റെ കോടതി സ്ഥാപിക്കും.’

‘നീതന്നെ എല്ലാ കുറ്റവും സമ്മതിച്ചല്ലോ. വാളുവച്ച് കീഴടങ്ങ്.’

മിന്നൽപിണരെന്നവണ്ണം റോബിന്റെ വാൾ ഉയർന്നു. ഗിസ്ബോണിന്റെ ഹെൽമറ്റ് തകർന്നു. അയാൾ ബോധഹീനനായി നിലംപതിച്ചു.

‘ഇവിടെ കൊലപാതകം.’ മഠാധിപതി വിളിച്ചുകൂവി. എല്ലാവരും തിക്കിത്തിരക്കി പുറത്തേക്കോടുന്നു. റോബിന്റെ അനുയായികൾ ഗിസ്ബോണിന്റെ അനുചരന്മാർക്കു നേരേ തുടരെ അമ്പുകൾ വിട്ടു.

ഫിറ്റ്സ്വാൾട്ടർ പ്രഭുവും മരിയനും ആർലിങ്ഫോഡ് കോട്ടയുടെ ദിശയിലാണെന്ന് ബോധ്യപ്പെട്ടപ്പോൾ റോബിൻ പടയാളികൾക്ക് അടയാളം നല്കി. ഷെർവുഡ് വനത്തിലൂടെ ലോക്സ്ലി ഹാളിന്റെ ദിശയിലേക്ക്.

ഗിസ്ബോൺ സാവധാനം എഴുന്നേറ്റിരുന്നു.

മഠാധിപതി, ഗിസ്ബോണിനെ ഭക്ഷണത്തിനു ക്ഷണിച്ചു.

‘അവനൊരു പോക്കിരിതന്നെ.’ ഞെട്ടലിൽനിന്നു മുക്തിനേടാൻ മഠാധിപതി വീണ്ടും വീണ്ടും കുടിച്ചുകൊണ്ടിരുന്നു.

‘അവൻ ആപൽക്കാരിയാണ്. ഗിസ്ബോൺ പറഞ്ഞു.

‘റോബർട്ട് ഏൾ നല്ലൊരു മനുഷ്യനാണ്. ഇംഗ്ലണ്ടിലെ ഏറ്റവും നല്ല വില്ലാളിയും.’ ബ്രദർ മൈക്കേൽ അഭിപ്രായപ്പെട്ടു.

‘ബ്രദർ മൈക്കേൽ, ബ്രദർ മൈക്കേൽ, നിന്റെ വാക്കുകൾ രാജ്യദ്രോഹമാണ്.’

‘ഇപ്പോഴവൻ ഭ്രഷ്ടനാണ്. ഒരമ്പ് അവന്റെ ഹൃദയത്തിൽ എത്രയും നേരത്തേ കൊള്ളുന്നുവോ, അത്രയും നന്ന്.’ ഗൈയുടെ വിലാപം.

‘ഇത്തരമൊരാളെ ഭ്രഷ്ടനാക്കുന്നത് കൂടുതൽ ആപൽക്കരമാണ്. അവന്റേതായതെല്ലാം നിങ്ങൾ തട്ടിയെടുത്തു ജീവിക്കാനാണ് അവൻ കൊള്ള ചെയ്യുന്നത്. നിങ്ങൾക്കാർക്കും അവനിൽനിന്നു രക്ഷപ്പെടാനാവില്ല.’ മൈക്കൽ വീണ്ടും അഭിപ്രായപ്പെട്ടു.

‘ഫിറ്റ്സ്വാൾട്ടർ പ്രഭു തന്റെ മകളെ ഫിറ്റ്സൂതിനു കൊടുക്കാനിടയായതെങ്ങനെ? അവൻ റോബിൻ ഹുഡ് ആണെന്ന് അറിഞ്ഞിരുന്നില്ലേ?’ ഗൈ ചോദിച്ചു.

‘അവളൊരു നല്ല പെൺകുട്ടിയാണ്. അവൾക്കനുയോജ്യൻ റോബിൻഹുഡ്തന്നെ.’ മൈക്കേൽ അഭിപ്രായപ്പെട്ടു.

‘ഒരു പാതിരിയുടെ കുപ്പായം നിന്റെ ദേഹത്ത് ഇല്ലായിരുന്നെങ്കിൽ ഞാൻ നിന്റെ

തലയെടുക്കുമായിരുന്നു.' ഗൈ ആക്രോശിച്ചു.

'നിനക്കു ഞാൻ ശിക്ഷ വെച്ചിട്ടുണ്ട്.' മഠാധിപതി.

'അതിന് ഞാനിവിടെ നില്ക്കുന്നില്ല. ആർലിങ്ഫോർഡ് കോട്ടയിലേക്ക് എനിക്കു ക്ഷണമുണ്ട്.'

'ഞാനും വരാം.' ഗൈ പറഞ്ഞു.

# ഷെർവുഡ് വനത്തിലെ നിയമഭ്രഷ്ടർ

സർ ഗൈ ഓഫ് ഗിസ്ബോൺ അതിരാവിലെ ആർലിങ് ഫോർഡ് കോട്ടയിലേക്ക് യാത്രയായി. ബ്രദർ മൈക്കലാണ് കൂട്ടിന്.

ഒരു പാട്ടു പാടിക്കൊണ്ടാണ് മൈക്കലിന്റെ സവാരി. അവനെ മഠത്തിൽനിന്നു പുറത്താക്കിയതാണ്. ഒരു നിയമഭ്രഷ്ടനെ പുകഴ്ത്തിയതിനാൽ, 'ഇനി മേലിൽ നീ ബ്രദർ അല്ല; ഇവിടെ വന്നകാലത്തെപ്പോലെ വെറും മൈക്കൽ ടക് ആണ്. ഇനി നിന്റെ മുഖം ഇവിടെ കണ്ടുപോയാൽ ഞാൻ വാതിലടയ്ക്കും.' കുപിതനായ മഠാധിപതി പറഞ്ഞു.

'എന്നാൽപ്പിന്നെ ഞാൻ പോകുന്നു. കഴിവുണ്ടെങ്കിൽ വീണ്ടും പിടിക്കാം.' മൈക്കൽ പാടിക്കൊണ്ട് യാത്രയായി:

'കേട്ടാലും, നായ്ക്കൾ കുരയ്ക്കുന്നു,
കാട്ടുമാനിന്റെ ഗുഹയെ നോക്കി
നായ്ക്കൾ വീണ്ടും കുരയ്ക്കുന്നു
വേട്ടക്കാരൻ കാലത്തെണീറ്റു
ഗുഹയോ ശൂന്യം; മാനില്ല
എവിടെയെന്നുമറിയില്ല!'

കോട്ട കണ്ടപ്പോൾ അവൻ പാട്ടു നിർത്തി.

'തിരിച്ചുപോകയാണു നല്ലത്, പ്രഭോ.'

'എന്തിന്? ഫിറ്റ്സ് വാൾട്ടർ പ്രഭുവിന് എന്തായാലും റോബിൻ ഹുഡിനെ അംഗീകരിക്കാനാവില്ല.' അവൻ ചിരിച്ചു.

ലേഡി മരിയൻ ഫിറ്റ്സ്വാൾട്ടറിന് അതു സാധിക്കും. ഒരു സൂചിയെക്കാൾ അവർക്കു വഴങ്ങുക, അമ്പുതന്നെ.'

പ്രഭു അവരെ സ്വീകരിച്ചു.

'എന്റെ മകളെ ഒരു നിയമഭ്രഷ്ടൻ വിവാഹം ചെയ്യണോ? ഒളിച്ചുനടക്കുന്നവൻ! വേണ്ട, നിങ്ങളെനിക്ക് വലിയൊരുപകാരമാണ് ചെയ്തത്. ഇനി അവനുമായി ഒരു ഇടപാടുമില്ലെനിക്ക്; എന്റെ മകൾക്കും.'

'എന്നാൽ പള്ളി പകുതി കല്യാണം നടത്തിയല്ലോ.' മൈക്കൾ തുടർന്നു: 'അവളുടെ ഹൃദയം, അത് പൂർണ്ണമാക്കുകയും ചെയ്തു.'

'ചടങ്ങ് പൂർത്തിയായില്ല. അതുകൊണ്ട് ഞാനതു വകവയ്ക്കുന്നില്ല.'

'കല്യാണം സ്വർഗ്ഗത്തിലാണ് നടക്കുക. സ്നേഹം ദൈവത്തിന്റെ വേലയാണ്. ഞാനൊന്നും പറയുന്നില്ല.'

'ചടങ്ങ് പകുതിവച്ച് നിലച്ചു. അതിനാൽ സ്വർഗ്ഗത്തിൽനിന്ന് അംഗീകാരം ഇല്ലെന്നുറപ്പ്. മാത്രമല്ല ഞാനെന്റെ മകളെ ഹണ്ടിങ്സൺ പ്രഭുവിനാണ് നല്കുക.'

'കോർ-ഡി-ലയൺ അന്തസ്സുള്ള രാജാവുതന്നെ. ഫിറ്റ്സൂത് അന്തസ്സുള്ള മാടമ്പിയും.'

'അവനു മാപ്പില്ല.' സർഗൈ ഇടപെട്ടു. അവൻ രാജാവിന്റെ പ്രജകളെ കൊല്ലുന്നു. ഷെരീഫിനെ അവമാനിക്കുന്നു.'

ഫിറ്റ്സ്വാൾട്ടർ ദേഷ്യംകൊണ്ടു ചുവന്നു. ആ സമയം ലേഡി മരിയൻ കടന്നുവന്നു.

ലിങ്കൺ പച്ചവേഷം, കൈകളിൽ ഒരു വില്ലും ആവനാഴിയിൽ അമ്പുകളും.
'എവിടേക്ക്?' പിതാവ് അലറി.
'ഗ്രീൻവുഡിലേക്ക്.' അവൾ ശാന്തയായി മൊഴിഞ്ഞു.
'പോകരുത്.'
'ഞാൻ പോവുകയാണ്.'
'ഞാൻ പാലം വലിക്കും.'
'ഞാൻ നീന്തും.'
'ഞാൻ ഗേറ്റ് പൂട്ടും.'
'ഞാൻ ചാടിക്കടക്കും.'
'മുകളിലെ മുറിയിൽ പൂട്ടിയിടും.'
'ഞാൻ യവനിക തൂക്കിയിട്ട് അതിൽ പിടിച്ചിറങ്ങും.'
'ഞാൻ നിന്നെ ഗോപുരമുറിയിൽ പൂട്ടിയിടും.'
'ഞാനൊരു രക്ഷാമാർഗ്ഗം കണ്ടെത്തും. അച്ഛാ, എന്നെ സ്വതന്ത്രമായി വിട്ടാൽ ഞാൻ സ്വമനസ്സാലെ തിരിച്ചുവരും. പക്ഷേ, ഒരിക്കൽ പൂട്ടിയിട്ടാൽ, എനിക്ക് പുറത്തു കടക്കാനായാൽ പിന്നീടൊരിക്കലും തിരിച്ചുവരില്ല. റോബിൻ എന്നെ കാട്ടിൽ കാത്തിരിപ്പുണ്ട്. ഇന്നലെ പകുതിയാക്കിവച്ച കർമ്മം ഇന്നു പൂർത്തിയാക്കും.'
'നിങ്ങൾ നന്നായി സംസാരിക്കുന്നു.' മൈക്കൽ അഭിപ്രായപ്പെട്ടു.
'മോശമായി സംസാരിക്കുന്നു.' ഫിറ്റ്സ്‌വാൾട്ടർ അലറി: 'ഈ നിമിഷം ഇവിടന്ന് പുറത്തു പോ. നീ റോബിൻ ഹുഡുമായി കൂട്ടുകൂടിയിരിക്കുന്നു. അതെനിക്കറിയാം. വീണ്ടും വന്നാൽ ഞാൻ നിന്നെ ചാട്ടവാറുകൊണ്ടടിക്കും; പാതിരിയായാലും.'
'ഞാൻ പോകുന്നു. നദീതീരത്തെ സന്ന്യാസിമഠത്തിലേക്ക്.'
അവൻ പാടിക്കൊണ്ട് നടന്നുപോയി:
'സന്ന്യാസിമഠം തേടിപ്പോണൂ ഞാൻ
ജപമണികൾ ചൊല്ലും ഞാൻ ഏകനെന്ന്...
എൻ ചെലവാരു വഹിച്ചീടുമോ?
എൻ പ്രാർത്ഥനയുടെ ചുങ്കം മതി...
'അയാൾക്കത്ര മതി.' ഫിറ്റ്സ് വാൾട്ടർ പറഞ്ഞു: 'ഇനി ആ തലതിരിഞ്ഞ പെണ്ണിനോ?'
'ഒരു ഭർത്താവ്.' സർ ഗൈ അർത്ഥംവച്ച് പറഞ്ഞു: 'അവളെ അടക്കിനിർത്താൻ അതാണു വേണ്ടത്.'
'ങ്ഹാ, ഒരു ഭർത്താവ്. ഞാൻ തിരഞ്ഞെടുത്തവൻ. പ്രിൻസ് ജോണുമായി പൊരുത്തപ്പെടുന്ന, ഭൂമിയും സമ്പത്തുമുള്ള ഒരു സൈനികപ്പടയാളിയാണ് നല്ലത്.'
അയാൾ ഗിസ്‌ബോണിനെ അടിമുടി നോക്കി:
'അച്ഛൻ തിരഞ്ഞെടുക്കുന്നവനെ എനിക്കു വേണ്ട. ഞാൻ റോബിൻഹുഡിനെയാണ് വരിക്കുക.'
'ഞാൻ നിന്നെ ഇരുട്ടറയിൽ അടയ്ക്കും.' അയാൾ അലറി.
'എന്നെ രക്ഷിക്കാൻ റോബിൻ കോട്ട പൊളിക്കും.' പിന്നെ ഗൗരവത്തിൽ പറഞ്ഞു: 'അച്ഛാ, എന്നെ ഗ്രീൻവുഡിൽ പോകാനനുവദിക്ക്. ഞാൻ തിരിച്ചുവരും. അച്ഛന്റെ അനുവാദമില്ലാതെ ഒന്നുമില്ല. അല്ലെങ്കിൽ റിച്ചാർഡ് രാജാവ് തിരിച്ചെത്തി, ഞങ്ങളെ വിവാഹം കഴിപ്പിക്കുന്നതുവരെ.'

അച്ഛന് ഒരു ചുംബനം അർപ്പിച്ച് അവൾ പെട്ടെന്ന് പുറത്തിറങ്ങിപ്പോയി.

'റോബിൻ ഹുഡിനെ പിടിച്ചുകെട്ടിയശേഷംമാത്രം നീ എന്റെ മകളെ ചോദിക്കാൻ ഇവിടെ വന്നാൽ മതി.'

'ഞാൻ എല്ലാ തന്ത്രങ്ങളും ഒരുക്കിയിട്ടുണ്ട്. ഞാൻ മഠത്തിലേക്കു പോകുന്നു.'

തനിക്ക് ഒരുക്കിയ കെണിയെപ്പറ്റി റോബർട്ട് ഫിറ്റ്സൂത് എന്ന റോബിൻ ഹുഡ് ബോധവാനായിരുന്നു.

വിവാഹമണ്ഡപത്തിൽനിന്ന് പുറത്തുപോകേണ്ടിവന്ന റോബിൻഹുഡും കൂട്ടുകാരും ഷെർവുഡ് വനത്തിലേക്കാണു പോയത്.

'ഞാൻ റോബിൻ ഹുഡ് ആണെന്നു നിങ്ങൾക്കറിയാമല്ലോ. അനേക വർഷങ്ങളായി പ്രഭുക്കളുടെ, ഭൂപ്രമാണിമാരുടെ, ബിഷപ്പിന്റെ, മഠാധിപരുടെ, ഷെരീഫിന്റെയെല്ലാം ക്രൂരതയും അനീതിയും എന്റെ നേരേ പ്രയോഗിക്കപ്പെടുന്നു. ഇനി നിങ്ങൾ സ്വതന്ത്രരാണ്. ഞാൻ ഗ്രീൻവുഡിലേക്കു പോകുന്നു. അവിടെ കൂട്ടുകാർ എന്നെ കാത്തുനില്പാണ്. എന്നെ അവരുടെ നേതാവാക്കിയതാണ്. നല്ല അമ്പെയ്ത്തുകാരനോ പ്രഭുവോ ആയതുകൊണ്ടല്ല. ഭരിക്കാൻ ഒരാൾ വേണം. ഞാൻ അത്തരം ഒരു വംശത്തിൽപ്പെട്ട ആളുമാണ്.

'എന്റെ കൂടെ ഇനിയും നില്ക്കാൻ ആഗ്രഹമുള്ളവർക്ക് ഒപ്പം വരാം. കുടുംബമുള്ളവർ ഏതായാലും മടങ്ങിപ്പോകണം. ഞാൻ ഇനി മേലിൽ റോബർട്ട് ഫിറ്റ്സൂതോ ഹണ്ടിങ്ടൺ പ്രഭുവോ അല്ല; റോബിൻ ഹുഡ് മാത്രമാണ്.

'എല്ലാവരും നീതിക്കും കാരുണ്യത്തിനുംവേണ്ടി നിലകൊള്ളണം. ദൈവസ്നേഹവും വേണം. വഞ്ചന ഒരിക്കലും അരുത്. റിച്ചാർഡ് തിരിച്ചുവരുമ്പോൾ ഇവിടത്തെ ഭീകരഭരണത്തിന് അന്ത്യം കുറിക്കും.'

കുറച്ചുപേർ നിശ്ശബ്ദം പിരിഞ്ഞുപോയി.

റോബിൻ ഹുഡും ബാക്കിയുള്ളവരും ഷെർവുഡ് വനാന്തർഭാഗത്തേക്കു നീങ്ങി. ഉയരംകൂടിയ ഓക്കുമരങ്ങൾ ധാരാളമുള്ള സ്ഥലം. കുത്തനെയുള്ള ചരിവുകളിൽ വലിയ ഗുഹകൾ. ഇരുവശങ്ങളിലും ബിർച്ച്, എൽമ്, ചെസ്റ്റ്നട്ട് മരങ്ങൾ, മുൾക്കാടുകൾ, കുതിരയെയും മനുഷ്യനെയുംകൂടി കീഴ്പ്പെടുത്തുന്ന വലിയ ചതുപ്പുനിലങ്ങൾ.

അവസാനഭാഗം വഴി ഇടുങ്ങിയതാണ്.

ഒരു വെളിസ്ഥലത്തെത്തി റോബിൻ ഹുഡ് ഒരു കുഴൽ വിളിച്ചു.

ലിങ്കൺപച്ചവേഷവും തവിട്ടുനിറത്തിലുള്ള ലെതർ ഷൂസും അണിഞ്ഞ ചുറുചുറുക്കുള്ള കുറേപ്പേർ, രണ്ടു വീതമായി ഗുഹകളിൽനിന്ന് പുറത്തിറങ്ങി വന്നു. വെളിസ്ഥലത്ത് രണ്ടു വലിയ തീക്കുണ്ഡങ്ങൾ ഉണ്ടാക്കി. വേട്ടമൃഗങ്ങളെ അതിലിട്ടു വേവിച്ചു. പിന്നെ തവിട്ടുറൊട്ടിയും രണ്ടു ബാരൽ നിറയെ വീഞ്ഞും.

ഇരുട്ടു കനത്തതോടൊപ്പം വീണ്ടും ആളുകൾ വരാൻ തുടങ്ങി. അൻപതറുപതു പേർ എത്തി.

'നാം കള്ളന്മാരല്ല; രാജ്യഭ്രഷ്ടന്മാർ മാത്രമാണ്.' റോബിൻ ഹുഡ് അവരെ ഓർമിപ്പിച്ചു: 'ജീവിക്കാൻവേണ്ടി മാത്രമാണ് മാനുകളെ കൊല്ലേണ്ടിവരുന്നത്. രാജാവ് തിരിച്ചുവരുമ്പോൾ ഞാനതിന് ക്ഷമായാചനം ചെയ്യുന്നതാണ്. സമൂഹത്തിലെ മാന്യന്മാരോടു ചേർന്നു നടക്കുന്ന കള്ളന്മാരെയും കൊള്ളക്കാരെയും പൂഴ്ത്തിവയ്പുകാരെയും നാം എതിർക്കണം. പ്രിൻസ് ജോണിനൊപ്പം നടക്കുന്ന

ഷെരീഫ് അധികാരം ദുരുപയോഗം ചെയ്യുന്നു. അയാളെയും തുരത്തണം.

'ഒരു സ്ത്രീയെയും യാതൊരു കാരണവശാലും ദ്രോഹിക്കാൻ പാടില്ല. ആവശ്യമെങ്കിൽ അവർക്ക് സഹായം എത്തിക്കുകയും വേണം. യേശുമാതാവിന്റെ പേരിൽ നാം പ്രതിജ്ഞ എടുക്കുന്നു.'

ആ വെളിമ്പ്രദേശത്ത് അവർ മുട്ടുകുത്തി പ്രതിജ്ഞയെടുത്തു. ഇരുണ്ട വനാന്തരങ്ങളിൽ കൂമന്മാർ മൂളി. ചിലപ്പോൾ ചെന്നായ്ക്കൾ ഓരിയിടുന്ന ഒച്ച കേട്ടു.

# സ്കാർലെറ്റിന്റെ രക്ഷപ്പെടൽ

അടുത്ത പ്രഭാതത്തിൽ റോബിൻ ഹുഡ് വിൽ സ്കാർലറ്റിനെയും മച്ചിനെയും ലോക്സ്ലി ഹാളിലേക്കയച്ചു.

ചാരനിറത്തിലുള്ള വീടിന്റെ പരിസരത്ത് അവർ എത്തി. ഷെരീഫിന്റെ ആയുധധാരികൾ വീടിന്റെ ഗോപുരമുകളിലും വാതിലിനു സമീപവും ചുവടുറപ്പിച്ചിട്ടുണ്ട്. ഗേറ്റിനു പുറത്ത് പാവപ്പെട്ട കൃഷിക്കാരും കുടിയാന്മാരും വീട്ടിലെ ഭൃത്യന്മാരും കൂട്ടംകൂടി നില്ക്കുന്നു. മച്ചിനെ അവിടെത്തന്നെ നിർത്തി, തന്റെ വില്ലും അമ്പും അവിടെവച്ച് വിൽ സ്കാർലറ്റ് കൃഷിക്കാരുടെ സമീപമെത്തി.

ഷെരീഫും അനുചരന്മാരും വീട്ടിനുള്ളിലുണ്ട്. പ്രിൻസ് ജോണിന്റെ പേരിൽ അവർ സ്ഥലം കൈയടക്കിയതാണ്. പ്രിൻസ് ജോണിനു പണവും ഷെരീഫിനും വോർമാനും സമ്മാനങ്ങളും നല്കിയാൽ മാത്രമേ കൃഷിചെയ്യാൻ അനുവദിക്കൂ.

ഞാൻ ഇരുപതു വർഷം ജോലി ചെയ്തുണ്ടാക്കിയ സമ്പാദ്യം ഇവിടെയാണ്. അതവർ പിടിച്ചെടുക്കില്ലല്ലോ.

ഹാളിന്റെ വശത്തുള്ള വീട്ടിലേക്ക് സ്കാർലറ്റ് സാവധാനം നടന്നുചെന്നു. തട്ടിൻപുറത്ത് സൂക്ഷിച്ച കിഴിയിൽനിന്ന് താക്കോലെടുത്ത് താൻ ഉപയോഗിച്ചിരുന്ന മുറി തുറന്നു. മരപ്പെട്ടിയിൽനിന്ന് രണ്ടു തോൽസഞ്ചികൾ എടുത്തു. വലിയ സഞ്ചി വസ്ത്രങ്ങളോടൊപ്പം ഭാണ്ഡമാക്കി. ചെറിയത് താക്കോൽ സൂക്ഷിച്ചിരുന്ന ഉറയിലും വെച്ചു.

ആരാലും ശ്രദ്ധിക്കപ്പെടാതെ വിൽ സ്കാർലറ്റ് പടികൾ ഇറങ്ങുന്നു. പെട്ടെന്ന് ഗൈ ഗിസ്ബോണും അനുയായികളും മുമ്പിലെത്തി. അവർ പള്ളിയിൽ പോയിവരികയാണ്.

'എന്താണിവിടെ?' അയാൾ ചോദിച്ചു.

'ഞാൻ കഴിഞ്ഞ ഇരുപതു വർഷം എന്റെ യജമാനനുവേണ്ടി ജോലിചെയ്യുകയായിരുന്നു. ഇപ്പോൾ എന്റെ യജമാനൻ ഭ്രഷ്ടനാക്കപ്പെട്ടു. ഞാൻ എന്റെ ഉപജീവനം തേടിപ്പോകുന്നു.'

'ശരി, നിനക്കിഷ്ടമില്ലെങ്കിൽ ഇവിടെ തുടരേണ്ടതില്ല. മാറാപ്പിൽ എന്താണ്?'

'എന്റെ സമ്പാദ്യം. തുണിയും ഇരുമ്പുതൊപ്പിയും ഒരു ചങ്ങലയും. എന്റെ കിഴിയിൽ പത്തു സ്വർണ്ണനാണയങ്ങളും. എല്ലാം പണിയെടുത്തു സമ്പാദിച്ചത്.'

'കടന്നുപോ. എനിക്ക് നിന്നോട് കലഹമില്ല. നിന്റെ യജമാനൻ ആയിരുന്ന റോബർട്ട് ഫിറ്റ്സൂത് എന്നു വിളിച്ചിരുന്ന റോബിൻ ഹുഡിനെയാണ് ഞങ്ങൾക്കു വേണ്ടത്.'

എന്നാൽ മച്ചിനെ നിർത്തിയിരുന്ന പൊന്തക്കാട്ടിൽ എത്തുന്നതിനുമുമ്പേ, വോർമാൻ, സ്കാർലറ്റിനെ പിടിക്കാൻ അലറിവിളിച്ചു. രക്ഷപ്പെടാൻ സമയം കിട്ടില്ലെന്ന് സ്കാർലറ്റിനു മനസ്സിലായി. തന്റെ വലിയ സഞ്ചിയിലെ സ്വർണ്ണക്കിഴിയുമായി മച്ചിനെ, ഒരു എല്മ് വൃക്ഷത്തിന്റെ പൊത്തിനുള്ളിൽ കയറ്റി ഒളിപ്പിച്ചു. പൊത്തിൽ കുറെ കുഞ്ഞുകൂമന്മാർ ഉണ്ട്.

കാട്ടിനുള്ളിലേക്ക് പത്തടികൂടി വയ്ക്കുംമുമ്പ് അശ്വാരൂഢർ അവനെ പിടിച്ചു.

'സർ ഗൈക്ക് നിന്നോടു സംസാരിക്കാനുണ്ട്.' സ്കാർലറ്റ് വോർമാനിൽനിന്ന് മുഖം കഴിയുന്നത്ര ഒളിപ്പിക്കാൻ ശ്രമിച്ചു.

അവർ സ്കാർലറ്റിനെ അടിമുടി പരിശോധിച്ചു. ചെറിയ കിഴിയിലെ പത്തു സ്വർണ്ണ നാണയങ്ങൾ പിടിച്ചെടുത്തതുമില്ല. പെട്ടെന്നാണ് വോർമാൻ അവന്റെ മുഖം കണ്ടത്.

'വിടരുതവനെ. അവൻ വിൽ സ്കാത്‌ലോക്ക് ആണ്. ഇവൻവഴി നമുക്ക് റോബിൻ ഹുഡിനെ കണ്ടെത്താം.'

'അവനെ ഗോപുരമുകളിൽനിന്ന് തൂക്കിയിട്.' സർ ഗൈ നിർദ്ദേശിച്ചു.

'പാടില്ല. അവനെ നോട്ടിങ്ഹാമിലേക്ക് കൊണ്ടുപോകണം. അവിടെ മാർക്കറ്റ് സ്ക്വയറിൽ പരസ്യമായി അവനെ വധിക്കണം. റോബിൻഹുഡിനെ തുണയ്ക്കുന്നവർക്ക് ഇതൊരു പാഠമായിരിക്കട്ടെ.'

'വഞ്ചകൻ ഞാനല്ല; ഈ നില്ക്കുന്ന വോർമാൻ ആണ്. തന്റെ യജമാനന്റെ ദയാവായ്പ് കവർന്ന്, തടിച്ചുകൊഴുത്ത് ഇപ്പോൾ അദ്ദേഹത്തെ വഞ്ചിക്കുന്നു.'

'റോബിൻ ഹുഡ് ഷെർവുഡ് വനത്തിലാണ്. കൂടുതലൊന്നും എനിക്കു പറയാനില്ല.'

സ്കാർലറ്റിനെ ഷെരിഫ് വിചാരണചെയ്തു. നോട്ടിങ്ഹാമിലെ ഒരു ഇരുട്ടറയിൽ അവൻ ബന്ധിതനായി.

കാട്ടിൽ പല തവണ വഴിതെറ്റിയെങ്കിലും മകൻ മച്ച് ഒരുവിധത്തിൽ റോബിൻ ഹുഡിന്നടുത്തെത്തി വിവരം പറഞ്ഞു.

'നമുക്കെല്ലാവർക്കുംകൂടി നോട്ടിങ്ഹാമിലേക്കു പോയി അവനെ രക്ഷപ്പെടുത്തണം. എന്നിട്ട് ഷെരീഫിനെയും വോർമാനെയും കൊല്ലണം.'

'ഷെരീഫ് അയാളുടെ ഡ്യൂട്ടി ചെയ്യുന്നുവെന്നേയുള്ളൂ. എന്നാൽ വഞ്ചകനായ വോർമാനെ വെറുതെവിടാൻ പാടില്ല.' റോബിൻ ഹുഡ് നിർദ്ദേശിച്ചു: 'ശക്തികൊണ്ട് കാര്യം നേടാനാവില്ല. തന്ത്രം പ്രയോഗിക്കണം.'

സംഘത്തിൽനിന്ന് വില്യം ഗോൾഡ് ബറോവിനെ വിളിച്ച് ചില നിർദ്ദേശങ്ങൾ നല്കി. അയാൾ ഒരുകാലത്ത് ഷെരീഫിന്റെ കീഴിൽ ജോലി ചെയ്തവനാണ്. ജയിലർമാരെയും ജീവനക്കാരെയും ആരാച്ചാരെയും അറിയാം.

അന്നുച്ചയ്ക്ക് ഗോൾഡ്ബറോ നോട്ടിങ്ഹാമിലേക്ക് യാത്രയായി. വിമുക്തഭടനായി ജോലി അന്വേഷിക്കുന്ന മട്ടിലാണ് യാത്ര.

പിറ്റേന്ന് അതിരാവിലെ റോബിൻ ഹുഡ് ആയുധധാരികളായ ഒരു സംഘത്തോടൊപ്പം യാത്രയായി. ലിങ്കൺപച്ചക്കുപ്പായവും ആയുധങ്ങളും മറയ്ക്കുന്നതിന് അവരെല്ലാം മേലങ്കി ധരിച്ചിട്ടുണ്ട്.

സംഘത്തെ വനാതിർത്തിയിൽ നിർത്തി, റോബിൻ ഹുഡ് വിവരമന്വേഷിക്കാൻ മുമ്പോട്ടു പോയി. വൈകാതെ ഒരു വൃദ്ധനുമായി തിരിച്ചുവന്നു. അയാളൊരു തീർത്ഥാടകനാണ്! നാടോടിയും.

'എപ്പോൾ എവിടെവച്ചാണ് സ്കാത്‌ലോക് എന്ന സ്കാർലറ്റ് വധിക്കപ്പെടുക എന്ന് നിങ്ങൾക്ക് പറയാമോ?'

'അതൊരു വലിയ കഷ്ടമാണ്. ഇന്നലെ രാത്രിയാണ് അയാളെ കൊണ്ടുവന്നത്. സാധുക്കളെ സഹായിക്കുന്ന റോബിൻ ഹുഡിന്റെ ആളാണെന്നു തോന്നുന്നു. കോട്ടയ്ക്കു മുമ്പിലെ പുൽത്തകിടിയിൽ ഇന്നുച്ചയ്ക്കാണ് കഴുവിലേറ്റുന്നത്.'

തൂക്കിക്കൊലയുടെ വാർത്ത നാടാകെ പരന്നു. ഉച്ചയ്ക്ക് കോട്ടവാതിൽ തുറന്നു. ഷെരീഫും ആയുധധാരികളായ ഡസൻകണക്കിന് പോലീസുകാരും എത്തി.

വൻ ജനാവലി സന്നിഹിതരായി. ജനക്കൂട്ടത്തിനു മുമ്പിൽ ഒരു വൃദ്ധൻ നാടോടി ഇരിപ്പുണ്ട്. അയാൾ ഉറക്കെ പറഞ്ഞു: 'ഒരാൾക്കുവേണ്ടി ഇത്രയേറെ സംരക്ഷണമോ?

ഉന്തും തള്ളും പ്രതീക്ഷിക്കുന്നുണ്ടോ, ഷെരീഫ്?'

അയാൾ വടിക്കു പകരം കുത്തിപ്പിടിച്ചത് അമ്പ്!

'ഒരു കുറുന്തടിയോ വടിയോ എല്ലാവരുടെയും കൈയിലുണ്ട്! അടുത്തിരിക്കുന്ന കൃഷിക്കാരനെന്നു തോന്നിക്കുന്ന ഒരാൾ പറഞ്ഞു: 'റോബിൻ ഹുഡ് ഇവിടെയെത്തി നേതൃത്വം തന്നാൽ മാത്രംമതി. പാവപ്പെട്ടവർക്ക് ഭക്ഷണവും പണവും എത്തിക്കുന്ന വിൽ സ്കാത്‌ലോക് ആണത്. ചിലരെല്ലാം വിൽ സ്കാർലെറ്റ് എന്നും പറയും.'

കഴുമരത്തിനടുത്ത് ബന്ധിതനായ സ്കാത്‌ലോക്കിനു അവസാനമായൊന്നു സംസാരിക്കാൻ ഷെരീഫ് അനുമതി നല്കി.

അയാൾ ഉറക്കെ സംസാരിച്ചു:

'ഞാൻ സ്കാത്‌ലോക്ക് ആകുന്നു. ഞാൻ വോർമാൻ അല്ല. എന്റെ ജീവനുവേണ്ടിയായാൽപോലും എന്റെ യജമാനനെ വഞ്ചിക്കുകയില്ല. റോബിൻ ഹുഡ് ഷെർവുഡ് വനത്തിലാണ്. അദ്ദേഹത്തോട് സംസാരിക്കണമെന്നുള്ളവർക്ക് അവിടേക്കു പോകാം.'

'ഞങ്ങൾ തിരഞ്ഞുകണ്ടോളാം. എന്നിട്ട് ഇവിടെ നിന്റെ അസ്ഥിക്കു സമീപംതന്നെ തൂക്കാം.' ഷെരീഫ് അലറി. പിന്നെ അയാൾ പ്രഖ്യാപിച്ചു: 'വില്യം സ്കാത്‌ലോക് എന്ന സ്കാർലറ്റിനെ ഇവിടെ തൂക്കിലേറ്റുന്നു. വഞ്ചകരായ എല്ലാവർക്കുമുള്ള മുന്നറിയിപ്പാണിത്.'

സ്കാർലറ്റ് ജനക്കൂട്ടത്തിലേക്കു നോക്കി. രക്ഷപ്പെടാനുള്ള യാതൊരു സാഹചര്യവും കാണുന്നില്ല. അയാൾ ഷെരീഫിനോട് അഭ്യർത്ഥിച്ചു:

'അവസാനമായി ഒരപേക്ഷയുണ്ട്. എന്റെ യജമാനനായ റോബിൻ ഹുഡിന്റെ അനുയായികൾക്ക്, തൂക്കിക്കൊല്ലൽപോലെ അവമാനകരമായ സ്ഥിതി ഉണ്ടായിട്ടില്ല. എന്റെ കെട്ടുകൾ പൊട്ടിച്ച് എനിക്കൊരു വാൾ തരണം. ആയുധധാരികളായ അങ്ങയുടെ ആളുകൾ എല്ലാം ഒന്നിച്ച് എന്നോട് യുദ്ധം ചെയ്ത് എന്നെ വധിക്കട്ടെ.'

'അതനുവദിക്കാനാവില്ല.'

'എന്റെ കൈകൾ സ്വതന്ത്രമാക്കുകയെങ്കിലും ചെയ്യൂ. അങ്ങയുടെ ആളുകൾ എന്നെ വെട്ടിക്കൊല്ലട്ടെ.'

'നിന്നെ തൂക്കിക്കൊല്ലാനാണ് കല്പന.'

'അതു പറ്റില്ല. നീ നീചനും ഭീരുവുമാണ്. നീയും നിന്റെ കൂലിക്കൊലയാളികളും എന്റെ യജമാനൻ റോബിൻ ഹുഡിന് ഒപ്പം വരില്ല. നിങ്ങൾക്ക് നല്ല പ്രതിഫലമാണ് കിട്ടുക!'

ഷെരീഫ് ഒരുക്കിനിർത്തിയിരുന്ന ആരാച്ചാരെ അന്വേഷിച്ചു. തലേദിവസം ഒരു സുഹൃത്ത് സൽക്കരിച്ച്, അമിതമായി മദ്യം കുടിച്ച അയാൾ സ്വന്തം മുറിയിൽ മയങ്ങിക്കിടക്കുകയായിരുന്നു.

ഷെരീഫ് തന്റെ സംഘാംഗങ്ങൾ ഓരോരുത്തരോടും ആരാച്ചാരുടെ കടമ നിർവ്വഹിക്കാൻ കല്പിച്ചു. എന്നാൽ എല്ലാവരും വിനയത്തോടെ വിസമ്മതിക്കുകയാണുണ്ടായത്.

ഒടുവിൽ കാണികളായ ജനക്കൂട്ടത്തോട് അഭ്യർത്ഥിച്ചു. കൂലി ഇരട്ടി തരാമെന്ന പ്രലോഭനവും.

കാണികൾ അനങ്ങിയില്ല. മുൻനിരയിലെ കിഴവൻ നാടോടി സാവകാശം എഴുന്നേറ്റ് മുമ്പോട്ടു നടന്നു: 'ഞാൻ ചെയ്യാം. എനിക്ക് ഇയാളോട് മുമ്പേതന്നെ പകയുണ്ട്.'

എതിർപ്പിന്റെ സ്വരങ്ങൾ ജനക്കൂട്ടത്തിൽനിന്നുയർന്നു. ഏതാനും പേർ മണ്ണുവാരി അയാളെ എറിയുകയും ചെയ്തു.

സ്കാർലറ്റ് കഴുമരത്തിനു ചുവട്ടിൽ ഒരു വണ്ടിയിൽ ഇരിപ്പാണ്. കഴുത്ത് കുരുക്കിൽ കടത്തി വണ്ടി വലിച്ചുനീക്കുകയേ വേണ്ടൂ.

വൃദ്ധൻ അടുത്തു ചെന്ന് കുരുക്ക് പരിശോധിക്കുന്ന മട്ടിൽ സ്കാർലറ്റിന് എന്തോ ഒന്ന് കൈമാറി.

നിമിഷങ്ങൾക്കകം സ്കാർലറ്റ് കൈയിലെ കെട്ടു മുറിച്ച് വാളുമായി മുന്നോട്ടു കുതിച്ചു.

വൃദ്ധനാകട്ടെ, പുറംകുപ്പായം ഊരിമാറ്റി.

'റോബിൻ ഹുഡ്.' ജനം വിളിച്ചുകൂവി.

'പിടിക്കവനെ, പാരിതോഷികം തരാം.' ഷെരീഫ് അലറി.

റോബിൻ ഹുഡിൽനിന്നും ഒരു സൂചന ലഭിച്ചപ്പോൾ അമ്പുകളുടെ പ്രവാഹമായി. ഷെരീഫും സംഘവും ഓടി.

'ഞങ്ങളെ ഉപദ്രവിക്കുന്നവരെ മാത്രമേ ഞങ്ങൾ ആക്രമിക്കാറുള്ളൂ. നിങ്ങളെ ആരെങ്കിലും ഉപദ്രവിച്ചാൽ, ഭയം കൂടാതെ ഷെർവുഡ് വനത്തിലേക്കു വരിക. ഞങ്ങൾ സഹായിക്കും.'

# ലിറ്റിൽ ജോൺ ഗ്രീൻവുഡിൽ എത്തിയതെങ്ങനെ?

വിൽ സ്കാർലെറ്റിനെ നോട്ടിങ്ഹാമിലെ ഷെരീഫിൽനിന്നും റോബിൻഹുഡ് രക്ഷിച്ചതിനുശേഷം അയാൾ ഷെർവുഡ് വനത്തിൽത്തന്നെ കഴിച്ചുകൂട്ടി. വനത്തിൽ പുതിയ കുടിലുകൾ നിർമിച്ചു. രഹസ്യമായ താവളങ്ങളും സജ്ജീകരിച്ചു. അനുയായികളെ യുദ്ധമുറകൾ പരിശീലിപ്പിക്കുന്ന പതിവും തുടർന്നുകൊണ്ടിരുന്നു.

വനത്തിലേക്കു കൂടുതൽ അഭയാർത്ഥികൾ എത്തിച്ചേർന്നു. അക്കൂട്ടത്തിൽ നിയമഭ്രഷ്ടരും പാവങ്ങളും മാത്രമല്ല, ക്രൂരന്മാരായ യജമാനന്മാരുടെ ഉപദ്രവം സഹിക്കാനാവാതെ നാടുവിട്ടവരും ഉണ്ടായിരുന്നു. ഷെരീഫും നോർമൻ പ്രഭുക്കളും സാധുക്കളെ പീഡിപ്പിച്ചുപോന്നതുനിമിത്തം പാവങ്ങൾ വലഞ്ഞു.

വടക്കോട്ടുള്ള രാജപാത വനത്തിലൂടെയാണ് കടന്നുപോകുന്നത്. ആ വഴി സഞ്ചരിക്കുന്ന പാവങ്ങളല്ലാത്ത യാത്രക്കാരെ മിന്നലാക്രമണം നടത്തി റോബിൻസംഘം ജീവനത്തിനുള്ള വക തേടിയിരുന്നു. എല്ലാവരും അമ്പെയ്ത്തിൽ നല്ല പരിശീലനം നേടിയിട്ടുണ്ട്. വേട്ടമൃഗങ്ങളുടെ ഇറച്ചിയാണ് ഭക്ഷണത്തിലെ പ്രധാന വിഭവം.

വനത്തിലെ ക്ഷേമസാമ്രാജ്യത്തിൽ സുഖസൗകര്യങ്ങൾ ക്രമീകരിക്കുന്നതിൽ എന്നതുപോലെ മുൻകരുതലുകൾ സ്വീകരിക്കുന്നതിലും റോബിൻ ജാഗ്രത പാലിച്ചു. കാരണം, എപ്പോൾ വേണമെങ്കിലും എതിരാളികളുടെ ആക്രമണം ഉണ്ടാകാനിടയുണ്ട്. നോട്ടിങ്ഹാമിലെ ഷെരീഫും അയൽദേശത്തെ പ്രഭുക്കന്മാരും തക്കംപാർത്തു കഴിയുകയാണ്. സർ ഗൈ ഓഫ് ഗിസ്ബോണും അനുയായികളും അവസരം നോക്കുന്നുണ്ട്. പ്രിൻസ് ജോൺ വലിയ സേനയെ അയച്ച് ഷെർവുഡിൽനിന്നും റോബിനെ തുരത്താൻ ശ്രമിക്കുന്നു.

വിൽ സ്കാർലെറ്റിനെ സംഘത്തിന്റെ ചുമതല ഏല്പിച്ച്, മിക്ക ദിവസവും റോബിൻ കാടിന്റെ അജ്ഞാതഭാഗങ്ങളിലേക്കു പോകാറുണ്ട്. അപ്രതീക്ഷിതമായി തിരിച്ചെത്തുകയും ചെയ്യും. ധനികരായ സഞ്ചാരികളെക്കുറിച്ചുള്ള വാർത്തകളും ഉണ്ടാകും. അവരെ എങ്ങനെ കൊള്ളയടിക്കാമെന്ന് ആലോചിക്കും. അല്ലെങ്കിൽ ഒരു സാക്സൺ അടിയാനോ കുടിയാനോ ക്രൂരമായി ഉപദ്രവിക്കപ്പെട്ടതിന്റെ വിവരമറിയിച്ചേക്കും. ചിലപ്പോൾ നിയമഭ്രഷ്ടരായി പുതിയ ആളുകളെയും കൂട്ടിക്കൊണ്ടായിരിക്കും വരുന്നത്. സത്യസന്ധരും വിശ്വസ്തരുമായ സുഹൃത്തുക്കളെ സമ്പാദിക്കുന്നതിനുള്ള അവസരമായി ഇത്തരം യാത്രകളെ റോബിൻ കണക്കാക്കിയിരുന്നു.

പുറപ്പെടുന്നതിനുമുമ്പ് റോബിൻ തന്റെ അനുയായികളോടു പറഞ്ഞു:

'നിങ്ങൾ ഇവിടെത്തന്നെ തങ്ങുക. പക്ഷേ, എന്റെ കാഹളം മുഴങ്ങുന്നതു കേട്ടാൽ എത്തിച്ചേരണം. ഞാൻ ഒരാളെ അന്വേഷിച്ചുപോകുകയാണ്. കണ്ടെത്താൻ അത്ര എളുപ്പമല്ല. രക്ഷയില്ലെന്നു വന്നാൽ ഞാൻ കാഹളം മുഴക്കും.'

ഉച്ചയോടെ റോബിൻ ഒരു അരുവിയുടെ തീരത്തെത്തി. വഴിയിൽനിന്നും അരുവിക്ക് അക്കരെ എത്താൻ മേൽവശം പരന്ന ഒരു ഒറ്റത്തടിപ്പാലം ഉണ്ടായിരുന്നു. റോബിൻ പാലത്തിൽ കയറിയതും അക്കരെനിന്ന് ഒരാൾ പാലത്തിലേക്കു വരുന്നുണ്ട്. പൊക്കം കൂടിയ, കൃഷിക്കാരനെന്നു തോന്നിക്കുന്ന ഒരാൾ.

പാലത്തിന്റെ രണ്ടറ്റത്തുമായി ഒരേ സമയത്താണ് അവർ എത്തിയത്.

''എന്റെ വഴിയിൽനിന്നു മാറിപ്പോകൂ കൊച്ചു മനുഷ്യാ.'' അപരിചിതൻ ആക്രോശിച്ചു.

അപ്പോൾ റോബിൻ സൂക്ഷിച്ചുനോക്കി.

തന്നെക്കാൾ ഒരടി ഉയരം കൂടിയവനാണ് എതിരാളി.

അവർ തമ്മിൽ വാക്കേറ്റം നടന്നു.

വെള്ളത്തിൽ വീണു മുങ്ങിപ്പൊങ്ങാതിരിക്കണമെങ്കിൽ പുറകോട്ടു പോകണമെന്ന് അപരിചിതൻ വാശിപിടിച്ചു.

റോബിൻ അമ്പ് കൈയിലെടുത്തു. എതിരാളിയുടെ കൈയിൽ ഒരു കുറുവടിയാണു ണ്ടായിരുന്നത്.

റോബിൻ എതിരാളിയെ കഴുത എന്ന് അധിക്ഷേപിച്ചപ്പോൾ അയാൾ റോബിനെ പേടിക്കുടലൻ എന്നു പരിഹസിച്ചു.

കുറുവടി പിടിച്ചു നിൽക്കുന്ന എന്നോട് അമ്പും വില്ലും കൊണ്ടു പോരിനു വരുന്നോ എന്നായിരുന്നു അപരിചിതന്റെ പരിഹാസ ചോദ്യം.

അപ്പോൾ റോബിൻ അമ്പും വില്ലും അരുവിക്കരയിൽവച്ചിട്ട് ഓക്കുമരത്തിന്റെ കമ്പ് മുറിച്ചെടുത്തു.

പിന്നീട് വടി ഉപയോഗിച്ചുള്ള ഒരു പോര് അവിടെ നടന്നു. അപരിചിതന് ആദ്യം ഒരടി കിട്ടി. എങ്കിലും ഒടുവിൽ തലയ്ക്ക് അടിയേറ്റ റോബിൻ അരുവിയിൽ വീണു. അയാൾ നനഞ്ഞു മുങ്ങി നീന്തി കരയ്ക്കു കയറി.

അന്നത്തെ സംഘട്ടനം അവസാനിച്ചു. അതിനുശേഷം റോബിൻ കാഹളമെടുത്ത് ഊതി. അപ്പോൾ അപരിചിതൻ പറഞ്ഞു:

'സത്യം പറയട്ടെ, റോബിൻ ഹുഡ് എന്ന വീരനെത്തേടിയാണ് ഞാനിവിടെ വന്നത്.'

റോബിൻ ഇതിനു മറുപടി പറയുന്നതിനുമുമ്പ്, ലിങ്കൺപച്ച ധരിച്ച സ്കാർലറ്റും സംഘവും അവിടെ എത്തിച്ചേർന്നു.

റോബിന്റെ സ്ഥിതി കണ്ടപ്പോൾ സ്കാർലറ്റും കൂട്ടരും അപരിചിതനെ അരുവിയിൽ പിടിച്ചു തള്ളാനൊരുങ്ങി.

റോബിൻ അവരെ വിലക്കിക്കൊണ്ട് അപരിചിതനോടു പറഞ്ഞു: 'ഇവർ എന്റെ ആളുകളാണ്. ഇവരെക്കൊണ്ട് ഒരുപദ്രവും ഉണ്ടാകുന്നതല്ല. പക്ഷേ, താങ്കൾ റോബിൻ ഹുഡിനോടും അനുയായികളോടും വിശ്വസ്തനായിരിക്കണം.'

റോബിന്റെ പേരു കേട്ടതും അപരിചിതൻ വികാരവിവശനായി പറഞ്ഞു:

'എന്റെ പേര് ജോൺ ലിറ്റിൽ എന്നാണ്. ഞാൻ റോബിനോ അനുചരന്മാർക്കോ നാണക്കേടുണ്ടാക്കുകയില്ല. എന്നും വിശ്വസ്തതയോടെ റോബിനെ പിന്തുടരും.'

ലിറ്റിൽ ജോണിന്റെ വാക്കുകൾ എല്ലാവരെയും സന്തോഷിപ്പിച്ചു. പുതിയ സുഹൃത്തിനുവേണ്ടി ഒരു വിരുന്നും അവർ നടത്തി.

'താങ്കളെയും വെള്ളത്തിൽ മുക്കിയെടുക്കേണ്ടതുണ്ട്.' വിൽ സ്കാർലെറ്റ് ലിറ്റിൽ ജോണിന്റെ തലയിലേക്ക് പതയുന്ന ബിയർ ഒഴിച്ച് ആഹ്ലാദം പ്രകടിപ്പിച്ചു.

അങ്ങനെ ലിറ്റിൽ ജോൺ സംഘത്തിൽ ചേർന്നു. അയാൾ റോബിന്റെ വിശ്വസ്തനായ അനുയായിയും സുഹൃത്തുമായിത്തീർന്നു. വിൽ സ്കാർലെറ്റിന്റെ പ്രായം പരിഗണിച്ച് ലിറ്റിൽ ജോൺ സംഘത്തിന്റെ നേതാവായി അവരോധിക്കപ്പെട്ടു. ഉയരം കണക്കാക്കുമ്പോൾ ലിറ്റിൽ ജോൺ തന്നെ എന്ന് അംഗങ്ങൾ

കപടഗൗരവത്തോടെ അഭിപ്രായപ്പെട്ടു.

# ലെഗ്ഗിലെ സർ റിച്ചാർഡ് മഠാധിപന് പണം നല്കിയതെങ്ങനെ?

ഒരു ദിവസം റോബിൻ ഹുഡ് കൂട്ടാളികളോടൊപ്പം കാട്ടിൽ ചുറ്റിനടന്നു. ഷെർവുഡ് അപകടമേഖലയാവുമ്പോൾ മറ്റൊരു അഭയകേന്ദ്രം കണ്ടെത്തേണ്ടതുണ്ട്.

അത്താഴത്തിന് അവർക്കൊരു അതിഥിയെ ലഭിക്കുകയും വേണം. അതിഥി ദരിദ്രനാണെങ്കിൽ അവന് ആവശ്യമുള്ളത് നല്കും. ധനികനാണെങ്കിൽ കൈയിലുള്ളതെല്ലാം ബലമായി പിടിച്ചെടുക്കും.

'തെക്കോട്ടുള്ള പാതയരികിൽ നിങ്ങൾ ഒളിച്ചിരിക്കണം.' ലിറ്റിൽ ജോൺ, മച്ച്, സ്കാർലറ്റ് എന്നിവരോടായി റോബിൻ പറഞ്ഞു: 'ഒരു ബിഷപ്പ്, ഭൂവുടമ, മഠാധിപൻ, പ്രഭു ഇങ്ങനെയാരെങ്കിലുമാണ് വേണ്ടത്. പാവപ്പെട്ട കൃഷിക്കാരനോ തൊഴിലാളിയോ സ്ത്രീകൾ ഉൾപ്പെട്ട സംഘമോ അരുത്.'

അപ്പോഴുണ്ട് ഒരു പ്രഭു കുതിരപ്പുറത്ത് വരുന്നു. ലിറ്റിൽ ജോൺ മുമ്പോട്ടു ചെന്ന് തലകുനിച്ചു. കുതിരയെ പിടിച്ചുനിർത്തി.

'സ്വാഗതം പ്രഭോ, നിങ്ങളെ അത്താഴത്തിനു കൊണ്ടുചെല്ലാൻ എന്റെ യജമാനൻ പറഞ്ഞു.'

'ആരാണ് നിന്റെ യജമാനൻ?'

'റോബിൻ ഹുഡ്.'

'ഞാൻ കേട്ടിട്ടുണ്ട്. മാന്യനായ മനുഷ്യൻ.'

എല്ലാവരും ഭക്ഷണം കഴിച്ചു. ഭക്ഷണത്തിന്റെ വിലയായി എന്തെങ്കിലും കൊടുക്കാൻ റോബിൻ ആവശ്യപ്പെട്ടു.

'പത്തു ഷില്ലിങ് മാത്രമാണ് എന്റെ കൈവശം ഉള്ളത്.'

ലിറ്റിൽ ജോൺ അതിഥിയുടെ ദേഹപരിശോധന നടത്തിയെങ്കിലും കൂടുതൽ ഒന്നും കണ്ടില്ല.

'താങ്കൾ പണമെല്ലാം ധൂർത്തടിച്ചതാണോ?'

'അല്ല. ദൈവമാണെന്നെ ഈ നിലയിൽ എത്തിച്ചത്. കഴിഞ്ഞ നൂറുവർഷമായി എന്റെ പിതാമഹർ നൈറ്റ് പദവി ഉള്ളവരായിരുന്നു. ഓരോ വർഷവും നാനൂറു പവൻ ചെലവുണ്ട്. ലെഗ്ഗിലെ, സർ റിച്ചാർഡ് എന്നത് നല്ല ബഹുമതിയാണ്. ഇപ്പോൾ ഒന്നുമില്ല. ഭാര്യയും കൊച്ചുകുട്ടികളും മാത്രം.'

'എങ്ങനെയാണ് സ്വത്ത് നഷ്ടപ്പെട്ടത്?'

'സെയ്ന്റ് മേരി മഠാധിപന്റെ ക്രൂരതയും ഗൂഢാലോചനയും കാരണം. എന്റെ മകൻ റിച്ചാർഡ് രാജാവിനോടൊപ്പം തീർത്ഥയാത്രയ്ക്കു പോയതാണ്. പിന്നീട് കേട്ടത് അവൻ തടവിലാണെന്നും ആയിരം പവൻ മോചനദ്രവ്യം വേണമെന്നും. അറുനൂറ് പവൻ കൊടുത്തു. ബാക്കി നാനൂറു പവന്, എന്റെ വീട് മഠാധിപന് പണയത്തിലാണ്. നാളെ അവസാന ദിവസമാണ്. പണം കൊടുത്തില്ലെങ്കിൽ വീടു വിട്ടുകൊടുക്കേണ്ടിവരും.'

'പിന്നെന്തു ചെയ്യും?'

'ഞങ്ങൾ പലസ്തീനിലേക്കു പോകും. പാരമ്പര്യസ്വത്ത് എന്റെ മക്കൾക്ക്

കൈമാറാൻ കഴിയാത്തതാണെന്റെ ദുഃഖം.'
'നിങ്ങൾക്ക് ധനികരായ സുഹൃത്തുക്കൾ ഇല്ലേ?'
'ഉണ്ടായിരുന്നു. പണം ഉള്ളപ്പോൾ.'
'ലിറ്റിൽ ജോൺ, നമ്മുടെ പെട്ടിയിൽ നാനൂറു പവൻ ഉണ്ടെങ്കിൽ എടുത്തു കൊടുക്ക്. സർ റിച്ചാർഡ്, ഒരു വർഷം കഴിഞ്ഞ്, ഇവിടെ വന്ന് സ്ഥിതി എന്നെ അറിയിക്കണം.'
'പന്ത്രണ്ടുമാസം പൂർത്തിയാവുന്ന ദിവസം ഞാനിവിടെയെത്തും.'
പിറ്റേ ദിവസം മദ്ധ്യാഹ്നമായി. മഠാധിപൻ കുടിയാന്മാരിൽനിന്ന് പണം വാങ്ങിക്കൊണ്ടിരുന്നു. പണം നല്കാൻ കഴിയാത്തവന്റെ ഭൂമി കൈവശപ്പെടുത്തുന്നു.
സന്ന്യാസികൾ അടുത്തു നില്പുണ്ട്.
'സർ, ലെഗ്ഗിലെ റിച്ചാർഡിന് നാനൂറ് പവനാണല്ലോ കൊടുത്തത്. ഇതുവരെ വന്നില്ല. ഉച്ച കഴിഞ്ഞാൽ ചെഷയറിലുള്ള ലെഗ്ഗിലെ ഭൂമി നമുക്ക് പിടിച്ചെടുക്കാം. പിന്നെ നല്ലൊരു വീടും.'
'ഇനിയും അരമണിക്കൂർ ഉണ്ട്.'
ഒരു സന്ന്യാസി സർ റിച്ചാർഡ് എത്തിയെന്നറിയിച്ചു.
സർ റിച്ചാർഡ് ദുഃഖിതനും ക്ഷീണിതനുമായി കാണപ്പെട്ടു; മുഷിഞ്ഞ വസ്ത്രങ്ങളും. അയാൾ മഠാധിപന്റെ മുമ്പിൽ മുട്ടുകുത്തി.
'ഞാൻ നിശ്ചിത സമയത്തുതന്നെ എത്തി.'
'പണം കൊണ്ടുവന്നിട്ടുണ്ടോ?'
'ഇല്ല. എനിക്ക് ആറു മാസത്തെ സമയം തരണം. കുതന്ത്രക്കാരായ സാരസെനുകളാണ് എന്റെ മകനെ തടവുകാരനാക്കിയത്; അതും റിച്ചാർഡ് രാജാവിനുവേണ്ടി യുദ്ധം ചെയ്യുമ്പോൾ.'
'പറ്റില്ല. പണം തന്നില്ലെങ്കിൽ നിന്റെ സ്വത്തുക്കൾ പിടിച്ചെടുക്കും.'
'അത്രയുംകാലം ഞാൻ അങ്ങയുടെ ദാസ്യവേല ചെയ്യാം.'
'നീ കള്ളസത്യം ചെയ്യുന്നു.'
പെട്ടെന്ന് റിച്ചാർഡ് എഴുന്നേറ്റുനിന്നു.
'മഠാധിപാ, താങ്കൾ കള്ളം പറയുന്നു. ഒരു ഇടപ്രഭുവായ എന്നെ മുട്ടുകുത്തിച്ചു, ഞാൻ കാരുണ്യത്തിനായി ഇരക്കേണ്ടിവന്നു. ഇതിനു താങ്കൾ ലജ്ജിക്കണം.'
'പന്ത്രണ്ടടിച്ചു. നിന്റെ സ്വത്തെല്ലാം ഇനി എന്റേതാണ്.' മഠാധിപൻ അലറി.
'മണി പന്ത്രണ്ട്' എന്നു പറഞ്ഞുകൊണ്ട് പ്രഭു തന്റെ മേല്ക്കുപ്പായം പറിച്ചെടുത്തു. നാലു തുകൽസഞ്ചികൾ മേശപ്പുറത്തുവച്ച് നിശ്ശബ്ദനായി നിന്നു.
സർ റിച്ചാർഡ് വീട്ടിലെത്തി, പത്നിയോടു പറഞ്ഞു:
'റോബിൻ ഹുഡ് പണം തന്നു. നാം മഠാധിപനിൽനിന്ന് സ്വതന്ത്രരായി.'
'റോബിൻ ഹുഡിനുവേണ്ടി ഞാൻ പ്രാർത്ഥിക്കാം.'

# ഷെർവൂഡ് വനത്തിലെ മരിയൻ

റോബിൻ ഹുഡിന്റെ അമ്മാവനായ സർ വില്യം ഗാംവെല്ലിന്റെ ആസ്ഥാനമാണ് ഗാംവെൽ ഹാൾ.

സർ ഗൈ ഒരു ദിവസം അവിടെയെത്തി. കൂടെയൊരു യോദ്ധാവുമാത്രം. കാട്ടിനുള്ളിൽ പിറ്റേദിവസം നടക്കുന്ന ഗാംവെൽ ഫെസ്റ്റിവലിന് ഒപ്പംവരണമെന്ന് സർ ഗൈയോട് സർ വില്യം ആവശ്യപ്പെട്ടു.

റോബിൻ ഹുഡിനെയും കാണാമല്ലോ എന്നോർത്ത് ഗൈ പെട്ടെന്ന് സമ്മതിച്ചു. എന്നാൽ മറ്റൊന്നും പറഞ്ഞുമില്ല.

കാട്ടിലെ തുറസ്സായൊരു സ്ഥലത്ത് നല്ലൊരു മേളതന്നെ. യുവതീയുവാക്കൾ ആടിപ്പാടുന്നു. വില്യമിന്റെ പാട്ടുകാർക്ക് മതിയാവോളം വീഞ്ഞ് നല്കുന്നുണ്ട്.

സർ ഗൈ, സർ വില്യമിനൊപ്പം ഇരിക്കുന്നു. പെട്ടെന്ന് വിൽ ഗാംവെൽ ഒരു പെൺകുട്ടിയെ കൈയ്ക്കുപിടിച്ച് ഡാൻസിനായി കൊണ്ടുപോകുന്നു. കൃഷിക്കാരി പെൺകുട്ടിയുടെ വേഷമണിഞ്ഞ മരിയനാണ് അതെന്ന് സർ ഗൈയ്ക്ക് മനസ്സിലായി.

'മകനോടൊപ്പമുള്ള യുവതി ഏതാണ്?'

'ഓ, അത് ക്ലോറിന്ദയാണ്, ഇടയപ്പെൺകുട്ടി. ആഘോഷങ്ങൾക്ക് ഇവിടെ വരാറുണ്ട്. കൂടുതലൊന്നുമറിയില്ല.'

വൈകിട്ട് ഒരു സംഘം വനപ്രവർത്തകർ ലിങ്കൺപച്ചവേഷത്തിലെത്തി, അമ്പെയ്ത്തിൽ പങ്കെടുക്കാൻ. അക്കാര്യത്തിൽ താനും മോശമല്ലെന്ന് ക്ലോറിന്ദ തെളിയിച്ചു.

ക്ലോറിന്ദയുടെ അമ്പ് നിശ്ചിതസ്ഥാനത്തുതന്നെ തറച്ചപ്പോൾ കാണികൾ ഹർഷാരവം മുഴക്കി. അപ്പോൾ വനപ്രവർത്തകരുടെ നായകനും ഒരമ്പെയ്തു. അതും ആദ്യത്തേതിനടുത്തുതന്നെ ലക്ഷ്യം കണ്ടു. രണ്ട് അമ്പുകളുടെയും അഗ്രത്തിലുള്ള തൂവലുകൾ പരസ്പരം ആലിംഗനം ചെയ്തു.

'മെയ്മാസത്തിന്റെ രാജകുമാരീ, നിന്റെ കൈ എനിക്കു തരൂ!'

അവളുടെ മുഖം ലജ്ജാരുണമായി. അവൻ നീട്ടിയ കൈപിടിച്ച് അവർ നൃത്തം തുടങ്ങി.

'ആ വില്ലാളിയുടെ പേരെന്താണ്?' സർ ഗൈ ചോദിച്ചു.

'റോബിൻ ആണെന്നു തോന്നുന്നു.' മകൻ ഗാംവെൽ അശ്രദ്ധമായി പറഞ്ഞു.

'അത്രമാത്രമേ അറിയൂ?'

'കൂടുതൽ എന്തറിയാൻ?'

'എന്നാൽ, അവനാണ് ഭ്രഷ്ടനാക്കപ്പെട്ട ഫിറ്റ്സൂത്. അവനെ ബന്ധിച്ച് ഷെരീഫിനു കൊടുത്താൽ നല്ല പാരിതോഷികം കിട്ടും.'

'അവൻതന്നെയോ?' താൽപര്യമില്ലാത്ത മട്ടിലാണ് വിൽ ഗാംവെല്ലിന്റെ സംസാരം.

'നമുക്കവനെ പിടിച്ചുകൂടെ?'

'നിങ്ങൾക്കു വേണമെങ്കിൽ.'

'നിങ്ങളുടെ ആളുകൾ വിശ്വസ്തരല്ലേ?'

'തീർച്ചയായും അതെ.'

'രാജാവിന്റെ പേരിൽ ഞാനവരെ വിളിച്ചാൽ അവർ സഹായിക്കുകയില്ലേ?'

‘സംശയമെന്ത്? ഏതെങ്കിലും ഒരു കക്ഷിയേ...’

‘പ്രിൻസ് ജോൺ തന്ന അറസ്റ്റ്‌വാറന്റ് എന്റെ കൈയിലുണ്ട്----’

സർ ഗൈ അവസാനകൈ പ്രയോഗിച്ചു:

‘നിന്റെ ഉപദേശമെന്താണ്?’

‘അമ്പുകളിൽനിന്നും കല്ലേറിൽനിന്നും രക്ഷപ്പെടണമെങ്കിൽ, ഉടൻ സ്ഥലംവിടണം!’

ഇതുതന്നെ വഴി!

സർ ഗൈ അതിവേഗം കുതിരയെ ഓടിച്ച്, ഷെരീഫിനടുത്തെത്തി, വിവരം അറിയിച്ചു.

അരമണിക്കൂറിനകം അവർ രണ്ടുപേരും വലിയൊരു ആയുധസംഘവുമായി ഗാംവെല്ലിലേക്കു നീങ്ങി.

സൂര്യൻ അസ്തമിക്കാൻ തുടങ്ങുന്നു. അവർ നദിക്കരയിലെത്തി. അക്കരെ, ദൂരെ ഒരു സംഘം വനപ്രവർത്തകരും ആയുധധാരികൾക്ക് നേതൃത്വം നല്കിക്കൊണ്ട് േക്ലാറിന്ദയും. അവളോടൊപ്പം ബ്രദർ മൈക്കേൽ നടക്കും.

‘ആരോ അതിവേഗത്തിൽ വരുന്നുണ്ടല്ലോ.’ മൈക്കേൽ ടക്ക് തുടർന്നു: ‘ഷെരീഫും സർ ഗൈയും ആണെന്നു തോന്നുന്നു.’

‘വഴിമാറ്.’ സർ ഗൈ അലറി: ‘ലേഡി മരിയൻ, നീ ആർലിങ് ഫോഡിലേക്ക് പോ.’

‘നിങ്ങൾക്കു തെറ്റി, ഇവൾ ക്ലോറിന്ദയാണ്. ഇടയപ്പെൺകൊടിമാരുടെ റാണി. പിന്നെ, നിങ്ങൾ പറഞ്ഞതുപോലെ, പാലത്തിനിപ്പുറത്ത് രാജ്യദ്രോഹികൾ ഇല്ല.’

‘വഴിമാറ്. ഞങ്ങൾ ഫിറ്റ്സൂതിനെ തിരഞ്ഞു പോകുന്നു.’

‘ക്ലോറിന്ദയോടും എന്നോടും ക്ഷമായാചനം ചെയ്യാതെ ഇതിലെ കടന്നുപോകാനാവില്ല.’

‘പിടിച്ചുമാറ്റവനെ. റോബിൻ ഹുഡ് രക്ഷപ്പെട്ടുകളയും.’

‘ആ പെൺകുട്ടിയെ പിടിക്കാം. അവളെ പിതാവിനെ ഏല്പിച്ചാൽ എനിക്കു നല്ല പാരിതോഷികം കിട്ടും.’ സർ ഗൈ കൈയുയർത്തിയതും, ക്ലോറിന്ദ അയച്ച അമ്പ് കൈയിൽ തറച്ചു. രണ്ടാമതൊന്ന് ഷെരീഫിന്റെ കുതിരയുടെ മുൻകാലുകൾക്കിടയിലും. ഷെരീഫ് പുറകോട്ടു മറിഞ്ഞ് ചളിയിൽ വീണു.

തുടർന്ന് ഷെരീഫിന്റെ ആളുകളെ അമ്പുകൾ പിന്തുടർന്നു. ചെങ്കുത്തായ പാലം പെട്ടെന്നു കടക്കാനാവാതെ തിരികെ വീണവരെയെല്ലാം, മൈക്കേൽ ടക്ക് തന്റെ കുറുവടികൊണ്ട് അടിച്ചുതകർത്തു.

പിറ്റേദിവസം കാലത്ത് ഫിറ്റ്സ് വാൾട്ടർ പ്രഭുവിന്റെ കോട്ടവാതിലിനപ്പുറം ഒരു സംഘം ആയുധധാരികൾ എത്തി. ഒരു കുഴലിൽകൂടി ഉറക്കെ വിളിച്ചുപറഞ്ഞു:

‘പാലം താഴ്ത്ത്, രാജാവിന്റെ പേരിൽ.’

‘എന്തിന്, ചെകുത്താന്റെ പേരിൽ.’

‘എല്ലാവർക്കും അറിയാമത്. ലേഡി മരിയനും ഗാംവെല്ലും മറ്റു കുറേപേരുംകൂടി ഷെരീഫിനെയും സർ ഗൈയെയും അനുയായികളെയും പരിക്കേല്പിച്ചിരിക്കുന്നു. അവരെല്ലാം റോബിൻ ഹുഡിന്റെ ഏജന്റുമാരാണ്.’

‘എന്ത് ഏജന്റ്? എന്റെ മകളെപ്പറ്റി ഇല്ലാത്തതു പറയുന്നോ? ഉടൻ സ്ഥലംവിട്ടില്ലെങ്കിൽ അമ്പെയ്യാൻ ഞാൻ കല്പന കൊടുക്കും.’

‘ഇത് പ്രിൻസ് ജോണിന്റെ കല്പനയാണ്.’

‘എന്നാൽ പ്രിൻസ് ജോണിനോട് ഇവിടെ വരാൻ പറയ്. നിങ്ങളെ എങ്ങനെ

വിശ്വസിക്കും? ഷെർവുഡിലുള്ളവർ വേഷപ്രച്ഛന്നരായി വന്നതല്ലെന്ന് ആരു കണ്ടു?'

സംഘം പിൻവാങ്ങി.

ഫിറ്റ്സ് വാൾട്ടർ പ്രഭു മകളോടു സംസാരിച്ചു.

അവൾ കുറ്റസമ്മതം നടത്തി.

'ഇനി ഇവിടന്ന് പുറത്തു പോകരുത്. ഞാൻ നിന്നെ അടച്ചു പൂട്ടും. ആർക്കും അവിടെ കടക്കാൻ പറ്റില്ല.'

'പ്രിൻസ് ജോൺ എന്നെ ഇവിടന്ന് കൊണ്ടുപോകും. ജോണിന്റെ ആളുകളാണ് ഇപ്പോൾ കോട്ടവാതിലിൽ നിന്നു പിരിഞ്ഞുപോയത്.' അവൾ നടുങ്ങി. എന്നെ കിട്ടിയാൽ മുമ്പു പറഞ്ഞതുപോലെ, ഉടൻ സർ ഗൈയ്ക്ക് കൈമാറുകയുമില്ല.

'രണ്ടും ഒരുപോലെ, പ്രിൻസും ഗൈയും!'

'പപ്പാ, നമുക്ക് പ്രിൻസ് ജോണിനെ എതിർത്തുനില്ക്കാനാവില്ല. അയാളിവിടെ വരും. അച്ഛനെ തൂക്കും. എന്നെ പിടിച്ചുകൊണ്ടുപോകും. ഞാനിവിടെനിന്നു രക്ഷപ്പെടാം. ക്ഷമാപണത്തോടെ അച്ഛന് ജോണിനെ സ്വീകരിക്കാം!'

അയാൾ ആലോചിച്ചു:

'അപ്പോൾ നീ രക്ഷപ്പെട്. ഷെർവുഡിലേക്കാണോ പോവുക. റോബിൻ ഹുഡിന്റെ അർദ്ധപത്നിയായി?'

'ഞാൻ റോബിൻ ഹുഡിന്റെ അടുത്തേക്കാണു പോകുന്നത്. എന്നാൽ റിച്ചാർഡ് രാജാവ് പലസ്തീനിൽനിന്ന് തിരിച്ചുവരുന്നതുവരെ, ഞാൻ കന്യകയായ മരിയൻ ആയിട്ട് ജീവിക്കും.'

അയാൾ കുറേനേരം ചിന്തിച്ചു.

'റോബിനോ, റോബർട്ടോ ആവട്ടെ, അയാൾ മാന്യനാണ്. ഒരു കാര്യം, നീ കോട്ടയിൽനിന്ന് പുറത്തുകടക്കുന്നത് ഇവിടെയൊരാളും കാണാൻ ഇടവരരുത്.'

ഏതാനും മണിക്കൂറുകൾക്കുശേഷം പ്രിൻസ് ജോൺ കോട്ടയിൽ വന്നു. ഫിറ്റ്സ് വാൾട്ടർ എല്ലാവിധ ഉപചാരങ്ങളോടെയും ജോണിനെ സ്വീകരിച്ചു.

'റോബിൻ ഹുഡ് കൊലമരത്തിൽനിന്ന് ഒരുത്തനെ രക്ഷിച്ചുവല്ലോ. രാവിലെ വന്നവർ, റോബിന്റെ ആളുകൾ വേഷം മാറിയെത്തിവരോ എന്ന് ഞാൻ ന്യായമായും സംശയിച്ചു. അതുകൊണ്ടാണ് ഉള്ളിൽ കടത്താഞ്ഞത്.'

വൈകാതെ മരിയന് ആളയച്ചു. എന്നാൽ മരിയൻ കോട്ടയിലെങ്ങുമില്ല. കാവല്ക്കാരെ ചോദ്യം ചെയ്തു. ഏതാണ്ട് ഒരു മണിക്കൂർമുമ്പ് ഒരു വില്ലാളി കോട്ടവാതിലിനു സമീപത്തുണ്ടായിരുന്നുവെന്നും ഇപ്പോൾ അവനെയും കാണുന്നില്ലെന്നുമാണ് ഒരുത്തൻ പറഞ്ഞത്.

പ്രിൻസ് ജോൺ നോട്ടിങ്ഹാമിൽ ഉണ്ടെന്നറിഞ്ഞ് റോബിൻ ഹുഡ് ഒരു റെയ്ഞ്ചറുടെ വേഷത്തിൽ നടന്നു; ഏതെങ്കിലും യാത്രക്കാരനെ കണ്ടെത്തി വിവരം അറിയാൻ. അപ്പോൾ വനപാലകന്റെ വേഷത്തിൽ ഒരു യുവാവു വരുന്നു.

'എന്തെല്ലാമാണ് നോട്ടിങ്ഹാം വാർത്തകൾ?'

'പ്രിൻസ് ജോൺ നിയമഭ്രഷ്ടരെ പിടിക്കാനിറങ്ങുന്നു.'

'നിന്റെ പേരെന്ത്? ജോലിയെന്ത്?'

അല്പം വാക്കേറ്റത്തോടെ, അവർ വാളുപയോഗിച്ച് സംഘട്ടനത്തിൽ ഏർപ്പെട്ടു. എതിരാളി ഒട്ടും മോശമല്ല. റോബിന്റെ മുഖത്തും അപരന്നു കൈയിലും മുറിവേറ്റു.

'ഇനി നമുക്ക് നിർത്താം.' റോബിൻ പറഞ്ഞു: 'നീ എന്റെ സംഘത്തിൽ ചേരുക.

ഞാൻ റോബിൻ ഹുഡ്.'

'ഓ, റോബിൻ, നീയെന്നെ തിരിച്ചറിഞ്ഞില്ലേ?'

'മരിയൻ!' അയാൾ നെടുവീർപ്പിട്ടു: 'നീയാണോ ഇത്? ഞാൻ നിന്നെ മുറിവേല്പിച്ചു.' അടുത്തനിമിഷം അവർ ആലിംഗനബദ്ധരായി.

'എന്റെ സംഘത്തിലേക്കു വരൂ. എല്ലാവരും നിന്നെ റാണിയായി കരുതും.'

മരിയന്റെ ബഹുമാനാർത്ഥം അന്ന് ഷെർവുഡിൽ വിരുന്നൊരുങ്ങി.

# ഫ്രെയർടക്കിന്റെ ആഗമനം

ഗ്രീഷ്മം വന്നു, പോയി. ഇലകൾ ബ്രൗൺനിറമാകുന്നു. റോബിൻ സംഘം കാട്ടിലെ തുറസ്സായ സ്ഥലത്ത് പരിശീലനം നടത്തുന്നു.

'റോബിൻ, ബ്രദർ മൈക്കേലിനെപ്പറ്റി ഒരു വിവരവുമില്ലല്ലോ.' മരിയൻ സങ്കടപ്പെട്ടു.

'നീ ഇവിടെ ആയിരിക്കുമെന്ന് അയാൾക്കറിയാം. ഗാംവെൽ ആഘോഷനാൾ നിന്നെ കുറെ സഹായിച്ചതല്ലേ.'

'മഠാധിപൻ അയാളെ പുറത്താക്കിയതാണ്. ഒരു സന്ന്യാസിയായി നദീതീരത്തു കഴിയും എന്നു പറയുന്നതു കേട്ടു.'

റോബിൻ സ്കാർലറ്റിനെ വിളിച്ചു സംസാരിച്ചു.

'അയാൾ നല്ല ബലവാനാണ്. കണ്ടിട്ട് നന്നായി തിന്നുകയും കുടിക്കുകയും ചെയ്യുന്ന മട്ടുണ്ട്. യാത്രക്കാരെ കടവു കടത്തുന്നു. നല്ല കൂലിയും വാങ്ങുന്നുണ്ടത്രെ.'

'നാളെ ഞാനൊന്നന്വേഷിക്കട്ടെ.'

പിറ്റേദിവസം ഒരു നാടോടിഗായകന്റെ വേഷം ധരിച്ച് റോബിൻ യാത്ര തുടങ്ങി. നദീതീരത്തെത്തിയപ്പോൾ പാറയിടുക്കിൽനിന്ന് പുക ഉയരുന്നുണ്ട്. ആൾപ്പാർപ്പുണ്ട് എന്നതുറപ്പ്. തോണിക്കാരൻ അക്കരെയുണ്ട്. റോബിൻ കൂകിവിളിച്ചു.

കത്തോലിക്കാ സന്ന്യാസിമാരെപ്പോലെ, നീണ്ട തവിട്ടുകുപ്പായമാണ് അവന്റെ വേഷം. എന്നാൽ അരയിലെ ചരടിൽ വീതിയുള്ളൊരു വാൾ തൂക്കിയിട്ടിരിക്കുന്നു.

'എന്നെ അക്കരെ കടത്തണം.'

'നല്ല സമയത്താണല്ലോ വന്നത്. നീയൊരു വെറും പാട്ടുകാരനല്ലേ.' പിന്നെ ചിന്തിച്ചു, ഇയാൾക്കു നീന്താവുന്നതേയുള്ളു. നനയുന്നത് നല്ലതാണുതാനും.

അവർ അക്കരെയെത്തി. തോണിക്കാരൻ വഴി തടഞ്ഞു: 'നിന്റെ പേഴ്സ് കാണട്ടെ.'

'നീ കവർച്ചക്കാരനല്ലല്ലോ.'

'അല്ലേയല്ല. ഭിക്ഷ ചോദിക്കുന്നു; പള്ളിക്കാർ ചോദിക്കുംപോലെ.'

'ഭിക്ഷ എന്നത് നിർബ്ബന്ധമല്ല. മനസ്സറിഞ്ഞുകൊടുക്കുന്നതാണ്. നല്ല ഉപദേശംതന്നെ. നിന്റെ മനസ്സ് ഉണർന്നില്ലെങ്കിൽ ഈ കുറുവടി നിന്റെ ചുമലിൽ വീഴും.'

'എന്നാൽ തിരഞ്ഞോ.'

സന്ന്യാസി വടി നിലത്തിട്ടു. ഒട്ടും സംശയിക്കാതെ മുമ്പോട്ടു നീങ്ങി. റോബിൻ അയാളുടെ വാൾ തട്ടിയെറിഞ്ഞ് അതെടുത്ത് അയാളുടെ കഴുത്തിലേക്ക് നീട്ടി.

'ഇനി എന്നെ അക്കരെ എത്തിക്ക്. നിന്റെ മുതുകിൽ കയറ്റി ഇരുത്തുകയാണു വേണ്ടത്.'

'ഇതൊരു വിലപേശൽതന്നെയാണ്.' സന്ന്യാസി പറഞ്ഞു.

സന്ന്യാസി കുനിഞ്ഞുനിന്നു. വാളോടുകൂടിത്തന്നെ റോബിൻ അയാളുടെ പുറത്തിരുന്നു. അവർ അക്കരെയെത്തി.

'ഇനി നീയെന്നെ അക്കരെ എത്തിക്ക്.'

വലിപ്പക്കൂടുതലും ഭാരക്കൂടുതലുമുള്ള സന്ന്യാസിയെ മുതുകിലേറ്റിയുള്ള യാത്ര റോബിന് ശ്രമകരംതന്നെയായിരുന്നു. നദിയുടെ നടുവിലെത്തിയപ്പോൾ സന്ന്യാസി സംസാരിക്കാൻ തുടങ്ങി: 'എനിക്ക് നല്ല ഭാരമുണ്ടല്ലോ. ഈസോപ്പിന്റെ ഒരു

കഥയോർക്കുന്നു----രണ്ടു ഗ്രാമീണർ തന്റെ കഴുതയെ വീട്ടിലേക്കെടുത്തുകൊണ്ടുപോകുന്നത്.'

റോബിൻ കിതച്ചുകൊണ്ട് സംസാരിച്ചു: 'എനിക്ക് മറ്റൊരു കഥയാണ് ഓർമ്മവരുന്നത്. കഴുത ഉപ്പുചാക്ക് ചുമന്ന കഥ.'

ഒരൊറ്റ കുടച്ചിൽകൊണ്ട് സന്ന്യാസി വെള്ളത്തിൽ വീണു.

കരയ്ക്കെത്തിയപ്പോൾ രണ്ടുപേരും തമ്മിൽ നല്ലൊരു മല്ലയുദ്ധം നടന്നു. അടിച്ചും ഇടിച്ചും ഉന്തിയും തള്ളിയുമെല്ലാം ക്ഷീണിച്ചപ്പോൾ പോരു നിർത്തി.

'നമുക്ക് കൈകൊടുത്തു പിരിയാം. നീയൊരു പാട്ടുകാരനെങ്കിലും നല്ലൊരു ബലവാൻതന്നെ.'

'ഞാൻ സാരംഗി വായിക്കുന്നു. വാളും ഉപയോഗിക്കുന്നു. ഇനി നമുക്ക് നിന്റെ താമസസ്ഥലത്തു പോകാം. എനിക്കു ഭക്ഷണം വേണം.'

'ഒരു സന്ന്യാസിയുടെ വീട്ടിൽ നിനക്കു പറ്റിയ എന്തു ഭക്ഷണമാണുണ്ടാവുക?'

ഒരു ഗുഹാമുഖത്ത് കല്ലുകൊണ്ടും തടികൊണ്ടും ഉണ്ടാക്കിയ മുറി. പുല്ലു മേഞ്ഞിട്ടുണ്ട്. ഉള്ളിൽ മേശയും സ്റ്റൂളുമുണ്ട്. അയാൾ കൊടുത്ത പുഴുങ്ങിയ പയർ ഒരു പിടി വായിലിട്ടു.

'റെയ്ഞ്ചർ വരുമ്പോൾ ഇവിടെ എന്തെങ്കിലും തരുമല്ലോ, എന്നെപ്പോലുള്ളവർക്ക് ഭക്ഷിക്കാൻ. ഞാനതിനു വില തരാം.'

റോബിൻ ഒരു സ്വർണ്ണനാണയം മേശപ്പുറത്തിട്ടു. സന്ന്യാസിയുടെ കണ്ണുകൾ തിളങ്ങി.

അയാൾ പാറമടയിൽ ഒളിപ്പിച്ചുവെച്ച മാംസം എടുത്തുകൊടുത്തു. രണ്ടുപേരുംകൂടി അത് തിന്നുതീർത്തു.

'ഇതുപോലെ വീഞ്ഞും കാണുമല്ലോ.' ഗത്യന്തരമില്ലാതെ സന്ന്യാസി അതും കൊണ്ടുവന്നു. ഏതാണ്ട് ഒരു ഗ്യാലൻ. കൊമ്പുപാത്രങ്ങളിലൊഴിച്ചു കുടിച്ചു അത്.

'അപരിചിതനായ യാത്രക്കാരാ, ഇനി നിന്റെ പേര് പറയാമോ?'

'തീർച്ചയായും. എന്നാൽ ആതിഥേയന്റെ പേര് പറഞ്ഞില്ലല്ലോ.'

'ഞാൻ ഫ്രയർടക്.'

'നല്ലത്, ഫ്രയർടക് അതായത്, ബ്രദർ മൈക്കേൽ, ഞാൻ റോബിൻഹുഡ്.'

'ഒരു ഗായകവേഷത്തിനുള്ളിൽ ഇത്ര നല്ലൊരു മനുഷ്യനാണ് ഒളിഞ്ഞിരിക്കുന്നതെന്നറിഞ്ഞതിൽ സന്തോഷമുണ്ടെനിക്ക്.'

'എന്റെകൂടെ ഷെർവുഡിലേക്കു വരണം. ലേഡി മരിയൻ പറഞ്ഞിട്ട് നിന്നെ അന്വേഷിച്ചുവന്നതാണ് ഞാൻ.'

'തീർച്ചയായും വരാം. നിങ്ങൾക്കേതായാലും ഒരു വൈദികൻ വേണമല്ലോ. നമുക്ക് ബാക്കിയുള്ള വീഞ്ഞുകൂടി കുടിച്ചിട്ടുപോകാം. ഇത്രയും നല്ല വീഞ്ഞ് ഉപേക്ഷിക്കുന്നതെങ്ങനെ?'

രണ്ടുപേരുംകൂടി വീഞ്ഞ് കുടിച്ചുതീർത്തു. വൈദികൻ ഒരു പാട്ടു പാടി.

# സർ റിച്ചാർഡ് റോബിൻ ഹുഡിന്റെ കടംവീട്ടിയതെങ്ങനെ?

വീണ്ടും വസന്തം സമാഗതമായി. ലെഗ്ഗിലെ സർ റിച്ചാർഡ് റോബിൻഹുഡിൽനിന്നു വാങ്ങിയ നാനൂറു പവൻ തിരിച്ചുകൊടുക്കേണ്ട ദിവസവും വന്നുചേർന്നു.

സർ റിച്ചാർഡ് റോബിൻ ഹുഡിനടുത്തേക്കു പുറപ്പെട്ടു. ചെറു സഞ്ചിയിൽ നാനൂറു പവൻ മാത്രമല്ല, സമ്മാനമായി ലോഹമുനകൾ പിടിച്ച തിളങ്ങുന്ന അമ്പുകളും നൂറോളം പുതിയ വില്ലുകളും സമ്മാനമായി കരുതിയിരുന്നു.

അനുയായികളോടൊപ്പം റിച്ചാർഡ് പോകുന്ന വഴിയിൽ ബാർണ്സ്ഡെയിലെ പാലത്തിനടുത്ത് ജനവാസമുള്ള ഒരു ഭാഗത്ത് ഗുസ്തിമത്സരം കാണാൻ ഇടയായി. ഒരു വെള്ളക്കുതിരയും ഒരു സ്വർണ്ണമോതിരവും ഒരു ജോടി കൈയുറകളും വീഞ്ഞുമാണ് സമ്മാനം. റിച്ചാർഡും കൂട്ടരും എത്തുമ്പോൾ ഗുസ്തി തുടങ്ങിക്കഴിഞ്ഞു.

മത്സരത്തിൽ വിജയിച്ചത് നാട്ടുകാരനല്ലാത്ത ആർതർ-എ-ബ്ലാൻഡ് ആണ്. എന്നാൽ അവിടെ കൂടിയിരുന്ന ആളുകൾ അയാളെ തല്ലിച്ചതച്ച് നദിയിലെറിയാനാണ് തീരുമാനിച്ചത്. എന്നാൽ, റിച്ചാർഡ് അവരെ പിന്തിരിപ്പിച്ചു. ആർതറിനു സമ്മാനമായി ലഭിച്ച വീഞ്ഞ് അഞ്ചു മാർക്കിനു വിലയ്ക്കു വാങ്ങി ജനങ്ങൾക്കു സമ്മാനിച്ചു.

ഇക്കാര്യങ്ങൾക്ക് കുറേ സമയം വേണ്ടിവന്നു. അതിനാൽ ഉച്ച കഴിഞ്ഞാണ് എത്തിച്ചേർന്നത്. പക്ഷേ, അതിനു മുമ്പേ റിച്ചാർഡിനെ കാത്തിരുന്ന് റോബിൻ മടുത്തു. ലിറ്റിൽ ജോൺ, മച്ച്, സ്കാർലറ്റ് എന്നിവർ റിച്ചാർഡിനെ അന്വേഷിച്ചു പുറപ്പെട്ടു.

അവർ കാടുകൾക്കു മറഞ്ഞുനിന്നപ്പോൾ കറുത്ത നീളൻകുപ്പായമണിഞ്ഞ രണ്ടു സന്ന്യാസിമാർ വെള്ള സവാരിക്കുതിരമേൽ യാത്ര ചെയ്യുന്നതു ശ്രദ്ധയിൽപ്പെട്ടു. അവരോടൊപ്പം നിരവധി സേവകരും ആശ്രിതരുമുണ്ടായിരുന്നു.

സേവകരെ ഭയപ്പെടുത്തി ഓടിച്ച സന്ന്യാസിമാരെ പിടിച്ചുകൊണ്ടു പോകാൻ ലിറ്റിൽ ജോണും മച്ചും ആലോചിച്ചുറച്ചു.

ലിറ്റിൽ ജോണും മച്ചും സ്കാർലറ്റും അമ്പുകൾ തൊടുത്തുകൊണ്ട് പാതയിലേക്കു പാഞ്ഞുചെന്നു.

'ഒരടി മുന്നോട്ടുവച്ചാൽ കൊന്നുകളയും.' സന്ന്യാസിമാരെ അവർ ഭീഷണിപ്പെടുത്തി.

'ഞങ്ങളുടെ യജമാനൻ നിങ്ങളെ ഭക്ഷണത്തിനു ക്ഷണിക്കുന്നു.'

യജമാനൻ ആരാണെന്ന് സന്ന്യാസിമാർ അന്വേഷിച്ചു.

റോബിൻ ഹുഡ് ആണെന്നറിഞ്ഞപ്പോൾ അവർ ഒരു ചെറുത്തുനില്പുശ്രമം നടത്തിയെങ്കിലും അനുയായികൾ ഓടിക്കളഞ്ഞു.

ലിറ്റിൽ ജോണും മച്ചും സ്കാർലറ്റും സന്ന്യാസിമാരെ റോബിന്റെ അടുത്തെത്തിച്ചു.

'ഇത് അതിക്രമമാണ്.' ഒന്നാമത്തെ സന്ന്യാസി എതിർപ്പു പ്രകടിപ്പിച്ചു: 'ഞാൻ സെയ്ന്റ് മേരീസ് നിലവറയുടെ മഠാധിപനാണ്. ഈ സന്ന്യാസി എന്റെ കൈക്കാരനാണ്.'

'മഠങ്ങളിലേക്ക് ഭക്ഷണസാധനങ്ങളും വീഞ്ഞും എത്തിക്കുന്നതാണ് നിങ്ങളുടെ പണി, അല്ലേ? ദശാംശത്തീരുവ പിരിക്കുകയും ചെയ്യുന്നുണ്ട്. ധാരാളം പണം കൈയിലുണ്ടാകുമല്ലോ... ആട്ടെ ആദ്യം ഭക്ഷണം കഴിക്കാം.'

മഠാധിപനും കൈക്കാരനും വീഞ്ഞു കുടിച്ചു. ഭക്ഷണം കഴിച്ചെന്നുവരുത്തിത്തീർത്തു.

റോബിൻ പണം ആവശ്യപ്പെട്ടപ്പോൾ മഠാധിപൻ പറഞ്ഞു:

'പണം തരുന്നതിനെപ്പറ്റി എനിക്കൊന്നും അറിഞ്ഞുകൂടാ. എന്റെ കൈയിൽ പണവുമില്ല.'

'ഒന്നുമില്ലേ?' റോബിൻ എടുത്തു ചോദിച്ചു.

'ഇരുപതു ഷില്ലിങ് മാത്രം. ദൈവത്തിനാണേ അതെന്റെ യാത്രാച്ചെലവിനുള്ളതാണ്.'

'അയ്യോ പാവം!' റോബിൻ സഹതാപത്തോടെ പറഞ്ഞു: ''അതു തികയാതെ വന്നാൽ ഞാൻ കൂടുതൽ തരാം.'' ലിറ്റിൽ ജോണിനോട് ആ മാന്യന്മാരുടെ സഞ്ചികൾ പരിശോധിക്കാൻ റോബിൻ നിർദേശിച്ചു.

കൈയിലിരുന്ന കുറുവടി തറയിലടിച്ച് ഭീഷണിപ്പെടുത്തി ലിറ്റിൽ ജോൺ പരിശോധന പൂർത്തിയാക്കി അറിയിച്ചു:

'എണ്ണൂറു പവനുണ്ട്. കൂടാതെ കുറെ വെള്ളിയും.'

റോബിന്റെ നിർദേശപ്രകാരം ഇരുവർക്കും വീണ്ടും വീഞ്ഞു നല്കി.

'നിങ്ങൾ എവിടേക്കു പോകുന്നു?' റോബിൻ അന്വേഷിച്ചു.

'പ്രിൻസ് ജോണിന്റെ അടുത്തേക്ക്. പണം അദ്ദേഹത്തിനുള്ളതാണ്. ഇതിലൊരു പെനി തൊട്ടുപോയാൽ അദ്ദേഹം നിന്നിൽനിന്നും അത് ഈടാക്കും. മാത്രമല്ല, അഭിവന്ദ്യനായ മഠാധിപതിയുടെ ഒരു സന്ദേശവുമുണ്ട്. ലെഗ്ഗിലെ റിച്ചാർഡിനെതിരെ എടുക്കേണ്ട നടപടിയാണ് അതിലുള്ളത്. അയാൾ വിശുദ്ധമായ പള്ളിയോടും അഭിവന്ദ്യനായ മഠാധിപതിയോടും നിയമലംഘനം നടത്തിയിരിക്കുന്നു.'

ഇതു കേട്ടപ്പോൾ റോബിൻ അറിയിച്ചു:

'സർ റിച്ചാർഡ് എന്റെ സുഹൃത്താണ്. എന്നാൽ സഹോദരനായ റിച്ചാർഡ് രാജാവിനെ വധിക്കാൻ ശ്രമിക്കുന്ന വഞ്ചകനാണ് പ്രിൻസ് ജോൺ. ഈ പണം റിച്ചാർഡ് രാജാവിനുവേണ്ടി ഞാൻ സൂക്ഷിച്ചുവയ്ക്കാം. പിന്നെ വെള്ളിയുടെ കാര്യം. അതു വീഞ്ഞിനും ഭക്ഷണത്തിനുമായി എടുത്തിരിക്കുന്നു. ഇവിടെ വന്നത് കഷ്ടമായിപ്പോയി. അവിടെയെല്ലാം ഡിന്നറിന് നിസ്സാര തുക മതി. ഇവിടെ എന്തു വിലയാണ് കൊടുക്കേണ്ടിവന്നത്!'

അവർ രണ്ടുപേരും പോയിക്കഴിഞ്ഞപ്പോൾ സർ റിച്ചാർഡും സംഘവും തിരക്കിട്ട് എത്തിച്ചേർന്നു.

റോബിൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു സ്വീകരിച്ചു.

'സെയ്ന്റ് മേരീസിലെ മഠാധിപതി തങ്കളുടെ വീടും സ്ഥലവും പിടിച്ചെടുത്തില്ലല്ലോ?' റോബിൻ ചോദിച്ചു.

'ദൈവാധീനവും താങ്കളുടെ കാരുണ്യവും നിമിത്തം അങ്ങനെ സംഭവിച്ചില്ല. ഞാനിത്തിരി വൈകിപ്പോയി. അതിനു ക്ഷമ ചോദിക്കുന്നു.'

സർ റിച്ചാർഡ് വഴിയിലുണ്ടായ സംഭവങ്ങൾ വിവരിച്ചു.

'ഞാൻ നാനൂറു പവൻ കൊണ്ടുവന്നിട്ടുണ്ട്. പലിശയായി ഇരുപതു പവനും.'

'എന്റെ ചങ്ങാതീ, താങ്കൾ എനിക്കു പണം തരാനില്ല. മഠത്തിലെ നിലവറക്കാരൻ സന്ന്യാസി അതെല്ലാം എനിക്കു തന്നു കഴിഞ്ഞു. പണത്തെക്കാൾ എനിക്കാവശ്യം താങ്കളെയാണ്. ആ പണംകൊണ്ട് നല്ലൊരു കുതിരയെ വാങ്ങിക്കൂ. നല്ല പടച്ചട്ടയും

മേടിച്ചോളൂ. അതിന് ആവശ്യമുണ്ടാകും. റിച്ചാർഡ് രാജാവിനുവേണ്ടി പോരാടാം. അല്ലെങ്കിൽ സ്വയം രക്ഷിക്കാം. മഠാധിപതിയോ പ്രിൻസ് ജോണോ താങ്കളെ തിരഞ്ഞു വരും.'

എങ്കിൽ ഞാൻ കൊണ്ടുവന്നിരിക്കുന്ന പാരിതോഷികങ്ങൾ സ്വീകരിക്കുമല്ലോ. എന്റെ എസ്റ്റേറ്റിൽത്തന്നെ തയ്യാറാക്കിയ നൂറു വില്ലുകളും നൂറു കൂട്ടം അമ്പുകളും.

'ഞാൻ സന്തോഷത്തോടെ സ്വീകരിച്ചിരിക്കുന്നു.' റോബിൻ പറഞ്ഞു: 'സമയം തെറ്റിയ വീണ്ടിരിക്കുന്നു. രാത്രിയിൽ വിരുന്നുസൽക്കാരമുണ്ട്.'

# വെള്ളികൊണ്ട് നിർമ്മിച്ച അസ്ത്രം

അപമാനം നേരിട്ട മഠാധിപതി വെറുതെ ഇരുന്നില്ല. ഡിലാമിയർ, വിറാൽ മേഖലകളിലെ വനപ്രവർത്തകർക്കിടയിൽ ഒരു വാദം. ഏതിലാണ് നല്ല വില്ലാളികൾ ഉള്ളത്?

തന്റെ ജനസമ്മിതി വർദ്ധിപ്പിക്കാൻ ഇത് നല്ല അവസരമെന്നുകണ്ട പ്രിൻസ് ജോൺ ഒരു അമ്പെയ്ത്തു മത്സരം പ്രഖ്യാപിച്ചു. വിജയിക്കുള്ള സമ്മാനം വെള്ളികൊണ്ടുണ്ടാക്കിയ അമ്പ്. തലയും ചിറകുകളും സ്വർണ്ണംകൊണ്ട്. മറ്റു വനങ്ങളിലെ പ്രവർത്തകരെയും വില്ലാളികളായ നാട്ടുകാരെയും മത്സരത്തിൽ പങ്കെടുക്കാൻ ക്ഷണിച്ചു.

'അമ്പെയ്യുന്നതുപോലെ, വെടിവയ്ക്കാനും നമുക്കറിയാം എന്നു കാട്ടിക്കൊടുക്കണം. പിന്നെ, ആ വെള്ളിയമ്പ് എനിക്കു വേണംതാനും.' റോബിൻ പറഞ്ഞു.

ഒക്ടോബറിലെ തെളിച്ചമുള്ള ദിവസം. സൂര്യൻ തണുത്തുതന്നെ. അന്തരീക്ഷത്തിൽ മഞ്ഞുകണങ്ങൾ പാറിക്കളിക്കുന്നു.

ഡിലാമിയർ വനാതിർത്തിയിലെ കിങ്സ്ലി പാർക്കിലാണ് മത്സരം. പ്രിൻസ് ജോൺ അല്പം ഉയർന്ന പീഠത്തിലാണ് ഇരിക്കുന്നത്. ചുറ്റും ഉദ്യോഗസ്ഥരും പ്രമാണികളും അനുചരന്മാരും. തന്റെ ജനപ്രീതി വർദ്ധിപ്പിക്കാൻ, സാധുക്കൾക്ക് സൗജന്യമായി ബീറും കാളയിറച്ചിയും വിതരണം ചെയ്യുന്നു.

ഇരുപത്തെട്ട് ഇഞ്ച് നീളമുള്ള അമ്പാണ് മത്സരത്തിനുപയോഗിക്കുന്നത്. കാൽ നാഴിക ദൂരത്താണ് ലക്ഷ്യസ്ഥാനം. നിരവധിപേർ മത്സരത്തിൽ പങ്കെടുത്തു. ആറു വനങ്ങളിൽനിന്ന് ഓരോ ആൾ വീതം അവസാന റൗണ്ട് മത്സരത്തിന് തിരഞ്ഞെടുക്കപ്പെട്ടു.

ഹർഷാരവവും പ്രോത്സാഹനരീതികളുംകൊണ്ട് ദിഗന്തങ്ങൾ മുഴങ്ങി.

മൂന്നുപേരുടെ അസ്ത്രങ്ങൾ സ്വർണ്ണവലയത്തിൽത്തന്നെ നിലയുറപ്പിച്ചു. രണ്ടുപേരുടേത് അതിനടുത്ത ചുവപ്പിലും ഒന്ന് കറുത്ത വലയത്തിലുമാണ് തറച്ചത്.

ആദ്യത്തെ മൂന്നുപേർ---ഡിലാമിയർ, വിറാൽ, ഷെർവുഡ്---വനത്തിൽനിന്നുള്ളവർ. അവരിൽനിന്നാണ് വിജയിയെ കണ്ടെത്തേണ്ടത്. അതിനായി കണ്ണിലേക്ക് അമ്പെയ്യുന്ന മത്സരം. അതാണ് ഫൈനൽ.

സർ റിച്ചാർഡ് കിങ്സ്ലിതന്നെ ഇരിപ്പിടത്തിൽനിന്നെഴുന്നേറ്റുപോയി സുവർണ്ണഫലകത്തിനു നടുവിൽ വെളുത്ത കണ്ണ് അടയാളപ്പെടുത്തി.

സ്വസ്ഥാനത്ത് തിരികെ ചെന്ന് മത്സരം തുടങ്ങുന്നതിനുള്ള കാഹളമൂതി.

ഡിലാമിയർ ആണ് ആദ്യം വന്നത്. ഹി... ഹി... എന്ന് ഒച്ചയിട്ടുകൊണ്ട്. അസ്തമയസൂര്യന്റെ വെളിച്ചത്തിൽ അമ്പ് ഒരു തവിട്ടു മിന്നൽപ്പിണർപോലെ പറന്നു. കണ്ണിൽനിന്ന് ഒരു തലനാരിഴയ്ക്ക് വ്യത്യാസം.

പിന്നെ വിറാൽ. അമ്പ് ഉദ്ദേശിച്ച സ്ഥലത്തുതന്നെ പതിച്ച് താഴെവീണു.

'വിറാലിനുതന്നെ.' സർ റിച്ചാർഡ് പ്രഖ്യാപിച്ചു: 'ഷെർവുഡ് ഇതിനെക്കാൾ നന്നായി ചെയ്തില്ലെങ്കിൽ...'

ബ്യൂഗിൾ വീണ്ടും മുഴങ്ങി പ്രതിധ്വനിച്ചു.

ഷെർവുഡുകാരൻ സാവധാനം എഴുന്നേറ്റ് അമ്പ് തൊടുത്തുവിട്ടു. അത് ല

ക്ഷ്യത്തിലെത്തുംമുമ്പുതന്നെ അവൻ തിരിഞ്ഞുനടന്നു.

പ്രചണ്ഡമായൊരു കാറ്റ് നയിക്കുംപോലെയാണ് അമ്പ് പറക്കുന്നത്. എല്ലാ കണ്ണുകളും അതിനെ പിന്തുടർന്നു. സർവ്വം നിശ്ശബ്ദം. കാണികൾ ഉള്ളിലേക്ക് വായുവലിക്കുന്ന ശബ്ദംമാത്രം.

'കണ്ണിന്റെ കേന്ദ്രസ്ഥാനത്തുതന്നെ.' ഹർഷാരവത്തിനിടയിൽ സർ റിച്ചാർഡ് കിങ്സ്ലി പ്രഖ്യാപിച്ചു: 'ഷെർവുഡുകാരൻ സമ്മാനം വാങ്ങാൻ മുമ്പോട്ടുവരട്ടെ.'

തലപ്പാവ് അണിഞ്ഞുകൊണ്ടുതന്നെ പൊക്കംകൂടിയ ആ ഷെർവൂഡുകാരൻ, പടികയറി വന്നു; പ്രിൻസ് ജോണിന്റെ മുമ്പിൽ മുട്ടുകുത്തി.

'മുഖം കാണിക്ക്.' ചെസ്റ്ററിലെ ഷെരീഫ് വില്ലാളിയുടെ തലപ്പാവ് എടുത്തുമാറ്റി.

'ഈ രജതാസ്ത്രം ഞാനിവന് സമ്മാനിക്കുന്നു. ഷെർവൂഡുകാരാണ് എല്ലാവരിലും മികച്ചുനില്ക്കുന്നത്.' പ്രിൻസ് ജോൺ തുടർന്നു: 'രണ്ടാംസ്ഥാനം വിറാലിനും, മൂന്നാം സ്ഥാനം ഡിലാമിയറിനും.'

തല കുനിച്ച് നന്ദി പറഞ്ഞുകൊണ്ടവൻ അമ്പ് സ്വീകരിച്ചു.

'നിന്റെ പേരെന്താണ്?'

'റോബർട്ട് ഫിറ്റ്സ് വില്യം.'

'ഇവൻതന്നെയാണ് ഫിറ്റ്സൂത് എന്നവൻ.' ആരോ പറഞ്ഞു.

'പ്രശസ്തനായ ഇവനെ കാണാനിടയായതിൽ എനിക്കു സന്തോഷമുണ്ട്.' പ്രിൻസ് ജോൺ തുടർന്നു: 'അവനെ കഴുമരത്തിൽ കാണുന്നതിനുമുമ്പുതന്നെ!'

റോബിൻ നേരെ നിവർന്നുനിന്നു: 'ഇത് ലജ്ജാകരമാണ് പ്രിൻസ്. ന്യായമായ രീതിയിൽ സമ്മാനം നേടിയ ഒരു അതിഥിയെ അവമാനിക്കുന്നത്.'

റോബിൻ സ്ഥലംവിട്ടു.

'അവനെ ഇപ്പോൾ പിടിക്കുന്നത് ഒരു കലാപത്തിന് ഇടയാക്കിയേക്കും.'

മത്സരത്തിൽ പങ്കെടുക്കാൻ റോബിൻ തീർച്ചയായും എത്തുമെന്ന് അറിവുള്ള സർ ഗൈ, അവനെ വലയിലാക്കാൻ എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്.

'ഡിലാമിയറിന്റെ ഉൾക്കാടുകളിലേക്ക് നമുക്കു പോകാം.' റോബിൻ, ലിറ്റിൽ ജോണിനോടും സ്കാർലറ്റിനോടുമായി പറഞ്ഞു: 'അവർ നമ്മെ വലയിലാക്കാനുള്ള എല്ലാ കരുതലുകളും എടുത്തിരിക്കും. മൂന്നുനാലമ്പുകൾ മാത്രം ബാക്കിവെച്ച് എല്ലാം പ്രയോഗിക്കുക.'

കാട്ടിൽ ഒരു ബ്യൂഗിൾവിളി മുഴങ്ങി. സർ ഗൈ ആയുധധാരികളുടെ ഒരു വലിയ സംഘത്തോടൊപ്പം ചാടിവീണു.

'റോബിൻ, കീഴടങ്ങുന്നതാണു നല്ലത്.'

'ഇതാണെന്റെ മറുപടി. റോബിൻ ഒരമ്പയച്ചുകൊണ്ട് റോബിൻ പറഞ്ഞു. അത് ഗൈയുടെ ഹെൽമെറ്റിൽ പതിച്ച് അയാൾ കുതിരപ്പുറത്തുനിന്ന് മറിഞ്ഞുവീണു.'

പിന്നെ അമ്പുകളുടെ ഒരു പ്രവാഹംതന്നെ. ധാരാളം പേർ നിലത്തുവീണു. റോബിന്റെ രണ്ടാളുകളും. പൊന്തക്കാടുകളിൽനിന്ന് കൂടുതൽ ആയുധധാരികൾ വന്നുകൊണ്ടിരുന്നു. റോബിന്റെ മൂന്നുപേർകൂടി അമ്പേറ്റ് നിലംപതിച്ചു. ലിറ്റിൽ ജോണിന്റെ മുട്ടിനാണ് പരിക്ക്.

'എനിക്കിനി ഓടാനാവില്ല. പ്രിൻസ് ജോണിന്റെ കൈയാൽ മരിക്കാനിടയാകരുത്. സർ ഗൈ ഇവിടെയെത്തുംമുമ്പ് എന്നെയൊന്ന് കൊന്നുതരണം.' അയാൾ റോബിനോടപേക്ഷിച്ചു.

'പ്രിയ ജോൺ, നീ മരിച്ചിട്ട് ഞാൻ ജീവിച്ചിരിക്കയോ? വിവാഹം കഴിയുന്നതിനുമുമ്പ് മരിയൻ വിധവയായാലും ഞാൻ നിന്റെകൂടെ മരിക്കും.'

'അവനെ എന്റെ പുറത്തു കയറ്റൂ. നമ്മുടെ അമ്പുകൾ ഏതാണ്ട് തീർന്നുകഴിഞ്ഞു. മച്ച്, നീ ചെറുപ്പമാണ്. രക്ഷപ്പെടാൻനോക്ക്. ഇരുട്ടുവന്നാൽ രക്ഷയായി. നമ്മുടെ ഒളിസങ്കേതം മറ്റാരും കാണില്ല.'

മച്ച് തിരികെ ഓടിവന്നു. 'അവിടെയൊരു കല്വീട് ഉണ്ട്. ഗോപുരവുമുണ്ട്. വെള്ളവും.'

റോബിൻ കിതയ്ക്കുന്നു.

'മച്ച്, അവിടെ ആരാണ് താമസിക്കുന്നത്?'

'വാതിലിനടുത്ത പാറയിൽ, സ്വർണ്ണ നിറത്തിൽ ഒരു ഷീൽഡ്. അതിൽ ചാടുന്ന സിംഹം ചുവപ്പുനിറത്തിൽ.'

'അത് ലെഗ്ഗിലെ സർ റിച്ചാർഡിന്റെ ചിഹ്നമാണ്. മച്ച്, നീ തിരിച്ചുപോ, എന്നിട്ടു കാര്യം പറയ്.'

റോബിനും കൂട്ടുകാരും എത്തിയപ്പോഴേക്ക് കിടങ്ങിനു മുകളിൽ പാലംവച്ച് സർ റിച്ചാർഡ് കാത്തുനില്പാണ്.

'വരൂ, ഇത്രവേഗം ഒരു പ്രത്യുപകാരം ചെയ്യാൻ കഴിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു.'

'ഞാൻ വന്നത് നിങ്ങൾക്ക് ആപത്ത് ഉണ്ടാക്കിയേക്കും.' കിതച്ചുകൊണ്ട് റോബിൻ ലിറ്റിൽ ജോണിനെ താഴെയിറക്കി.

എല്ലാവരും ഉള്ളിലെത്തിയപ്പോൾ കിടങ്ങിന്റെ പാലം വലിച്ചുനീക്കപ്പെട്ടു.

'റിച്ചാർഡ് രാജാവിനു താഴെ എന്റെ തലപ്പത്ത് ഒരാളേയുള്ളൂ; ചെസ്റ്ററിലെ റാനുൽഫ് പ്രഭു. ഗിസ്ബോൺ ഇതിന്റെ വില അറിയും. ഞാൻ പന്ത്രണ്ടു ദിവസത്തേക്ക് നിങ്ങളെ തടവിലിടാൻ പോകുന്നു.' സർ റിച്ചാർഡ് പറഞ്ഞുനിർത്തി.

അടുത്ത പ്രഭാതത്തിൽ സർ ഗൈ ഒരു വലിയ പടയോടൊപ്പമെത്തി. റോബിൻ ഹുഡും പരിവാരവും കീഴടങ്ങണമെന്ന് സർ റിച്ചാർഡിനോടാവശ്യപ്പെട്ടു.

'ഞാൻ ലെഗ്ഗിന്റെ പരമാധികാരിയാണ്. രാജാവിനോ ചെസ്റ്റർ പ്രഭുവിനോ മാത്രമേ എന്നോടു കല്പിക്കാൻ അധികാരമുള്ളൂ.'

'ലോക്സ്ലിയിലെ റോബർട്ട് എന്റെ അതിഥിയാണ്. യാതൊരുതരത്തിലും വിട്ടുതരാനാവില്ല.'

സർഗൈ തിരിച്ചു മടങ്ങി.

പന്ത്രണ്ടു ദിവസത്തിനുശേഷം റോബിനും കൂട്ടുകാരും സ്വന്തം താവളത്തിലേക്കു തിരിച്ചുപോയി.

പിന്നീടൊരു ദിവസം സർ റിച്ചാർഡ്, രണ്ട് അനുചരന്മാരുമായി സമീപപ്രദേശത്തു പോയപ്പോൾ പിടിക്കപ്പെട്ടു; നോട്ടിങ്ഹാമിലെ ജയിലിൽ അടച്ചു.

സർ റിച്ചാർഡിന്റെ പത്നി, റോബിൻ ഹുഡിനെ വിവരം അറിയിച്ചു.

'ഞാൻ കൂടെ വരാം. റാനുൽഫ് പ്രഭുവിനോട് കാര്യങ്ങൾ പറയാം.'

ഒരു രാജാവിന്റെ സ്ഥാനമുള്ള ചെസ്റ്റർ പ്രഭുവായ റാനുൽഫ്, ചെഷയറിൽനിന്ന് ഒരു സൈന്യത്തോടൊപ്പം നോട്ടിങ്ഹാമിലെത്തി സർ റിച്ചാർഡിനെ ഉടനെ സ്വതന്ത്രനാക്കി.

# റോബിൻ ഹുഡും കശാപ്പുകാരനും

ഷെർവൂഡിലെ അന്തേവാസികൾക്ക് പിടിപ്പതു പണിയുണ്ട്. ഭക്ഷണത്തിനു വേണ്ടതെല്ലാം സ്വയം കണ്ടെത്തണം; അമ്പെയ്തും വേട്ടയാടിയും. ഷെരീഫിന്റെയും ഗൈയുടെയും നീക്കങ്ങൾ നിരീക്ഷിക്കയും വേണം.

ലിറ്റിൽ ജോണും റോബിനുംകൂടി നോട്ടിങ്ഹാം റോഡിലൂടെ നടക്കുമ്പോൾ, എതിരെ ഒരു മനുഷ്യൻ വരുന്നു; വണ്ടിയിൽ മാംസവുമായി.

ആഴ്ചയിൽ രണ്ടുതവണ അയാൾ കടന്നുപോകാറുണ്ടെന്ന് ലിറ്റിൽ ജോൺ പറഞ്ഞു.

'എന്നിട്ടയാൾ ടോൾ തരുന്നില്ലല്ലോ. ഞാനൊന്നു പോയിനോക്കാം.'

ആയുധം അവിടെയിട്ട് ഓക്കുമരത്തിന്റെ ശാഖയുമായാണ് റോബിൻ പോയത്.

റോബിൻ കുതിരയുടെ കടിഞ്ഞാൺ പിടിച്ചുവെച്ചു. വണ്ടിക്കാരൻ കുപിതനായി: 'നിനക്കെന്തു വേണം?'

'നീയെനിക്ക് ടോൾ തന്നില്ല.'

'നീയാരാണ്, വനപാലകനോ? നോട്ടിങ്ഹാമിലെ ഷെരീഫിനുവേണ്ടിയാണ് ഞാൻ ജോലി ചെയ്യുന്നത്.'

'ഞാൻ റോബിൻ ഹുഡിന്റെ ആളാണ്. ടോൾ തരുന്നില്ലെങ്കിൽ നീയെന്നോട് ശിക്ഷ വാങ്ങിക്കും.'

രണ്ടുപേരും കുറുന്തടികൊണ്ട് നല്ലൊരു യുദ്ധംതന്നെ നടത്തി. റോബിൻ ഹുഡിനു കണ്ണിനു സമീപം പരിക്കേറ്റെങ്കിലും ഇറച്ചിക്കാരനെ മലർത്തിയടിച്ചു.

ലിറ്റിൽ ജോൺ വന്നു.

ഇറച്ചിക്കാരന് വീഞ്ഞുകൊടുക്കാൻ റോബിൻ ഹുഡ് പറഞ്ഞു.

'നീ ഒരു എല്ലൻ യോദ്ധാവുതന്നെ. ഞാൻ കരുതി റോബിൻ ഹുഡ് ആണെന്ന്.'

ഞാൻ റോബിൻ ഹുഡ്തന്നെ.

'എങ്കിൽ, തോറ്റതിൽ ലജ്ജയില്ലെനിക്ക്.'

താവളത്തിൽ ഭക്ഷണം കഴിഞ്ഞ്, കശാപ്പുകാരന്റെ വേഷവിധാനങ്ങൾ റോബിൻ ഏറ്റുവാങ്ങി, സ്വയം വേഷം മാറി. അപകടം പ്രതീക്ഷിക്കാമെന്ന് വിൽ സ്കാർലറ്റ് മുന്നറിയിപ്പു നല്കി.

'കാട്ടിലെ മാറ്റമില്ലാത്ത ജീവിതം എനിക്കു മടുത്തു. പുറംലോകത്ത് എന്തു നടക്കുന്നുവെന്നറിയണം. റിച്ചാർഡ് രാജാവ് യൂറോപ്പിലെവിടെയോ തടവറയിലാണ്. കണ്ടുപിടിക്കാൻ, സഹോദരൻ പ്രിൻസ് ജോൺ യാതൊരു ശ്രമവും നടത്തുന്നുമില്ല.'

വേഷം മാറിയ റോബിൻ, ഒരു കണ്ണിനു മീതെ കറുപ്പ് ലിനൻ ഒട്ടിച്ചുവെച്ചു.

നോട്ടിങ്ഹാം മാർക്കറ്റിൽ എത്തിയപ്പോൾ വണ്ടി നിർത്തി വിളിച്ചുകൂവി: 'പുതിയ മാംസം, പുതിയ മാംസം. റാത്തലിന് ഒരു പെനി മാത്രം.'

'ഈ കച്ചവടത്തിൽ അയാൾക്ക് മുൻപരിചയമില്ല. ഇങ്ങനെ വിറ്റാൽ, ജീവിക്കാനുള്ള വക എങ്ങനെയുണ്ടാക്കും?' ചിലർ പറയുന്നു.

വില കുറവെന്നറിഞ്ഞ് ധാരാളം സ്ത്രീകൾ ഇറച്ചി വാങ്ങാനെത്തി. തിരക്കു കഴിഞ്ഞാണ് ഷെരീഫിന്റെ ഭാര്യ വന്നത്. നല്ല മാംസവും വില കുറവുമാണെന്ന് കണ്ടു. അവനെ വീട്ടിലേക്കു വിളിച്ചു; ബാക്കി മുഴുവൻ തനിക്കു വേണം.

അവനെ അത്താഴത്തിനു ക്ഷണിക്കുകയും ചെയ്തു. അത്താഴസമയത്ത് റോബിൻ ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കി.

റിച്ചാർഡ് രാജാവ് ജീവിച്ചിരിപ്പുണ്ട്. എന്നാൽ മരിച്ചെന്നു വരുത്തി പ്രിൻസ് ജോൺ രാജാവാകാൻ ശ്രമിക്കുന്നു.

ബ്ലോൺഡെൽ എന്ന രോഗിയായ ഒരുത്തൻ രാജാവിനെ തിരഞ്ഞുപോയിട്ടുണ്ട്. ഒരു ഗായകനായതിനാൽ അവന് എവിടെയും പ്രവേശനമുണ്ട്.

'പ്രഭുക്കന്മാരും ധനികന്മാരുമെല്ലാം പ്രിൻസ് ജോണിനെ അംഗീകരിച്ചിട്ടുണ്ടോ?'

'അതാണ് പ്രശ്നം. ചെസ്റ്റർ പ്രഭുവിനെപ്പോലെ കുറെപ്പേർ എതിരാണ്.'

'കൊമ്പുള്ള മൃഗങ്ങൾ വേറെയുമുണ്ടോ?' എന്നായി ഷെരീഫിന്റെ ചോദ്യം. മുറിച്ച മാംസത്തെക്കാൾ, മുഴുവനായിത്തന്നെ വേണം ഷെരീഫിന്.

'മുന്നൂറോളം ഉണ്ട്. ഏക്കറുകണക്കിന് സ്ഥലത്താണവ. അച്ഛൻ തന്നതാണെല്ലാം. വേണമെങ്കിൽ പോയി കാണാം.'

'അതു മുഴുവൻ എനിക്കു വേണം. നല്ല വില തരാം.'

പിറ്റേദിവസം നല്ലൊരു പ്രാതലും കഴിഞ്ഞ് രണ്ടുപേരും പോകാനൊരുങ്ങി. അനുചരന്മാർ രണ്ടുപേർ മാത്രം.

ഷെരീഫ് ധാരാളം സംസാരിക്കുകയും ചിരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ യാത്ര ഷെർവുഡ് വനത്തിന്റെ ഉൾപ്രദേശത്തേക്കാണെന്നു കണ്ട് നിശ്ശബ്ദനായി.

'ഇനിയും കുറേ ദൂരം പോകാനുണ്ടോ? റോബിൻ ഹുഡിൽനിന്ന് നാം ര ക്ഷപ്പെടുമല്ലോ?'

'റോബിൻ ഹുഡിനെക്കാൾ നല്ല വില്ലാളിയാണ് ഞാൻ.'

'അവൻ എവിടെ ഒളിച്ചിരിക്കുന്നുവെന്നറിയാമോ?'

'തീർച്ചയായും.'

'ഞാൻ നിനക്കു നല്ല പ്രതിഫലം തരും, അവനെ കാട്ടിത്തന്നാൽ.'

'അല്പം നില്ക്ക്. ഇവിടെയാണ് കൊമ്പുള്ള മൃഗങ്ങൾ ഉള്ളത്. ഞാനെന്റെ കുഴൽ വിളിച്ചാൽ എന്റെ ആളുകൾ അവയെ ഇങ്ങോട്ട് ആട്ടിത്തെളിക്കും.'

റോബിൻ മൂന്നു തവണ കുഴൽ വിളിച്ചു കാത്തുനിന്നു. പൊന്തക്കാട്ടിൽ ഒച്ചപ്പാട്. കൊമ്പുകുലുക്കിക്കൊണ്ട് ഒരു സംഘം ചുവന്ന മാനുകൾ അവിടേക്കെത്തി.

'എങ്ങനെയുണ്ട്, മാസ്റ്റർ ഷെരീഫ്?'

'എന്റെ ചങ്ങാതീ, ഇവിടെ വരേണ്ടിയിരുന്നില്ല എന്നു തോന്നുന്നു.' അയാൾ അസ്വസ്ഥനായി പറഞ്ഞു: 'നിന്റെ ചങ്ങാത്തം എനിക്കിഷ്ടപ്പെടുന്നില്ല.'

'എന്നാൽ കുറച്ചുകൂടി നല്ല കൂട്ട് ലഭിക്കും. പൊന്തക്കാട് വകഞ്ഞുമാറ്റിക്കൊണ്ട് ലിറ്റിൽ ജോൺ, വിൽ സ്കാർലറ്റ്, മച്ച്, റെയ്നോൾഡ്, വില്യം ഗോൾഡ്ബറോ തുടങ്ങിയ കുറേ നിയമഭ്രഷ്ടർ കടന്നുവന്നു.

'എന്താണ് മാസ്റ്റർ ആഗ്രഹിക്കുന്നത്?' ലിറ്റിൽ ജോൺ ആരാഞ്ഞു, 'നോട്ടിങ്ഹാമിൽ എങ്ങനെ? ഇറച്ചിക്കച്ചവടം പൊടിപൊടിച്ചുവോ?'

'നല്ല കച്ചവടം.' റോബിൻ തന്റെ പ്രച്ഛന്നവേഷമെല്ലാം അഴിച്ചുമാറ്റി. 'നോട്ടിങ്ഹാം ഷെരീഫിനെ ഞാൻ അത്താഴത്തിനായി കൊണ്ടുവന്നിരിക്കുന്നു.'

'സ്വാഗതം. ഭക്ഷണത്തിന്റെ വില തരുമല്ലോ.'

'തീർച്ചയായും. മുന്നൂറ് മാൻതലകൾ വിലയ്ക്കെടുക്കാനുള്ള പണം കൊണ്ടുവന്നിട്ടു ണ്ട്. പിന്നെ, നമ്മുടെ രഹസ്യസങ്കേതം കാണിക്കുന്നതിന് വേറെയും പണം

വാഗ്ദാനം ചെയ്തിട്ടുണ്ട്.'

ഷെരീഫ് ഭീതികാരണം വിറച്ചു.

'നീ ആരാണെന്ന് ഊഹിക്കാനെങ്കിലും കഴിഞ്ഞിരുന്നെങ്കിൽ, ആയിരം പവൻ തന്നാലും ഞാൻ ഷെർവൂഡിലേക്ക് വരില്ലായിരുന്നു.'

'അയാളുടെ കണ്ണുകൾ മൂടിക്കെട്ടി നമുക്ക് താവളത്തിലേക്കു കൊണ്ടുപോകാം.'

അവർ ഒളിഞ്ഞ താവളത്തിലെത്തി.

ഷെരീഫിനും രണ്ട് അനുയായികൾക്കും നല്ലപോലെ ഭക്ഷണംകൊടുത്തു. അഞ്ഞൂറുപവൻ അയാളിൽനിന്നു കണ്ടെടുക്കുകയുംചെയ്തു.

'മൂന്നു കുതിരകളെയും ഇവിടെ നിർത്താം. നോട്ടിങ്ഹാമിലേക്കു നടന്നുപോകുന്നത് അവരുടെ ആരോഗ്യത്തിനു നന്ന്. പിന്നെ, ഷെരീഫിന്റെ പത്നിക്ക് ലേഡി മരിയന്റെ വകയായി ഒരു ചിത്രത്തൂവാല കൊടുത്തയയ്ക്കാം. അവർ എനിക്ക് നല്ലൊരു ആതിഥേയ ആയിരുന്നു.'

'റോബിൻ, നിനക്കെന്നെ അധികകാലം കബളിപ്പിക്കാനാവില്ല. ഒരു വൻ പടയുമായി ഞാൻ വരും. എല്ലാവരെയും വധിച്ച് പാതയോരത്തെ മരങ്ങളിൽ കെട്ടിത്തൂക്കും. നിന്റെ തല നോട്ടിങ്ഹാം ഗേറ്റിൽ ചീഞ്ഞഴുകും.'

'അടുത്ത തവണ ഇവിടെ വരുമ്പോൾ ഇത്ര എളുപ്പത്തിൽ തിരിച്ചുപോകാമെന്ന് കരുതിയേക്കരുത്.'

ഇറച്ചിവില്പനക്കാരൻ ഗിൽബർട്ട് വൈറ്റ്ഹാൻഡിന് വണ്ടിയും കുതിരയും വേഷങ്ങളും തിരിച്ചേല്പിച്ചു. ഒരു മാനിനെ കൊന്നതിന് കൈ പൊള്ളിക്കപ്പെട്ട അയാൾ പക്ഷേ, തിരിച്ചുപോയില്ല.

# യാചകരുടെ സാഹസം

റോബിന്റെ പ്രവർത്തനം കണ്ട് ലിറ്റിൽ ജോണിന് അസൂയ തോന്നി. അവനത് പറയുകയും ചെയ്തു.

'ഞാനും വേഷം മാറി പോയി നോക്കട്ടെ.' രണ്ടുപേരുംകൂടി നോട്ടിങ്ഹാംപാതയിലേക്കിറങ്ങി.

അക്കാലത്ത് യാചകർ ധാരാളമുണ്ടായിരുന്നു. യാചനകൊണ്ടു വേണ്ടതു കിട്ടിയില്ലെങ്കിൽ പിടിച്ചുപറിക്കുകയും ആളുകളെ കൊല്ലുകയും ചെയ്തുവന്നു.

ഒരു യാചകൻ വലിയ വടിയുമായി നടന്നുവരുന്നു. സന്തോഷത്തോടെ പാടുന്നുമുണ്ട്.

റോബിൻ ഒളിച്ചിരുന്നു. ലിറ്റിൽ ജോൺ മുമ്പോട്ടു പോയി യാചകനെ തടഞ്ഞു.

യാചകന്റെ കൈയിലുള്ള ഒരു പെനി നാണയം തനിക്കു വേണമെന്നു പറഞ്ഞുകൊണ്ടാണ് ലിറ്റിൽ ജോൺ പോരിനിറങ്ങിയത്. സമർത്ഥനായ യാചകൻ ജോണിനെ തട്ടിമറിച്ചിട്ടു. മറഞ്ഞിരുന്ന റോബിൻ അമ്പും വില്ലും തയ്യാറാക്കിവച്ചു.

യാചകൻ പെട്ടെന്നുതന്നെ ലിറ്റിൽ ജോണിന്റെ വസ്ത്രവും തൊപ്പിയും എല്ലാം ഊരിയെടുത്ത് സ്വയം അണിഞ്ഞു. പേഴ്സ് കൈയ്ക്കലാക്കി സ്ഥലം വിട്ടു.

റോബിൻ ഒരു ചിരിയോടെ 'ബെഗ്ഗർ ജോൺ' എന്നു പറഞ്ഞുകൊണ്ട് സ്ഥലത്തെത്തി. ഉടൻതന്നെ റോബിൻ അതിവേഗം നടന്ന് യാചകനോടൊപ്പമെത്തി.

ഇതും ജോണിനെപ്പോലൊരാൾതന്നെ എന്നു യാചകൻ കരുതി. നിന്നെ അടിച്ചുവീഴ്ത്തിയാൽ എനിക്ക് മാടമ്പിവേഷംതന്നെ കിട്ടുമല്ലോ. എന്നായി അവൻ.

എന്നാൽ ഇത്തവണ നിലംപൊത്തിയത് യാചകൻ. അവൻ കൈകൂപ്പി: 'ദയവായി എന്നെ കൊല്ലരുതേ. എന്റെ കൈയിലുള്ളതെല്ലാം തരാം ഞാൻ.'

ഒരു വിരി നിലത്തിട്ട് അവൻ എല്ലാം അതിൽ വെച്ചു. അതിൽ ഏതെടുക്കണമെന്ന് നോക്കുകയാണ് റോബിൻ.

യാചകൻ തന്ത്രപൂർവം തന്റെ കൈയിലെ കിഴിയിൽനിന്ന് ധാന്യപ്പൊടി റോബിന്റെ കണ്ണിലെറിഞ്ഞു. ക്ഷണനേരത്തേക്ക് റോബിൻ അമ്പരന്നുപോയി. റോബിന്റെ വസ്ത്രങ്ങളും പേഴ്സും അവൻ തട്ടിയെടുത്തു.

റോബിൻ യാത്ര തുടർന്നു. യാചകന്റെ വസ്ത്രം, പാറിപ്പറന്ന മുടി, ദേഹത്ത് രക്തം, ഒട്ടിപ്പിടിച്ച് ധാന്യമാവ്.

അവൻ നോട്ടിങ്ഹാമിലെത്തി. തുറസ്സായ സ്ഥലത്ത് വലിയൊരു ജനക്കൂട്ടം. നടുവിൽ ഒഴിഞ്ഞ സ്ഥലത്ത് മൂന്നുപേരെ ഒരു തൂണിൽ കെട്ടിയിരിക്കുന്നു. മാനിനെ കൊന്നതിന് ശിക്ഷ നടപ്പാക്കുകയാണ്, കണ്ണുകുത്തിപ്പൊട്ടിക്കൽ.

'നിങ്ങൾ എന്തുകൊണ്ട് പ്രതിഷേധിക്കുന്നില്ല.'

'നാട്ടുകാരായ ഞങ്ങളെയെല്ലാം അവർ അറിയും. പിന്നെ ഞങ്ങളെയും കുടുംബത്തെയും നശിപ്പിക്കും.'

ശിക്ഷ നടപ്പിലാക്കുന്നവൻ പഴുപ്പിച്ച കൊടിലുമായി വന്നു. ജനക്കൂട്ടത്തിനിടയിലൂടെ അവൻ തിക്കിത്തിരക്കി ഉള്ളിലേക്കു നടക്കുന്നു. റോബിന്റെ അടുത്തെത്തിയപ്പോൾ അവൻ എങ്ങനെയോ വീണു. ജനത്തിന്റെ തള്ളലിൽപ്പെട്ട മട്ടിൽ റോബിൻ അവന്റെ പുറത്തുവീണു. ദീനമായൊരു കരച്ചിൽ കേട്ട്. ക്യാപ്റ്റൻ ഓടിയെത്തി. രണ്ടുപേരെയും

പിടിച്ചുപൊക്കി. കൊടിൽ പിടിച്ചവന്റെ മുഖത്ത് 'U'ആകൃതിയിൽ ശക്തമായ പൊള്ളൽ, വാരിയെല്ലുകളും പൊട്ടിയിട്ടുണ്ട്. അവൻ കുഴഞ്ഞു നിലത്തുവീണു.

റോബിൻ ക്ഷമായാചനം ചെയ്തു: 'ആൾക്കൂട്ടം എന്നെ ഉന്തിയിട്ടതാണ്.'

'ഇവനെ ബെൽറ്റുകൊണ്ട് ഇരുപത് അടി അടിക്ക്. അല്ല, വരട്ടെ. ഈ ശിക്ഷ നീ നടപ്പാക്കുമോ?'

'ഞാൻ ചെയ്യാം.' ജനം മുറുമുറുക്കുകയും ശപിക്കുകയും ചെയ്തു.

'അവരുടെ ബന്ധനം ശരിക്കാണോ എന്നു നോക്കിവരട്ടെ ഞാൻ.' വടിയാക്കിപ്പിടിച്ച വില്ലുംകൊണ്ടാണ് റോബിൻ പോയത്. ചരടിന്റെ കെട്ടുകളിൽ കൈവെച്ചതായി എല്ലാവരും കണ്ടു. വടിയും അവിടെവെച്ചു.

ക്യാപ്റ്റൻ ഒരിക്കൽക്കൂടി കുറ്റപത്രം വായിച്ചു. മുഖം പൊള്ളിക്കലാണ് ശിക്ഷ.

റോബിൻ ഹുഡ് കഴുകുമരത്തിനടുത്തെത്തി. ചുട്ടുപഴുത്ത കൊടിൽ ഉയർത്തി. പെട്ടെന്ന് തിരിഞ്ഞ് ക്യാപ്റ്റന്റെ മുഖത്തേക്ക് കൊടിൽ ശക്തിയിൽ വലിച്ചെറിഞ്ഞു.

ശ്മശാന നിശ്ശബ്ദത! ക്യാപ്റ്റന്റെ ദീനരോദനം മാത്രം.

'ഞാൻ റോബിൻ ഹുഡ് ആണ്.' റോബിൻ ആൾക്കൂട്ടത്തിലൂടെ പുറത്തേക്ക് വഴിയുണ്ടാക്കി. എഴുന്നേല്ക്കാൻ ശ്രമിച്ച് ക്യാപ്റ്റനു നേരെ അമ്പെയ്യുകയും ചെയ്തു.

മോചിതരായ മൂന്നുപേരുമൊത്ത് റോബിൻ വനത്തിലെത്തി.

മേല്പറഞ്ഞ സംഭവങ്ങൾ നോട്ടിങ്ഹാമിൽ നടക്കവേ, ലിറ്റിൽ ജോൺ ഒരു യാചകന്റെ വേഷം ധരിച്ച് തങ്ങളെ കബളിപ്പിച്ച യാചകനെ തേടിയിറങ്ങി.

കാട്ടിലെ ഒരു വെളിമ്പ്രദേശത്ത് എത്തി. മറ്റു മൂന്നു യാചകരോടൊപ്പം അയാൾ, തീയുടെ സമീപമിരിക്കുന്നു. യാചകരിൽ ഒരാൾ ബധിരനും ഊമയുമെന്നു തോന്നിച്ചു. രണ്ടാമൻ മുടന്തൻ; മൂന്നാമനാകട്ടെ അന്ധനും.

എല്ലാവരെയും അഭിവാദ്യംചെയ്തുകൊണ്ട് ലിറ്റിൽ ജോൺ പറഞ്ഞു: 'എന്നെപ്പോലുള്ളവരെ കണ്ടതിൽ സന്തോഷം. യാചനകൊണ്ട് നിങ്ങൾ എന്നെക്കാൾ കൂടുതൽ നേടിയിരിക്കുമല്ലോ?'

മുടന്തനാണ് മറുപടി പറഞ്ഞത്: 'ഞങ്ങൾ നന്നായി പണിയെടുക്കുന്നുണ്ട്. എന്നിട്ട്, ഇപ്പോഴും നിന്നെപ്പോലെതന്നെ കൈയിൽ പൈസയൊന്നുമില്ല.'

'നിങ്ങളുടെ കൂട്ടത്തിൽ വില്ലനും വഞ്ചകനുമായ ഒരുത്തനുണ്ട്.' തന്റെ വസ്ത്രം ധരിച്ചവനെ ചൂണ്ടി ജോൺ തുടർന്നു: 'അത് യാചകനല്ല, കവർച്ചക്കാരനാണ്.'

അയാൾ ചാടീയെഴുന്നേറ്റു.

'മറ്റുള്ളവരെപ്പോലെ ഞാനും ശരിയായ യാചകനാണ്. നീതന്നെയാണ് വഞ്ചകൻ. നമുക്കിവനെ പിടിച്ചുകെട്ടാം.'

വർദ്ധിച്ച കോപാവേശത്തോടെ ലിറ്റിൽ ജോൺ ഒരൊറ്റ ഇടികൊണ്ട് അവനെ തള്ളിയിട്ടു.

തിരിഞ്ഞുനോക്കുമ്പോൾ കണ്ട കാഴ്ച!

തന്നെ പിന്നിൽനിന്ന് ആക്രമിക്കാൻ വാളുകളും കത്തികളുമായി മൂന്നു യാചകർ.

'ങ്ഹാ, ഇടിച്ചുവീഴ്ത്താൻ പോക്രികൾ ഇനിയുമുണ്ടല്ലോ.' ആദ്യം ഇടിച്ചുവീഴ്ത്തിയത് ബധിരനും ഊമയുമായവനെ. അവൻ കരുണയ്ക്കായി കേണു.

'അദ്ഭുതംതന്നെ. ഊമ സംസാരിക്കുന്നു. ഇനി, കുരുടന് കണ്ണു കാണുമോയെന്നു നോക്കട്ടെ.'

അവനും കൊടുത്തു ഒരിടി. എന്നിട്ടും അവനൊരു നീണ്ട കത്തിയുമായി എതിരിട്ടു.

ലിറ്റിൽ ജോൺ അവനെ തലകീഴായി മറിച്ചിട്ടു.

കാര്യം പന്തിയല്ലെന്നു കണ്ട ഒന്നരക്കാലൻ, മടക്കിക്കെട്ടിവെച്ച കാൽ നിവർത്ത് രണ്ടു കാലിൽ ഓടാൻ തുടങ്ങി.

'കൂടുതൽ അതിശയങ്ങൾ!' ജോൺ പിറകേ ഓടി. അവനെയും അടിച്ചു നിലംപരിശാക്കി.

ഒന്നാം യാചകന്റെ ശരീരത്തിൽനിന്ന്, തന്റേതായ വസ്ത്രങ്ങളെല്ലാം അഴിച്ചെടുത്ത്, ലിറ്റിൽ ജോൺ അവ മാറ്റി ധരിച്ചു.

'ഞാനിനി യാചന നിർത്തുകയാണ്. ഇന്നെന്റെ ഭാഗ്യദിനമാണ്. നിങ്ങളുടെ ശരീരത്തിൽ സ്വർണ്ണനാണയങ്ങൾ കിലുങ്ങുന്നത് ഞാൻ കേട്ടു.'

നാലുപേരുടെയും ദേഹപരിശോധന നടത്തിയപ്പോൾ ലിറ്റിൽ ജോണിന് കിട്ടിയത് മൂന്നൂറിലേറെ സ്വർണ്ണനാണയങ്ങൾ! അതിൽ വലിയൊരു പങ്ക് ഒന്നാം യാചകന്റെ ഭാണ്ഡത്തിലായിരുന്നു.

# റോബിൻ ഹുഡും തോൽക്കൊല്ലനും

വനസംരക്ഷണനിയമത്തിന്റെ പേരിൽ ദ്രോഹിക്കപ്പെടുന്നവരും ഷെരീഫിന്റെയും സർ ഗൈയുടെയും ദുഷ്പ്രവർത്തനങ്ങളുടെ ദുരന്തഫലം അനുഭവിച്ചവരുമാണ് റോബിൻ ഹുഡിന്റെ സംഘാംഗങ്ങൾ. റോബിൻ ഹുഡിന്റെ പ്രശസ്തി വർദ്ധിച്ചുകൊണ്ടിരുന്നു.

ഒരു അമ്പെയ്ത്തുമത്സരത്തിൽ, ലെഗ്ഗിലെ സർ റിച്ചാർഡ് രക്ഷപ്പെടുത്തിയ ആളാണ് ആർതർ ബ്ലാൻഡ് എന്ന തുകൽക്കച്ചവടക്കാരൻ. ജന്തുക്കളുടെ തുകൽ വാങ്ങി സംസ്കരിച്ച് ധനികരായ കച്ചവടക്കാർക്കും മാടമ്പികൾക്കും വിൽക്കും അയാൾ.

അത്തരമൊരു യാത്രയിൽ റോബിൻ ഹുഡിനെ നോട്ടിങ്ഹാംപാതയിൽ കണ്ടുമുട്ടി. ഒരു വടി മാത്രമാണ് റോബിന്റെ കൈയിലുള്ളത്. കൃഷിക്കാരനായോ വന പ്രവർത്തകനായോ ജോലി അന്വേഷിച്ചുപോകുന്ന ഭാവം.

മെയ്മാസത്തിലെ മനോജ്ഞമായൊരു പകൽ----

‘ആരണ്യകങ്ങൾ ശോഭിക്കുന്നു ഗ്രീഷ്മത്തിൽ
നീണ്ടു വലിയ ഇലകളാൽ
ചെറുപക്ഷികൾതൻ രാഗം കേൾക്കേ, വനത്തിൽ
ആഹ്ലാദം പൂത്തുലയുന്നു,

റോബിൻഹുഡ് ഗാനം ഏറ്റുപിടിച്ചു:

‘മലമുടികൾ ചാടിയിറങ്ങി
താഴ്വരതേടിപ്പോണൂ മാനുകൾ
പച്ചിലകൾ തണലേകുന്നൂ.

അടുത്തത് രണ്ടുപേരും ചേർന്നാണ് പാടുന്നത്:

‘ഇവയെ’ല്ലാം വിറ്റ്സൺടൈഡിൽ
മെയ്മാസ ഉഷസ്സിൽ
ആദിത്യനുയർന്നീടുന്നു
കിളികൾ രാഗം പാടീടുന്നു.’

‘നീയൊരു തുകൽക്കാരനല്ലേ? അവർക്കെതിരായി ഒരു പുതിയ നിയമം വന്നിട്ടുണ്ടല്ലോ?’

‘എന്തു നിയമം?’

‘ധാരാളം വീഞ്ഞും ബീറും കുടിക്കുന്ന തുകൽക്കാരെ തടിക്കൂട്ടയിലിടുമെന്ന്.’

‘അതിനെന്ത്? നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടില്ലല്ലോ.’ അയാൾ ആർത്തുചിരിച്ചു.

‘കാലുകളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടും. പ്രകൃതിനിയമമാണത്. നീ എന്താണിതിലേ വന്നത്?’

‘അതോ, റോബിനെ പിടിച്ചുകൊടുക്കുന്നവർക്ക് നല്ലൊരു പാരിതോഷികമുണ്ട്. ഷെരീഫ് ഒപ്പിട്ട അറസ്റ്റ്വാറണ്ട് എന്റെ പോക്കറ്റിലുണ്ട്.’

‘ഞാനൊന്നു കാണട്ടെ.’

‘വേണ്ട, എന്റെ പാരിതോഷികം തടയാൻ ആരെയും അനുവദിക്കില്ല.’

‘ശരി, ആയുധം ധരിക്കാതെ, തനിച്ചുള്ള റോബിൻ ഹുഡിനെ കാണിച്ചുതന്നാൽ നൂറുപവൻ എനിക്കു തരുമോ?’

‘തരാം.’

‘എന്നാൽ നമുക്ക് നോട്ടിങ്ഹാമിലേക്കു പോകാം. അവിടെയൊരു സത്രത്തിൽ റോബിൻ ഹുഡ് പലപ്പോഴും വരാറുണ്ട്.’

അവർ സത്രത്തിലെത്തി. വീഞ്ഞിനും ബീറിനും ഓർഡർ കൊടുത്തപ്പോൾ റോബിൻ സത്രക്കാരനോട് എന്തോ രഹസ്യം പറഞ്ഞു:

‘ആൾ വരുന്നതുവരെ നമുക്ക് കുടിക്കാം.’

ധാരാളം കുടിച്ച ആർതർ, നിലത്തുകിടന്ന് ഉറക്കമായി.

റോബിൻ വാറന്റ് കൈക്കലാക്കി സ്ഥലംവിട്ടു.

മയക്കം തീർന്നപ്പോൾ ആർതർ എഴുന്നേറ്റ്, സത്രം സൂക്ഷിപ്പുകാരനോട് തട്ടിക്കയറി:

‘നിന്റെ സത്രത്തിൽ ഞാൻ പോക്കറ്റടിക്കപ്പെട്ടു. റോബിനെ പിടിക്കാനുള്ള വാറന്റ് കാണാനില്ല.’

‘നിന്നോടൊപ്പമുണ്ടായിരുന്ന ആൾ റോബിൻ ഹുഡ്തന്നെയായിരുന്നല്ലോ.’

‘എന്ത്!’ അവൻ വാപൊളിച്ചുപോയി: ‘അവൻ സൂത്രം പ്രയോഗിച്ചതാണല്ലോ. ഞാനവനെ വിടില്ല. ഏതു വഴിക്കാണ് പോയത്?’

‘കാട്ടിലേക്കുതന്നെ. എന്നാൽ പോവുംമുമ്പ് കുടിച്ചതിന്റെ വിലയായ പത്തു ഷില്ലിങ് തരണം.’

ആകെയുള്ള പത്തു ഷില്ലിങ് അവൻ കൊടുത്തു.

സന്ധ്യയായപ്പോഴേക്ക് റോബിനെ കണ്ടു. കാൽ നീട്ടിവച്ച് റോഡിലൂടെ നടന്നുപോകുന്നു.

‘നില്ക്കവിടെ. എന്നെ വഞ്ചിച്ച് കടന്നുപോകുന്നോ?’

‘അല്ല, നീയാണോ? എനിക്ക് നൂറു പവൻ തരാൻവന്നതായിരിക്കുമല്ലേ?’

‘നൂറു പവനോ? എന്തിന്?’

‘ഞാൻ റോബിൻ ഹുഡാണ്. സത്രത്തിൽവച്ച് കണ്ടതല്ലേ? എന്നെ അറസ്റ്റ്ചെയ്യാൻ നീ എഴുന്നേറ്റില്ലല്ലോ?’

‘ഇപ്പോൾ അറസ്റ്റ് ചെയ്യാം.’ ആർതർ വാൾ ഊരി.

‘ധാർമ്മികയുദ്ധമാണ് വേണ്ടത്. എന്റെ കൈയിലുള്ളതുപോലെ ഒരു കുറുവടി ഉണ്ടാക്ക്.’

ആർതർ ഓക്കുതടികൊണ്ട് ഒരു വടിയുണ്ടാക്കി. തടി, തടിയിൽ അടിച്ചുണ്ടാകുന്ന പ്രതിധ്വനി വനത്തിലാകെ മുഴങ്ങി.

നന്നായൊന്നു ശ്വസിക്കാൻ അവർ അല്പം നിർത്തി.

‘എന്റെ വടി അല്പം നീളക്കൂടുതലുണ്ടെന്നു തോന്നുന്നു. ഞാനൊന്നു നോക്കട്ടെ.’

‘അതു പ്രശ്നമല്ല,’ ആർതർ തുടർന്നു: ‘ഇതിന് എട്ടടി നീളം. കാലിയെ തെളിക്കാം. നിനക്കും ഇതു മതി.’

രണ്ടുപേരുടെ മുഖത്തുനിന്നും ചോരയൊഴുകുന്നു. ഒരു കാട്ടുപന്നിയെപ്പോലെ റോബിൻ മുരണ്ടു. എന്നാൽ ഒരു തടി കീറുന്ന ലാഘവത്തോടെ ആർതർ നിന്നു.

ഏതാണ്ട് രണ്ടുമണിക്കൂർ അവർ യുദ്ധം ചെയ്തു.

‘നമുക്ക് നിർത്താം. കിതച്ചുകൊണ്ട് റോബിൻ പറഞ്ഞു. മറ്റുള്ളവരുടെ അസ്ഥി തവിടുപൊടിയാക്കിയിട്ട് നമുക്കൊന്നും നേടാനില്ലല്ലോ.’

‘എനിക്ക് അഞ്ഞൂറുപവൻ കിട്ടുകതന്നെ വേണം.’

‘അല്ലാതെ നിനക്ക് നൂറുപവൻ തരുന്നതെങ്ങനെ?’

‘നീ ഷെർവുഡിലേക്ക് വാ. നിനക്കവിടെ അഞ്ഞൂറുപവനിലധികം ഉണ്ടാക്കാം.’

ആർതർ ആശങ്കയോടെ നിന്നു: ‘അല്ലെങ്കിൽ ഞാൻ നിന്റെ തോലു പൊളിച്ച് ഷെരീഫിനു വിൽക്കും.’

‘ഞങ്ങളുടെ കൂടെ വന്ന് ഭക്ഷണം കഴിക്കുകയെങ്കിലും ചെയ്യ്.’ റോബിൻ കാഹളം മുഴക്കി.

ലിറ്റിൽ ജോണും കൂട്ടുകാരും എവിടന്നോ ചാടിവന്നു.

‘അത് ജോൺ ലിറ്റിൽ അല്ലേ?’

‘ആയിരുന്നു. ഇപ്പോൾ എന്റെ സുഹൃത്ത് ലിറ്റിൽ ജോൺ.’

‘ഞാൻ വരാം.’ ആർതർ തുടർന്നു: ‘അവൻ എന്റെ കസിനാണ്. ഞങ്ങളുടെ അമ്മമാർ സഹോദരിമാരാണ്. ഞാൻ കുറെ വർഷങ്ങളായി അവനെ തിരഞ്ഞു നടക്കുന്നു.’

രണ്ടുപേരും കുറുവടികൾ വലിച്ചെറിഞ്ഞ്, ആശ്ലേഷിച്ചു. അവർ പാടിക്കൊണ്ട് കാട്ടിനുള്ളിലേക്ക് നടന്നുപോയി.

‘ഇനിയുമെത്രകാലം
നാം മൂവരുമൊന്നാണ്!
മണിനാദം കേൾപ്പൂകാടുകളിൽ,
ഗായകർ പാടുന്നൂ.
റോബിനും ആർതറും ജോണും ഒന്നാണ്.

# അല്ലിൻ എ. ഡെയ്‌ലിന്റെ വിവാഹം

ഷെർവുഡ് വനത്തിന്റെ അന്തരാളങ്ങളിൽ മാത്രമല്ല, റോബിനും കൂട്ടുകാരും വസിക്കുന്നത്. ഇംഗ്ലണ്ടിന്റെ വടക്കൻ പ്രദേശത്തുള്ള കാടുകളിലും അവർ അധിവസിച്ചിരുന്നു. ലെഗ്ഗിലെ സർ റിച്ചാർഡിനെപ്പോലുള്ള മാടമ്പിമാരും പ്രിൻസ് ജോണിന്റെ ശത്രുക്കളും റോബിനു സഹായം ചെയ്തുകൊണ്ടിരുന്നു. മാത്രമല്ല, റോബിനിൽനിന്നു പലവിധത്തിലുള്ള സഹായം ലഭിച്ച പാവങ്ങൾ, സ്വന്തം ജീവൻ ത്യജിച്ചുപോലും റോബിനു വേണ്ടത് ചെയ്തുകൊണ്ടിരുന്നു.

അത്തരമൊരാൾ നാടോടിയായ സാരംഗിവായനക്കാരനാണ്. അവന്റെ സുന്ദരിയായ പ്രേമഭാജനത്തെ, ബിഷപ്പ് മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുക്കാനൊരുങ്ങി. യാദൃച്ഛികമായി, അല്ലിൻ എ. ഡെയ്ൽ എന്ന പാട്ടുകാരൻ റോബിനുമായി സന്ധിക്കുന്നു. തന്റെ ദുഃഖം അവൻ റോബിനോട് പറഞ്ഞു. പ്രേമഭാജനത്തെ നേടിത്തന്നാൽ എന്തു പ്രതിഫലം തരുമെന്ന ചോദ്യത്തിന്, പണമില്ലെന്നും ജീവകാലം മുഴുവൻ വിശ്വസ്തനായിരിക്കാമെന്നുമായിരുന്നു മറുപടി.

റോബിൻ, അല്ലിനിൽനിന്ന് സാരംഗി വാങ്ങി, കല്യാണം നടത്താൻ നിശ്ചയിച്ച പള്ളിയിലെത്തി.

റോബിൻ ബിഷപ്പിനോട് ചോദിച്ചു: ‘വടക്കൻ ദേശത്തിലെ ഏറ്റവും നല്ല സാരംഗിവായനക്കാരനാണ് ഞാൻ. സംഗീതമില്ലാതെ എന്തൊരു കല്യാണം.’

‘എന്നാൽ വരനും വധുവും എത്തുന്നതുവരെ നീ സാരംഗി വായിക്ക്.’

റോബിൻ സാരംഗിയിൽ കുറെ നാടൻ ഗാനങ്ങൾ ആലപിച്ചു. അതിഥികൾ ഏറെ സന്തോഷിച്ചു.

പിന്നെ, സുന്ദരിയായ വധു എത്തി; കരഞ്ഞുചുവന്ന കണ്ണുകളുമായി.

ചുക്കിച്ചുളിഞ്ഞ തൊലിയോടെ വൃദ്ധനായൊരു മാടമ്പി വന്നു.അതാണ് വരൻ!

റോബിൻ പാട്ടു നിർത്തേണ്ടതാണ്. എന്നാൽ അതിനുപകരം കൂടുതൽ ഉച്ചത്തിൽ സാരംഗി വായിച്ചു.

ബിഷപ്പ് കുപിതനായി.

‘ഈ സുന്ദരിയായ പെൺകുട്ടിക്കു പറ്റിയ വരൻ ഇവിടെ എത്തിയില്ലല്ലോ, എന്നായി റോബിൻ. ഇതവളുടെ മുത്തശ്ശനായിരിക്കണം!’

‘ഈ നില്ക്കുന്ന എന്റെ സഹോദരനാണ് വരൻ.’ ബിഷപ്പ് പറഞ്ഞു.

‘ഇത് നിന്റെ ഇഷ്ടപ്രകാരമാണോ?’ റോബിൻ ചോദിച്ചു.

‘അല്ല.’ വധുവിന്റെ മറുപടി.

‘അവൾക്ക് അച്ഛനമ്മമാരില്ല. ഞാനാണ് നിയമപരമായി അവളുടെ രക്ഷിതാവ്. കാൽക്കാശിനു വകയില്ലാത്ത പാട്ടുകാരനാണോ ഞാനവളെ കൊടുക്കേണ്ടത്?’

‘അപ്പോൾ പണമാണ് കാര്യം! ജൂഡാസ്, ബിഷപ്പിന്റെ രൂപത്തിൽ!’

റോബിൻ ദീർഘമായി കാഹളം മുഴക്കി. രണ്ടു ഡസനോളം വില്ലാളികൾ എവിടെനിന്നെല്ലാമോ വന്നെത്തി. മുമ്പിൽ അല്ലിൻ. അവൻ ഉടൻതന്നെ റോബിന് വില്ലു നല്കി.

‘വിവാഹം ദൈവനിശ്ചയപ്രകാരം നടക്കട്ടെ. അല്ലിൻ, നീ വിവാഹിതനായാണ് ഇവിടന്നു മടങ്ങുക.’

‘അതു പറ്റില്ല. മൂന്നു തവണ വിളിച്ചുചൊല്ലണമെന്നാണ് ഇംഗ്ലണ്ടിലെ നിയമം, ബിഷപ്പ് ഇടപെട്ടു.

റോബിന്റെ നിർദ്ദേശപ്രകാരം ലിറ്റിൽ ജോൺ, ഒരു ഇളമുറ പുരോഹിതനിൽനിന്ന് ഗൗണും ബിഷപ്പിൽനിന്ന് മേലങ്കിയും ബലമായി പിടിച്ചെടുത്തു. മൂന്നിനു പകരം ഏഴു തവണ വിളിച്ചുചൊല്ലി. അതിഥികൾ ചിരിച്ചു.

വിളിച്ചുചൊല്ലൽ തടയാൻ ബിഷപ്പിനായില്ല; റോബിൻ അമ്പു തൊടുത്തു നില്പാണ്.

ലിറ്റിൽ ജോൺ, ഉടുപ്പുകൾ തിരികെ കൊടുത്തു.

‘പ്രഭോ, ചടങ്ങു നടത്താൻ ഞങ്ങൾ കാത്തുനില്ക്കുന്നു.’ റോബിൻ ബിഷപ്പിനോടപേക്ഷിച്ചു.

‘ഞാൻ ചെയ്യില്ല.’

‘എന്നാൽ ഞാൻ ഫ്രയർ ടക്കിനെ വിളിക്കാം. പക്ഷേ, ഒരു കാര്യമുണ്ട്. നൂറുകണക്കിലുള്ള എന്റെ കൂട്ടുകാർ ഇവിടെയെത്തും. ഒരു ക്ലാർക്കിന്റെ ഫീസായി, നിങ്ങളുടെ കൈയിലുള്ളതെല്ലാം അവർ പിടിച്ചുവാങ്ങും.’

ഗത്യന്തരമില്ലാതെ ബിഷപ്പും വിവാഹകർമ്മം നടത്തി.

# റോബിൻ ഹുഡും ബിഷപ്പും

പള്ളിയിൽവെച്ച് തനിക്കു നേരിട്ട അപമാനം ബിഷപ്പിന് സഹിക്കാനാവുന്നില്ല. അയാൾ ഷെരീഫിന്റെ അടുത്തു ചെന്നു.

'റോബിൻ ഹുഡിനെ ശിക്ഷിക്കാൻ എനിക്ക് കുറെ വില്ലാളികളെയും ആയുധധാരികളെയും വേണം.'

'എനിക്കും അവനോട് പകരം ചോദിക്കണം. എന്നാൽ ഇത്രയും വലിയ ഒരു സംഘത്തെ ഉണ്ടാക്കുക വിഷമമാണ്. പലരും റോബിൻ ഹുഡുമായി സഖ്യത്തിലാണ്...'

'എന്നാൽ മറ്റു യോദ്ധാക്കളെയോ പ്രഭുക്കളെയോ സമീപിച്ചാലോ?'

'റോബിനെ ആക്രമിക്കുകയെന്നത് അവർക്കും ഭയജനകമായ കാര്യംതന്നെ. റോബിന്റെ ഭാഗത്ത് മുന്നൂറിൽ കൂടുതൽ സഹായികൾ ഉണ്ടെന്നാണറിവ്.'

'പിന്നെന്തു ചെയ്യും?'

'ഞാനൊരു ചെറിയ സംഘത്തെ തരാം. ഗിസ്ബോൺ സഹായിക്കുമായിരുന്നു. പക്ഷ, അയാൾ ഇപ്പോൾ പ്രിൻസ് ജോണിനെ സഹായിക്കാൻ പോയതാണ്. ഞാൻ വോർമാനെ തരാം, റോബിൻ ഹുഡിന്റെ പഴയ കാര്യസ്ഥൻ; ഇപ്പോൾ ശത്രുതയിലാണ്.'

റോബിൻ മാനിനെത്തേടി കാട്ടിലിറങ്ങിയതാണ്. വൃദ്ധനായ ഒരുത്തൻ കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമായി വരുന്നു. കാഴ്ചയിൽ ഒരു യാചകൻ.

'സർ, താങ്കൾ ഒരു വനപ്രവർത്തകനെപ്പോലുണ്ട്. റോബിൻ ഹുഡ് എവിടെയാണുണ്ടാവുക?'

'എന്തിനാണിപ്പോൾ റോബിൻ ഹുഡ്? എന്തെങ്കിലും വിവരം പറയാനുണ്ടോ?'

'ഷെരീഫിന്റെ ആളായ വോർമാൻ മൂന്നാളെ പിടിച്ചിട്ടുണ്ട്. രണ്ടുപേരെ തൂക്കും. മൂന്നാമന്റെ കണ്ണു പൊട്ടിക്കും.'

'ഞാൻതന്നെയാണ് റോബിൻ ഹുഡ്. നിന്റെ വേഷമെല്ലാം പെട്ടെന്നഴിച്ച് എനിക്കു തരണം. നാല്പതു ഷില്ലിങ് തരാം.'

പച്ചയും ചുവപ്പും നീലയുമെല്ലാം കലർന്ന വിചിത്രമായ യാചകവസ്ത്രം ധരിച്ചു റോബിൻ; തൊപ്പിയും.

ഒരു വൃദ്ധയുടെ കുടിലിന്നടുത്തുകൂടിയാണ് റോബിൻ പോയത്.

ഒരു തീക്കുണ്ഠത്തിനു ചുറ്റും വനപാലകർ നില്ക്കുന്നു; വോർമാൻ കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ടും. മരക്കൊമ്പിൽ ശവം തൂങ്ങിയാടുന്നു. സമീപത്തുകൂടി തന്റെ കുതിരയെ പെട്ടെന്നോടിച്ചുകൊണ്ടാണ് വോർമാൻ അവനെ വധിച്ചത്.

സ്ഥിതികൾ മനസ്സിലാക്കിയ റോബിൻ, വോർമാന്റെ സമീപം ചെന്നു.

'മാസ്റ്റർ, ഇവിടെയൊരു ആരാച്ചാരെ വേണമെന്നു കേട്ടതു ശരിയാണോ? ആ പണി ഞാൻ ചെയ്താൽ എന്താണ് പ്രതിഫലം തരുക?'

'തീർച്ചയായും നിനക്ക് വസ്ത്രങ്ങൾ തരും.' കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ നോക്കിക്കൊണ്ടാണ് വോർമാൻ പറഞ്ഞത്.

'മൂന്നാമന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചാൽ ഒരു സ്വർണ്ണനാണയവും തരും.'

'എനിക്ക് ഇരുമ്പും കയറും വേണം. എന്റെ ജോലിയിൽ ഞാനെന്തു സമർത്ഥ

നാണെന്നു നോക്ക്.'
കൊലക്കയറും ഇരുമ്പുമായി റോബിൻ, ശാഖകൾ വിടർന്നുനില്ക്കുന്ന ഓക്കുമരത്തിൽ, നിഷ്പ്രയാസം കയറി.
'ഒന്നു വേഗത്തിൽ വേണം.' വോർമാൻ അക്ഷമനായി.
'മുമ്പൊരിക്കലും ഞാൻ ആരാച്ചാരുടെ പണിയെടുത്തിട്ടില്ല. ഇപ്പോഴും ആ പണി ചെയ്യില്ല.'
'നീയെന്താണ് പറയുന്നത്?'
ഹാ... ഹാ... എന്നു പറഞ്ഞ് റോബിൻ പറയാൻ തുടങ്ങി:

'ധാന്യം വാങ്ങാനൊരു സഞ്ചി,
മാൾട്ടു വാങ്ങാൻ മറ്റൊന്ന്.
ചോളം, ബാർളിക്കോരോന്ന്
റൊട്ടി വാങ്ങാൻ വേറൊന്ന്
കാളയിറച്ചിയ്ക്കൊന്നുണ്ട്
കൊമ്പിൻകുഴലിനു വേറൊന്ന്.'

ഒപ്പം ദീർഘമായൊരു കുഴലൂത്തും.
'കണ്ണ് പുറത്തേക്കു തള്ളുന്നതുവരെ കുഴലൂത്. എന്നാൽ എനിക്കവയെ എളുപ്പത്തിൽ പൊള്ളിക്കാം.'
കാട്ടിനുള്ളിൽനിന്ന് ഒരു സായുധസംഘം വന്ന് ഓക്കുമരത്തെ വലയംചെയ്തുവെന്ന് റോബിനു മനസ്സിലായി. ഒപ്പം ബിഷപ്പും കൂട്ടാളികളും അശ്വാരൂഢരായി വരുന്നുമുണ്ട്.
ഇതൊരു കെണിയാണ്. ആലോചിച്ചുനില്ക്കാൻ സമയമില്ല. റോബിൻ മരത്തിൽ നിന്നു ചാടി, പറക്കുന്ന വേഗത്തിൽ വൃദ്ധയുടെ കുടിലിലെത്തി.
'ദൈവമേ... ഇതാരാണ്?'
'അമ്മ സമാധാനപ്പെട്. നിങ്ങളെന്നെ അറിയും. ഞാൻ റോബിൻ ഹുഡ് ആണ്. അവരെന്റെ പിറകെയുണ്ട്. പിടിക്കപ്പെട്ടാൽ, ഞാനിവിടെ തൂങ്ങും.'
'അതു വേണ്ടിവരില്ല. എന്റെ മകന്റെ ചൂണ്ടുവിരൽ രക്ഷപ്പെടുത്തിയത് ഞാൻ മറക്കുമോ? എത്ര തവണ ഭക്ഷണം തന്നു. പക്ഷേ, ഈ വേഷം?...'
'പറയാൻ സമയമില്ല.'
'പെട്ടെന്നു വേണം.' വൃദ്ധ ധൃതിവെച്ചു: 'നമുക്ക് വസ്ത്രങ്ങൾ പരസ്പരം മാറാം. ദൈവാധീനംകൊണ്ട് നിന്നെ ഇവിടെ തൂക്കുകയില്ല; നോട്ടിങ്ഹാമിലേക്കു കൊണ്ടുപോകും.'
ഒന്നാമത്തെ ഭടൻ കുടിലിലെത്തുമ്പോൾ, റോബിൻ, മങ്ങിയവെളിച്ചത്തിൽ, ശരിക്കുമൊരു വൃദ്ധയെപ്പോലെ പാചകം ചെയ്യുന്നു.
'ആ വഞ്ചകൻ റോബിൻ എവിടെ?' ചോദിക്കുന്നത് വോർമാൻതന്നെ.
'റോബിൻ ഹുഡ്?' വൃദ്ധ ചീറി: 'എനിക്കറിയില്ല.'
തിരച്ചിൽ നടത്തി, റോബിൻ ഹുഡിന്റെ വേഷമണിഞ്ഞ വൃദ്ധയെ അവർ പിടിച്ചെടുത്തു.
'ഇപ്പോൾ കൊല്ലുന്നില്ല. രണ്ടുമണിക്കൂർ നീയെന്നെ പേടിച്ചിരിക്ക്. ഇരുമ്പ് ചൂടാക്കണം, അതിനുമുമ്പ്, അമ്പെയ്യുന്ന വിരലുകൾ മുറിക്കണം.'
റോബിനെ പിടിച്ച സന്തോഷത്താൽ, ചിരിച്ചു സംസാരിച്ചുകൊണ്ടാണ് ബിഷപ്പിന്റെ

യാത്ര.

ശവം തൂങ്ങുന്ന മരത്തിനടുത്തെത്തി അവർ.

'ഹാ... ബിഷപ്പിനു സന്തോഷം നിയന്ത്രിക്കാനാവുന്നില്ല. ഇതൊരു വിചിത്രമായ ഫലമാണല്ലോ. റോബിനെ പിടിക്കാനാണോ ഇതു ചെയ്തത്?'

'അല്ല, അവൻ ജോൺ രാജാവിന്റെ മൂന്നു മാനുകളെ കൊന്നു.'

'ജോൺ രാജാവോ?'

'അതെ, റിച്ചാർഡ് രാജാവ് മരിച്ചിട്ടുണ്ടാവും. എങ്കിൽപ്പിന്നെ ജോൺ ആയിരിക്കുമല്ലോ, രാജാവ്?'

രണ്ടാമനെ തൂക്കാൻ സമയമായി. അവനെ കുതിരപ്പുറത്ത് ഇരുത്തി കൊലമരത്തിനു ചുവട്ടിൽവച്ച് കഴുത്തിൽ കുരുക്കിട്ടു.

'ഞാൻ ചൂളമടിക്കാം. എന്റെ കുതിര ഓടി വരും.' വോർമാൻ പറഞ്ഞു.

എന്നാൽ അതിനുമുമ്പ്, ഒരസ്ത്രം ചീറിവന്ന് കൊലമരത്തിലെ കയർ മുറിച്ചു. തൂങ്ങാനുള്ളവൻ നൊടിയിടകൊണ്ട് കുതിരപ്പുറത്ത് രക്ഷപ്പെട്ടു. കൈകൾ അപ്പോഴും ബന്ധിതമായിരുന്നു.

'ആരാണ് അമ്പയച്ചത്?' ബിഷപ്പ് ഭയത്താൽ വിറച്ചു.

എല്ലാവശത്തുകൂടിയും ലിങ്കൺപച്ച ധരിച്ച വില്ലാളികൾ കുതിച്ചുവരുന്നു.

'റോബിൻ ഹുഡ് എന്നവൻ ഒരു പുരുഷനാണെന്നാണ് ഞാൻ കരുതിയത്.' പൊട്ടിച്ചിരിയോടെ വൃദ്ധ തുടർന്നു: 'അതാ, മെറിമെൻന്റെ നേതാവായി അവനെത്തിയല്ലോ.'

'റോബിൻ ഹുഡ്.' ബിഷപ്പ് വീർപ്പുമുട്ടലോടെ അലറി. വോർമാനാകട്ടെ ഭയത്താൽ വിറച്ച് വീഴാൻ തുടങ്ങി.'

'പിന്നെ നീയാരാണ്? എന്താണ്?'

'കുതന്ത്രക്കാരനായ ബിഷപ്പേ, ഞാനൊരു പാവം വൃദ്ധയാണ്. റോബിൻ ഹുഡിന്റെ കാരുണ്യംകൊണ്ട് കിട്ടിയതാണ് ഈ ഉടുപ്പുകൾ.'

'അമ്പെയ്യ്, പിന്നെ വാളുകൾ എടുക്ക്.' വോർമാൻ നിർദ്ദേശം നല്കി.

എന്നാൽ പടയാളികൾ വില്ല് താഴെയിട്ട് ഓടാൻ തുടങ്ങി----റോബിൻ പട, അവർക്കു വഴി നല്കി.

വോർമാനും ബിഷപ്പും കുതിരകൾക്കരികെ പേടിച്ചുനില്പാണ്. തന്നെ കൊല്ലുകയില്ലെന്ന പ്രത്യാശയിൽ രണ്ടു പാതിരിമാരും.

'വാ, നമുക്കു പോകാം.' ബിഷപ്പ് അവരെ വിളിച്ചു. പള്ളിയുടെ ശാപം വാങ്ങാൻ ധൈര്യപ്പെടില്ല, ഇവർ.

'ഉപദ്രവിക്കുകയില്ല ഞങ്ങൾ. പക്ഷേ, കൂടെവന്ന് ഭക്ഷണം കഴിച്ചിട്ട്, ടോൾ തന്ന് പോയാൽ മതി.'

എന്നാൽ ചതിയനായ വോർമാനെ അവർ ജീവനോടെ വിട്ടില്ല.

ബിഷപ്പ്, റോബിന്റെ കേന്ദ്രത്തിലേക്കു പോകാൻ വിസമ്മതിച്ചു. ടോൾ നല്കിയിട്ട് പോയാൽ മതി എന്നായി റോബിൻ.

അവർ ബിഷപ്പിനെ ദേഹപരിശോധന നടത്തി. ഒരു കൂന സ്വർണ്ണവും വെള്ളിയും ലഭിച്ചു.

'ഇനി ഞങ്ങൾക്കായി പ്രർത്ഥനാഗാനം പാടണം.' ബിഷപ്പും ഭീതിയാൽ വിറയ്ക്കുന്ന അനുയായികളും പാടാൻ തുടങ്ങി. റോബിന്റെ അനുയായികൾ വൃത്താകാരത്തിൽ

മുട്ടുകുത്തിനിന്ന് പ്രാർത്ഥനാനിരതരായി.

ശേഷം മൂന്നുപേരെയും നോട്ടിങ്ഹാമിലേക്കുള്ള പ്രധാന പാതയിൽ എത്തിച്ചു.

# ജോർജ് എ. ഗ്രീൻ: വെയ്ക്ഫീൽഡിന്റെ സംരക്ഷകൻ

വർഷങ്ങൾ കഴിഞ്ഞു. റിച്ചാർഡ് രാജാവിന്റെ വിശ്വസ്ത സുഹൃത്തും ഗായകനുമായ ബ്ലോൺഡൽ, യൂറോപ്പ് മുഴുവൻ തിരഞ്ഞു.

ആസ്ത്രിയയിലെ ആർച്ച് ഡ്യൂക്ക്, രാജാവിനെ തടവിൽ ഇട്ടതാണ്. മോചനദ്രവ്യം ലഭിച്ചാൽ മാത്രമേ വിടുകയുള്ളൂ.

ഇംഗ്ലണ്ട് മുഴുവൻ വാർത്ത പരന്നു. ആരും നിർബ്ബന്ധിക്കാതെ പാവങ്ങൾ പണം നല്കി. ഷെർവുഡ് വനത്തിൽകൂടി പോകുന്നവരോടെല്ലാം റോബിൻ ഹുഡിന്റെ 'മെറിമെൻ' പണം ഈടാക്കി.

റിച്ചാർഡ് രാജാവിന്റെ വിനീതനായ ഒരനുയായിയാണ് വെയ്ക്ഫീൽഡിലെ ജോർജ് ഗ്രീൻ. അലഞ്ഞുതിരിഞ്ഞ് കൃഷി നശിപ്പിക്കുന്ന കാലികളെ പിടിച്ചുകെട്ടുകയാണ് അവന്റെ ജോലി. വെയ്ക്ഫീൽഡിൽ അതിക്രമിച്ചുകടക്കുന്ന മനുഷ്യരെയും പിടികൂടും. നാട്ടുകാർക്കെല്ലാം അവനെ ഇഷ്ടമാണ്. അങ്ങനെ അവൻ പ്രശസ്തനായി, റോബിനെക്കാളും.

വെയ്ക്ഫീൽഡിലെ യുവതികൾ അവന്റെ സ്നേഹം നേടാൻ കൊതിച്ചു. ധനികനായൊരു ജഡ്ജിയുടെ മകളായ ബെട്രിസ്സിനോടാണ് അവനു സ്നേഹം.

ജോർജ്ഗ്രീൻ പ്രശസ്തനായപ്പോൾ ബെട്രിസ്സിനും പ്രശസ്തി കൈവന്നു. ഇതു കേട്ടറിഞ്ഞ മരിയൻ ദുഃഖിതയായി. റോബിന്റെയും തന്റെയും പ്രശസ്തി കുറയുമോ എന്നായിരുന്നു അവളുടെ ആശങ്ക. ഇതിനു പരിഹാരമുണ്ടാക്കാൻ അവൾ നിശ്ചയിച്ചു.

ഒരു സായാഹ്നത്തിൽ ജോർജ് ഗ്രീനും ബെട്രിസ്സും നടക്കാനിറങ്ങി. ചോളവയലുകൾ മുറിച്ചുകടന്ന് നാലുപേർ അവർക്കുനേരെ വരുന്നു. ഈ ധിക്കാരം ജോർജ് ഗ്രീനിനു സഹിക്കാനായില്ല. ആ വഴി നടക്കരുതെന്ന് പറഞ്ഞെങ്കിലും അവർ അനുസരിച്ചില്ല.

'നിങ്ങൾ എത്ര ശക്തന്മാരാണെങ്കിലും, ചോളവയൽ ചവിട്ടിമെതിക്കാൻ നിങ്ങൾക്കവകാശമില്ല. ഓരോരുത്തരായി വന്ന് എന്നോട് മല്പിടിത്തം നടത്തട്ടെ.'

ശക്തമായ മല്ലയുദ്ധത്തിൽ ജോർജ് ഗ്രീൻ ഒന്നാമനെ വീഴ്ത്തി. അത് സ്കാർലറ്റ് ആയിരുന്നു. വൈകാതെ രണ്ടാമനായ ലിറ്റിൽ ജോണിനെയും തലയ്ക്കടിച്ചു വീഴ്ത്തി. പിന്നെ റോബിനുമായി ഒരു മണിക്കൂർ സമയം പോരടിച്ചു. നല്ല ബലമുള്ള ഓക്കുമരത്തടികളാണ് ആയുധം.

കിതച്ചുതുടങ്ങിയ റോബിൻ പറഞ്ഞു: 'നിർത്തുക, ജോർജ്, ഞാനിന്നുവരെ കൈവെച്ചവരിൽ ഏറ്റവും ബലവാൻ നീയാണ്.'

'നീ കളവു പറയുന്നു. നിനക്കെന്റെമേൽ കൈവെക്കാൻ കഴിഞ്ഞില്ലല്ലോ, എന്നായി ജോർജ്.'

'ശരി. ഞാൻ സമ്മതിക്കുന്നു. എനിക്കു തുല്യനെ ഞാൻ കണ്ടു. എന്റെ ലിങ്കൺപച്ചവേഷം ധരിച്ചാൽ നിനക്കതൊരു നേട്ടമായിരിക്കും.'

'എന്റീശ്വരാ, അപ്പോൾ നീയാരാണ്?'

'ഞാൻ റോബിൻ ഹുഡ്.'

'റോബിൻ ഹുഡ്, നിന്നെ കണ്ടതിൽ എനിക്കേറെ സന്തോഷമുണ്ട്. റിച്ചാർഡ് രാജാവ് കഴിഞ്ഞാൽ ഞാനേറ്റവും ബഹുമാനിക്കുന്നയാളാണ് റോബിൻ ഹുഡ്. ഞാൻ കൂടെ വരാം. ഇവിടെ എനിക്കിനി കാര്യമായ ജോലിയൊന്നുമില്ല. എന്റെ വീട് ഞാൻ

ഉപേക്ഷിക്കുകയില്ല. എങ്കിലും കുറെക്കാലം ഷെർവുഡിൽ താമസിക്കും. എന്റെ ബെട്രിസ്സിനും സ്വാഗതമുണ്ടല്ലോ. ഇല്ലെങ്കിൽ, പ്രശസ്തയായ മരിയനെങ്കിലും അവളെ സ്വീകരിക്കും.'

'അവൾതന്നെ മറുപടി പറയട്ടെ.'

വനപ്രവർത്തകയുടെ വേഷം ധരിച്ച മരിയനെ മുമ്പോട്ടു നിർത്തി, റോബിൻ.

ബെട്രിസ്സ് മരിയന്റെ മുമ്പിൽ മുട്ടുകുത്തി കരം ചുംബിച്ചു.

'എന്റെ കൊട്ടേജിൽ വീഞ്ഞും കേക്കും ആട്ടിറച്ചിയും മാട്ടിറച്ചിയും ഉണ്ട്.' ജോർജ് ഗ്രീൻ രണ്ടാളെയും ഭക്ഷണത്തിനു ക്ഷണിച്ചു.

'ക്ഷണം സ്വീകരിക്കുന്നു. നാളെ നിങ്ങൾ ഷെർവുഡിലേക്കും വരണം.'

# രാവിൽ ഒരലാറവും സ്വർണ്ണസമ്മാനവും

കുറച്ചുദിവസം എല്ലാവരും വെയ്ക്ഫീൽഡിൽ കഴിഞ്ഞു. പിന്നെ ഷെർവുഡിലേക്കു യാത്രയായി. റോബിൻ, വനപാലകന്റെ വേഷമണിഞ്ഞ മരിയൻ, ലിറ്റിൽ ജോൺ, വിൽ സ്കാർലറ്റ്, ലിങ്കൺ പച്ചയണിഞ്ഞ ജോർജ് ഗ്രീൻ പിന്നെ ബെട്രിസും. ആദ്യമായി ആൺവേഷം ധരിച്ച ബെട്രിസ്സിന് രോമാഞ്ചം!

ആദ്യദിവസത്തെ യാത്ര ശരിയായ വഴിക്കുതന്നെ. സന്ധ്യയായപ്പോൾ ഒരു യോദ്ധാവും ആയുധധാരികളായ ഒരു ഡസൻ അനുയായികളും പെട്ടെന്ന് റോബിൻ സംഘത്തെ കടന്നുപോയി. ശ്രദ്ധിക്കാത്ത മട്ട്. നിമിഷങ്ങൾക്കുശേഷം റോബിൻ കണ്ടത് യോദ്ധാവ് കുതിരയെ നിർത്തി തങ്ങളെ നിരീക്ഷിക്കുന്നതാണ്.

'അത് ഗൈ ഓഫ് ഗിസ്ബോൺ ആണെന്നു തോന്നുന്നു. എന്റെ ജന്മശത്രു.'

'എന്റെ പിന്നാലെ നടക്കുന്നവനും. ഞാനയാളെ വല്ലാതെ ഭയപ്പെടുന്നു.' മരിയൻ പറഞ്ഞു.

സാന്ദ്രമായ വനത്തിലൂടെ, പാറയിടുക്കിലൂടെ അവർ മല കയറാൻ തുടങ്ങി.

'നീ ഞങ്ങളെ എങ്ങോട്ടാണു നയിക്കുന്നത്?' ജോർജ് ചോദിക്കുകതന്നെ ചെയ്തു.

ഈ രാവിൽ ഒരഭയസ്ഥാനം വേണം. ഇവിടെ ചില സുഹൃത്തുക്കൾ ഉണ്ട്.

വീണ്ടും ഇടുങ്ങിയ വഴികൾ.

ചുമലിൽ കൈക്കോട്ടുമായി ഒരു കർഷകൻ വരുന്നു.

'മാസ്റ്റർ, നിങ്ങളെല്ലാം എങ്ങോട്ടു പോകുന്നു? ആ ഭാഗത്ത് കവർച്ചക്കാരുണ്ട്.'

'കവർച്ചക്കാരില്ലാത്ത ഒരു വഴി കാണിക്കാമോ?'

കർഷകൻ ലക്ഷണംകെട്ട ഒരു ചിരി കാണിച്ചു.

അവർ കുന്നിറങ്ങിത്തുടങ്ങി. താഴെ, പാറകളിൽകൂടി ചിരിച്ചു മദിച്ചൊഴുകുന്ന കാട്ടാറ്; മങ്ങുന്ന വെളിച്ചത്തിൽ നുരയും പതയും കാണാം.

പാറയിൽ, നദിയിലേക്കു തള്ളിനില്ക്കുംവിധം ഒരു വീട്. വാതിൽ തുറന്ന് അല്ലിൻ ഡേൽ പുറത്തുവന്നു. അയാൾ സന്തോഷത്തോടെ റോബിൻസംഘത്തെ സ്വീകരിച്ചു.

'ഞാനും എന്റെ പത്നിയും ബഹുമാനിതരായി.'

'ഞങ്ങൾ വിപത്തുംകൊണ്ടാണ് വന്നത്.'

പരിചയപ്പെട്ടതിനുശേഷം എല്ലാവരും വീഞ്ഞും ഇറച്ചിയും ഭക്ഷിച്ചു.

പീറ്റർബറോ ബിഷപ്പിൽനിന്ന് തന്റെ പത്നിയുടെ സ്വത്ത് വീണ്ടെടുത്ത കഥ പറഞ്ഞു, അല്ലിൻ ഡേൽ.

'പ്രിൻസ് ജോണും ചെസ്റ്റർ പ്രഭുവും തമ്മിലുള്ള ഈ സിവിൽ യുദ്ധം ഇനിയും തുടരാനാണ് സാധ്യത. റിച്ചാർഡ് രാജാവ് വന്നെത്തിയെങ്കിൽ!'

'അപ്പോൾ ഞാനും മരിയനും വിവാഹിതരാവും. ഒരിക്കൽക്കൂടി എനിക്ക് ലോക്സ്ലിയിലെ പിതൃഭവനത്തിൽ ജീവിക്കണം. അതിപ്പോൾ ഗിസ്ബോണിന്റെ കൈവശമാണ്.'

ഒരു സംഘം വീടിനുനേരെ വരുന്നത് അല്ലിൻഡേലിന്റെ പത്നിയാണ് കണ്ടത്. ഉടൻതന്നെ ജാലകം അടച്ചു. പുറത്ത് മഴയും കാറ്റുമുണ്ട്.

വൈകാതെ വാതിലിൽ മുട്ടു കേട്ടു.

'ഒരു പാവം യാത്രക്കാരനാണ് ഞാൻ. ഈ കാറ്റിൽനിന്നെന്നെ രക്ഷിക്കണം.'

‘നീയാരാണ്?’
‘റാനുൽഫ് പ്രഭുവിന്റെ നിർഭാഗ്യവാനായ ഒരു സേനാനി. പ്രിൻസ്ജോണിൽനിന്ന് ഓടിപ്പോരുകയാണ്.’
‘നീ തനിച്ചാണോ?’
‘അതെ, കാറ്റില്ലായിരുന്നെങ്കിൽ, കാട്ടിൽതന്നെ ഉറങ്ങുമായിരുന്നു.’
‘അതു ഞാൻ വിശ്വസിക്കുന്നു. റോബിൻ തുടർന്നു: ‘ഇവിടെ കവർച്ചക്കാരുള്ളത് നിനക്കറിയില്ലേ.’
‘അറിയാം.’
‘എനിക്കുമറിയാം’. സംസാരിക്കുന്നതിനിടയിൽ റോബിൻ പുറത്തെ സ്വരം ശ്രദ്ധിക്കുന്നുണ്ട്.
‘നീ തനിച്ചല്ലല്ലോ? കൂട്ടുകാർ ആരാണ്?’
‘കാറ്റും മഴയുമാണ്.’
‘കാറ്റിനും മഴയ്ക്കും പല സ്വരങ്ങൾ ഉണ്ടെന്ന് എനിക്കറിയാം.’
‘ഇപ്പോൾ നമ്മളെന്താണു ചെയ്യുക? എന്നു കാറ്റ് പറയാറില്ലല്ലോ!’
പിന്നെ നിശ്ശബ്ദം.
‘നിങ്ങൾ വാതിൽ തുറന്നില്ലെങ്കിൽ ഞങ്ങൾ ചവിട്ടിപ്പൊളിക്കും.’ വൈകാതെ അതു സംഭവിച്ചു. ഉള്ളിൽ എല്ലാവരും സുസജ്ജമായി നില്പാണ്. ആയുധപ്രയോഗം വശമില്ലാത്ത ബെട്രിസ്സും അല്ലിൻ ഡേലിന്റെ പത്നിയും കുത്തുകോലാണ് ആയുധമാക്കുന്നത്.
ഒരു ഡസനിലധികം ആയുധധാരികളാണ് ഉള്ളിലേക്കു വരുന്നത്. അഞ്ച് അമ്പുകൾ പറന്നു. ആഗതരിൽ മൂന്നുപേർ മരിച്ചുവീണു. രണ്ടുപേർക്ക് പരിക്കും.
പൊരിഞ്ഞ പോരാട്ടം തുടർന്നു.
ഗൈ ഗിസ്ബോണിനെ വീഴ്ത്തിയത് മരിയൻ. അവൾ മുഖകവചം മാറ്റി.
‘നീയിപ്പോൾ എന്റെ ദയയിലാണ്.’
‘അതെന്നും അങ്ങനെ ആയിരുന്നല്ലോ. നിന്നോടുള്ള സ്നേഹം കാരണം, നിന്നെ റോബിൻ ഹുഡിൽനിന്ന് രക്ഷപ്പെടുത്താനാണ് ഞാൻ കടുത്ത നില സ്വീകരിച്ചത്.’
‘ഞങ്ങൾ ഇവിടെയുണ്ടെന്ന് അറിഞ്ഞതെങ്ങനെ?’
‘ഒരു കർഷകൻ പറഞ്ഞു.’
‘ഇവനെ കൊല്ലണം. നമ്മെ ദ്രോഹിക്കുന്നതെല്ലാം ഇവൻതന്നെ.’ റോബിൻ രോഷാകുലനായി.
‘വേണ്ട, രണ്ടു വ്യവസ്ഥകളിൽ ഇയാളെ വിടാം. നമ്മെ സഹായിച്ച ഈ നല്ല ആളുകളോട് പ്രതികാരം ചെയ്യരുത്. റോബിൻ ഹുഡിനെ പിടിക്കാൻ ശ്രമിക്കരുത്.’
മരിച്ചവരും മരിക്കുന്നവരും, മരിക്കാത്തവരുമായ എല്ലാവരെയുംകൊണ്ട് സർ ഗൈ സ്ഥലംവിട്ടു.
അല്ലിനും പത്നിയ്ക്കും വിഷമം സൃഷ്ടിച്ചതിൽ റോബിൻ അതിയായ ഖേദം പ്രകടിപ്പിച്ചു.
‘ഞങ്ങൾക്ക് ഇനിയും താങ്കളോട് ഒരുപാടു കടപ്പാടുണ്ട്.’
‘റോബിൻ, എനിക്കീ ജീവിതം ഇഷ്ടമായി. എന്തു പറയുന്നു, ബെട്രിസ്സ്?’ ജോർജ്ജ് ഗ്രീൻ ചോദിച്ചു.
‘മരിയനെപ്പോലെ വാൾപ്രയോഗം നടത്താൻ എനിക്കും കഴിഞ്ഞെങ്കിൽ!’

രാത്രി എല്ലാവരും ഉല്ലാസമായി കഴിഞ്ഞു. കാലത്ത് യാത്ര തുടർന്നു.

പകൽ മുഴുവൻ ആരോടും പോരടിക്കാൻ സാധിക്കാത്തതിൽ ജോർജ്ഗ്രീനിനു നിരാശയായി.

സമയം സന്ധ്യയാവുന്നു. കാട്ടിൽനിന്ന് ചില ശബ്ദം.

'അത് ഫ്രയർടക്കിന്റെ സ്വരമാണ്.' റോബിൻ തിരിച്ചറിഞ്ഞു.

സംഘം നിശ്ശബ്ദത പൂണ്ടു.

രണ്ടു പാതിരിമാരോടാണ് സംവാദം.

ടക് പറയുന്നു: 'സഹോദരന്മാരേ, കഷ്ടപ്പെടുന്ന പാവത്തിന് ഒരു വെള്ളിനാണയം കൊടുക്കാൻ നിങ്ങൾക്കാവില്ല. എന്നാൽ രാജാവിന്റെ മോചനത്തിന് ഒരു സ്വർണ്ണ നാണയമെങ്കിലും തരാമല്ലോ.'

'ഞങ്ങളുടെ കൈയിൽ ഒന്നുമില്ല.'

'എന്നാൽ റോബിൻ ഹുഡ് നിങ്ങൾക്കാവശ്യമായത് തരും. ഏതായാലും പണത്തിനായി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.'

രണ്ടുപേരെയും കഴുത്തിനു കുത്തിപ്പിടിച്ച് മുട്ടുകുത്തിച്ചു. അവർ ഭയപ്പെട്ടു കരയുന്നു. എന്നാൽ ടക് സ്വാഭാവികരീതിയിൽ ഭംഗിയായി പ്രാർത്ഥന ചൊല്ലി.

'ഇനി നമുക്ക് നോക്കാം, പ്രാർത്ഥനകൊണ്ട് സ്വർഗ്ഗത്തിൽനിന്നെന്തു കിട്ടിയെന്ന്?'

ടക്കിന്റെ നിർദ്ദേശപ്രകാരം അവർ പരസ്പരം ദേഹപരിശോധന നടത്തി. അറുനൂറിലധികം നാണയങ്ങൾ പാതിരിമാരിൽനിന്നും ഒരു ഡസനോളം ടക്കിന്റെ പോക്കറ്റിൽനിന്നും കിട്ടി.

'ഇതാരുടെ പണം? എവിടേക്കു കൊണ്ടുപോകുന്നു?'

'സെയ്ന്റ്മേരി മഠാധിപന്റെ പണം. ഇപ്പോൾ ആഷ്ബിയിലുള്ള പ്രിൻസ് ജോണിനു കൊണ്ടുപോകുന്നു.'

'ഇനിയിത് റിച്ചാർഡ് രാജാവിന്റെ മോചനത്തിനുള്ളതാണ്. ഓരോ നാണയം നിങ്ങൾക്കു തരാം, പ്രിൻസ് ജോണിന്റെ അടുത്തെത്താൻ. തിരികെ പോകാൻ പണം തന്നില്ലെങ്കിൽ, കുതിരയെ വിറ്റ്, യോർക്കിലേക്ക് നടക്കുക.'

പാതിരിമാർ കരഞ്ഞുകൊണ്ട് സ്ഥലംവിട്ടു.

'ഫ്രയർ, നില്ക്കവിടെ, മുട്ടുകുത്ത്.' റോബിൻ വ്യാജസ്വരത്തിൽ വിളിച്ചുപറഞ്ഞു.

ടക് മുട്ടുകുത്തി. പെട്ടെന്ന് പുറകിൽ ചിരി. ആറുപേർ പിന്നിൽക്കൂടി വരുന്നതറിഞ്ഞ്, ടക് തന്റെ വടി ശക്തിയിൽ ചുഴറ്റി.

'വടി താഴെയിട്. അല്ലെങ്കിൽ റോബിൻ ഹുഡിന്റെ തലയാണ് പൊളിയുക.'

റോബിൻ തുടർന്നു: 'ഇതാ ഞാൻ ജോർജ് ഗ്രീനിനെ കൊണ്ടുവന്നു, വെയ്ക്ഫീൽഡിൽനിന്ന്.'

# പാപ്ൾവിക്കിലെ മന്ത്രവാദിനി

ഷെർവൂഡിന്റെ അരികു മാറി, തുറസ്സായ പുൽപ്രദേശമുണ്ട്; പാപ്ൾവിക്ക്. അവിടെയാണ് ഇടയന്മാർ ജീവിക്കുന്നത്.

തന്റെ അനുയായികളോടൊപ്പം, പാവപ്പെട്ട ഇടയകുടുംബങ്ങളെയും ഒരു വിരുന്നിനായി റോബിൻ ക്ഷണിച്ചു.

എഗ്ലമൂർ എന്ന ഒരുവൻ മാത്രം വന്നില്ല. അവന്റെ പ്രിയപ്പെട്ടവൾ, ഈററിൻ, പാലം കടക്കുമ്പോൾ നദിയിൽ വീണു. പിന്നെ കണ്ടതേയില്ല. അവളെ പേരു ചൊല്ലി വിളിച്ചുകൊണ്ട് എവിടെയോ നടപ്പാണ് എഗ്ലമൂർ.

തത്സമയം മരിയനും സംഘവും വന്നു. പാചകത്തിനു തയ്യാറാക്കിയ മാനിറച്ചി കൈയിലുണ്ട്. ഞാൻ കൊന്ന മാനിന്റെ ഇറച്ചിയാണിത്. പക്ഷേ, ഇത് കൊണ്ടുവരുമ്പോൾ, ഒരു കാക്ക മ്ലാനമായി കരഞ്ഞിരുന്നു.' മരിയൻ വിശദമാക്കി.

'അതിന്റെ ഷെയർ കിട്ടാഞ്ഞിട്ടാവും.'

'എന്നാൽ, ഇടയൻ കരോലിൻ പറഞ്ഞത്, അത് സാധാരണ കാക്കയല്ല, പാപ്ൾവിക്കിലെ മന്ത്രവാദിനിയായ മദർ മോഡ്‌ലിൻ ആണെന്നും, അവർക്ക് ഏതു രൂപവും സ്വീകരിക്കാൻ കഴിയുമെന്നുമാണ്. പ്രഭാതത്തിൽ മാനുകളെ ആട്ടിത്തെളിക്കുമ്പോൾ കരോലിൻ മോഡ്‌ലിനെ കണ്ടിരുന്നു. റോബിൻ ഹുഡിന്റെ വിരുന്നിൽ ഇന്ന് മാനിറച്ചി ഭക്ഷിക്കുന്നവർക്കും അശുഭംവരുമെന്നവൾ പറഞ്ഞുവത്രെ.'

മരിയൻ ചിരിച്ചുകൊണ്ടാണ് ഇത്രയും പറഞ്ഞതെങ്കിലും ഉള്ളിൽ ഭയമുണ്ട്. അക്കാലത്ത് എല്ലാവർക്കും ദുർമന്ത്രവാദത്തിൽ വിശ്വാസമായിരുന്നു.

മരിയൻ അരുവിയിലേക്കു കൈകഴുകാൻ പോയപ്പോൾ, റോബിൻ കരോലിനോട് സംസാരിച്ചു:

'അവൾ മന്ത്രവാദിനിയാണ്. പക്ഷേ, ചിലർ പറയുന്നു, ജ്ഞാനിയായൊരു സ്ത്രീയാണെന്നും. ഞങ്ങൾ കാക്കയ്ക്ക് എറിഞ്ഞുകൊടുത്ത എല്ല് അവൾ പുഴുങ്ങുന്നുണ്ടെന്നും.

തത്സമയം മരിയൻ ബദ്ധപ്പാടോടെ കടന്നുവന്നു. ചിരിയും സന്തോഷവും ഉത്സാഹവുമെല്ലാം പോയമട്ട്.

'എന്തു പറ്റി മരിയൻ? നമുക്ക് സദ്യ നടത്തണ്ടേ?'

'എന്തു സദ്യ?' അവൾ കുപിതയാണ്.

'നിന്നെ പേടിപ്പെടുത്തുന്ന എന്തെങ്കിലും സംഭവിച്ചോ?'

'ഇല്ല.'

'എന്നാൽ നമുക്ക് സുഹൃത്തുക്കളെ വിളിക്കാം.' റോബിൻ ആവർത്തിച്ചു.

'സുഹൃത്തുക്കളാണത്രെ! ഇത്ര നല്ല മാംസം അവർ ഭക്ഷിക്കില്ല! എല്ലുംതോലുമായ ആടിന്റെ ശവമേ അവർ തിന്നുകയുള്ളു. സ്കാർലെറ്റ്, അതെടുത്ത് മദർ മോഡ്‌ലിന് കൊടുക്കൂ. ഞാൻ തന്നയച്ചതാണെന്നു പറയണം. അവർ നന്ദി പറയുകയെങ്കിലും ചെയ്യും.'

'മരിയൻ, ഇതെന്താണ്? ഞാൻ സ്വപ്നം കാണുകയാണോ? ഞാൻ റോബിൻ ഹുഡ് അല്ലേ? ഇതെന്റെ മരിയനല്ലേ.'

നീ റോബിൻ ഹുഡ്തന്നെ. അവൾ തിരിച്ചടിച്ചു. എന്നെ എല്ലായിടത്തും പിന്തുടരുന്ന

ചാരനാണ് നീ. നിനക്ക് അസൂയയാണ്. ഞാൻ നേടിയ ഈ മാംസം എനിക്കിഷ്ടമുള്ളവർക്ക് കൊടുക്കും. എന്റെ സുഹൃത്തായ മോഡ്‌ലിനെ മന്ത്രവാദിനി എന്നു വിളിച്ചാലുണ്ടല്ലോ. പോയി, ആ വൃത്തികെട്ടവൻമാർക്ക് വീഞ്ഞുമാത്രം കൊടുക്ക്. ഇന്നിനി നിന്നെ കാണുകയേ വേണ്ട.'

എല്ലാവരെയും സ്തബ്ധരാക്കി, മരിയൻ സ്ഥലംവിട്ടു.

'അവൾക്കെന്തോ രോഗം വന്നപോലെ തോന്നുന്നു. മുമ്പൊരിക്കലും ഇത്തരത്തിൽ അവളെ കണ്ടിട്ടില്ല. സ്കാർലറ്റ്, അവൾ പറഞ്ഞതുപോലെ ചെയ്യ്. സുഹൃത്തുക്കളേ, മാപ്പ്. ഞാനവളെ അന്വേഷിക്കട്ടെ.'

മരിയൻനദീതീരത്ത് ഒരു ഇടയപ്പെൺകൊടിയുമായി സംസാരിച്ചിരിക്കുന്നതാണ് റോബിൻ കണ്ടത്. അമീ എന്നവൾ എഗ്ലമൂറിന്റെയും കാണാതായ ഈറിന്റെയും കഥ പറയുന്നു. റോബിനെ കണ്ട ഉടനെ അവൾ നീട്ടിയ കൈകളുമായി ഓടിവന്ന് ക്ഷമാപണം ചെയ്തു: 'ഞാനല്പം വൈകിപ്പോയി.'

റോബിൻ അയാളെ കഠോരമായി നോക്കി: 'ഇപ്പോൾ ഞാൻ നിനക്ക് പ്രിയപ്പെട്ടവനാണോ? നിന്നെ പിന്തുടർന്ന്, ചാരനായി അസൂയയും പീഡനവും ഏല്പിക്കുന്നവനല്ലേ?'

'ചാരൻ? അസൂയ? എന്താണ് റോബിൻ, നീ പറയുന്നത്?'

'നമ്മുടെ അതിഥികൾ ആടിന്റെ ശവംകൊണ്ടു തൃപ്തിപ്പെടുമെന്ന് നീ പറഞ്ഞില്ലേ? ഇറച്ചി മദർ മോഡ്‌ലിനു കൊടുക്കാൻ വിൽ സ്കാർലറ്റിനോടു പറഞ്ഞില്ലേ?'

മരിയൻ സംഭ്രമിച്ചുനിന്നു: 'ഞാനങ്ങനെ പറഞ്ഞതായി സ്കാർലറ്റ് പറഞ്ഞോ?'

'നിനക്കത് നിഷേധിക്കാനാവില്ല. അതുകേട്ടുനിന്ന ലയണൽ ഇതാ. സ്കാർലറ്റും വന്നു കഴിഞ്ഞു.'

'കഷ്ടം! ഇതൊരു ക്രൂരമായ തമാശതന്നെ. ഞാനിതൊന്നും അറിഞ്ഞതല്ല. ദേഹശുദ്ധി വരുത്താൻ അരുവിയിൽ വന്നപ്പോൾ അമീയെ കണ്ടു. അവർ ഈറിനെക്കുറിച്ചു സംസാരിച്ചിരുന്നതുകൊണ്ടാണ്, ഞാൻ വൈകിപ്പോയത്.'

'മാംസം മദർമോഡലിന് കൊടുത്തിട്ടാണ് ഞാൻ വരുന്നത്.' സ്കാർലറ്റ് പറഞ്ഞു.

'കഷ്ടം! ഞാനങ്ങനെ കല്പിച്ചിട്ടില്ല. എല്ലാവരും എനിക്കെതിരെ സംഘടിപ്പിക്കുകയാണ്. മദർ മോഡ്‌ലിനെപ്പറ്റി ലയണൽ പറഞ്ഞപ്പോൾ പോയതാണ് ഞാൻ. ഇത്രയും സമയം അമീയുടെ ഒപ്പമായിരുന്നു.'

'ഇതിലെന്തോ കുഴപ്പമുണ്ട്.' സ്കാർലറ്റ് പറഞ്ഞു.

'ലേഡി മരിയൻ ആ മാംസം ഞാൻ തിരികെ വാങ്ങണമെന്നാണോ പറയുന്നത്?'

'തീർച്ചയായും അതെ.'

സ്കാർലറ്റ് ധൃതിയിൽ ഓടിപ്പോയി.

'കഴിഞ്ഞ അരമണിക്കൂറായി മരിയൻ എന്നോടൊപ്പമുണ്ട്. കൈകഴുകാൻ വന്നതാണെങ്കിലും കുളിച്ചു.' അമീ വെളിപ്പെടുത്തി.

'ഇത് വളരെ വിചിത്രം.' റോബിൻ തുടർന്നു: 'നമ്മുടെയെല്ലാം ബോധം മറിഞ്ഞുപോയോ?'

'നോക്ക്.' ലയണൽ ഇടപെട്ടു: 'ഇതാ മദർ മോഡ്‌ലിൻ വരുന്നു. ലിറ്റിൽ ജോണും ഒപ്പമുണ്ട്.'

കൂന്നു വളഞ്ഞ്, നീണ്ട ചാരമുടിയുമായി വൃദ്ധയെത്തി.

'വൃദ്ധയായ എനിക്ക് ഇങ്ങനെയൊരു സമ്മാനം കൊടുത്തയച്ചതിന് നന്ദി

പറയാനാണ് ഞാൻ വന്നത്. എനിക്ക് വളരെ സന്തോഷമുണ്ട്.'

മരിയനാണ് മറുപടി പറഞ്ഞത്: 'എന്റെ നല്ല അമ്മേ, ഇവിടത്തെ ആളുകൾ എന്തോ തെറ്റിദ്ധാരണയാലാണ് മാംസം അവിടെയെത്തിച്ചത്. അത് ഞങ്ങൾക്കുതന്നെ വേണം. ഇടയകുടുംബങ്ങളെ ഞങ്ങൾ വിരുന്നിനു വിളിച്ചതാണ്.'

'അതെങ്ങനെ തരാൻ കഴിയും? എന്റെ പാവപ്പെട്ട അയല്ക്കാർക്ക് എല്ലാം വീതിച്ചുകഴിഞ്ഞു.'

'ഒന്നുകിൽ മാംസം കട്ടെടുത്തത്? അല്ലെങ്കിൽ എന്തോ ദുർമന്ത്രവാദം!' മരിയൻ അസ്വസ്ഥയായി.

സ്കാർലറ്റ് ഓടിവന്നു.

'മാസ്റ്റർ, മാംസം ഇപ്പോൾ നമ്മുടെ അടുക്കളയിലുണ്ട്. റെയ്നോൾഡ് അതു പാകപ്പെടുത്തുന്നു.'

'തന്ന സാധനം തിരിച്ചെടുക്കുന്നോ?' മോഡ്‌ലിൻ കുപിതയായി.

'ഇല്ല, മോഡ്‌ലിൻ, മരിയന്റെ കണ്ണുകൾ തിളങ്ങുന്നു. ഞങ്ങൾ തിരിച്ചെടുത്തില്ല; നീയത് വിതരണം ചെയ്തുകഴിഞ്ഞില്ലേ?'

നിരവധി ശാപവചനങ്ങൾ ഉച്ചരിച്ച്, വായുവിൽ കൈകൾ വീശി, മോഡ്‌ലിൻ കടന്നുപോയി.

'അവൾ മന്ത്രവാദിനിതന്നെ. റോബിൻ തുടർന്നു: 'അവൾക്ക് പലരൂപങ്ങൾ സ്വീകരിക്കാൻ കഴിയുമെന്നല്ലേ? മരിയനായി വന്നത് അവൾതന്നെ. മരിയൻ, എനിക്ക് മാപ്പുതരൂ.'

ഫ്രയർടക്കും മറ്റു പലരും കിതച്ചുകൊണ്ടെത്തി. 'പാചകക്കാരൻ റെയ്നോൾഡിന് പെട്ടെന്ന് അസുഖം. ദേഹം മുഴുവൻ വേദന, നിവർന്നുനില്ക്കാൻപോലും ആവുന്നില്ല.'

'ഇനിയെന്തു ചെയ്യണം?'

'അവളെ പിടിയിലാക്കണം. അല്ലെങ്കിൽ അനർത്ഥമുണ്ടാവും.'

ഫ്രയർടക്കും മച്ചും അടുക്കളയിലേക്കും മറ്റുള്ളവർ മോഡ്‌ലിനെ തിരയാനും പോയി. എഗ്ലമോർ ആ വഴി വരുമെന്നതിനാൽ റോബിൻ, മരിയനോടും അമീയോടുമൊപ്പം അവിടെ നിലകൊണ്ടു.

തന്റെ പ്രണയിനിയെക്കുറിച്ചു പാടിക്കൊണ്ട് എഗ്ലമോർ അതിലേ വന്നു. റോബിൻ അയാളെ ആശ്വസിപ്പിച്ചു. പെട്ടെന്നവൻ നടന്നുനീങ്ങി. അവന്റെ മുമ്പിലൂടെ ഒരു പെൺകൊടി നടന്നുനീങ്ങുന്നു. റോബിൻ അനുഗമിച്ചു. എഗ്ലമോറിനെ പിന്നീടു കണ്ടില്ല. എന്നാൽ പെൺകുട്ടി ഇടയ്ക്കിടെ ദൃഷ്ടിയിൽപെട്ടു. കുറെക്കഴിഞ്ഞ് ലിറ്റിൽ ജോണിന്റെ കാഹളം കേട്ടു.

ചെങ്കുത്തായ പാറയിൽ നിർമ്മിച്ച ഒരു ഇരുണ്ട വീട് കണ്ടെത്തി. ജലപാതത്താൽ ഉണ്ടായ അഗാധമായൊരു തടാകവുമുണ്ട്; ഒരു രാക്ഷസന്റെ വട്ടളംപോലെ.

വീടിനു മുമ്പിൽ ലിറ്റിൽ ജോണും എഗ്ലമോറും. വാതില്ക്കൽ മരിയൻ!

റോബിൻ മറഞ്ഞുനിന്നു, സംസാരം ശ്രവിച്ചു.

മരിയൻ പറയുന്നു: 'ജോൺ, ഇവളെ തെറ്റിദ്ധരിക്കരുത്. മോഡ്‌ലിൻ എന്റെ സുഹൃത്താണ്; ജ്ഞാനിയാണ്, രോഗശമനം നടത്തുന്നവളാണ്, പോയി റോബിനോട് പറയ്, മോഡ്‌ലിനെ ഇനി വേട്ടയാടരുതെന്ന്.'

'അത് റോബിൻ തീരുമാനിക്കട്ടെ. അതുവരെ ഞാനിവിടെ നില്ക്കാം.'

തൽക്ഷണം റോബിൻ അവരുടെയടുത്തേക്കു വന്നു.

'മരിയൻ, നീ എന്തോട്ടമാണ് നടത്തിയത്? എന്നെക്കാൾ മുമ്പിലെത്തിയല്ലോ.'

ഭയാനകമായി ഒച്ചയിട്ടുകൊണ്ട് മരിയൻ ഉള്ളിലേക്കു നീങ്ങി. അവളുടെ അരയിൽ വിചിത്രമായൊരു അരപ്പട്ട കണ്ടു റോബിൻ. ഇത് മുമ്പു കണ്ടിട്ടുണ്ടല്ലോ! മരിയന്റെ ദേഹത്തിലല്ല, മദർ മോഡ്‌ലിന്റെ ദേഹത്തിൽ. പെട്ടെന്ന് റോബിൻ അതിൽ പിടിത്തമിട്ടു. അതു മുറിഞ്ഞ് കൈയിൽ കിട്ടി.

പിന്നെ പുറത്തുവന്നത് മോഡ്‌ലിൻ.

'സഹായിക്കണേ, എന്നെ കൊല്ലുന്നേ.' അവൾ വിളിച്ചുകൂവി.

'ഇനിയിവിടെ കണ്ടുപോകരുത്. ഉടൻ സ്ഥലംവിടണം.' മോഡ്‌ലിൻ ഓടി രക്ഷപ്പെട്ടു.

ഉള്ളിൽ കടന്നു നോക്കിയപ്പോൾ ഈറിൻ ബന്ധിതയായി കിടക്കുന്നു.

എല്ലാവരും താവളത്തിൽ മടങ്ങിയെത്തി, സദ്യ ഉണ്ടു. ഫ്രയർടെക് ഉറക്കെ പ്രഖ്യാപിച്ചു: 'ഞാനിന്നു രണ്ടു കല്യാണങ്ങൾ നടത്തിക്കൊടുക്കും.'

എല്ലമോറും ഈറിനും.

അമീയും ലയണലും.

# ഗൈ ഓഫ് ഗിസ്ബോണിന്റെ അന്ത്യം

അതൊരു വസന്തകാലപ്രഭാതമാണ്. തന്റെ ഗുഹാമുഖത്ത് നിദ്രയിലായിരുന്ന റോബിനെ ഉണർത്തിയത് ത്രഷിന്റെ രാഗവിസ്താരമാണ്. രണ്ടു ശക്തരായ വനപാലകർ സംഘട്ടനത്തിലൂടെ തന്നെ കീഴടക്കിയതായി സ്വപ്നംകണ്ടെന്ന് അയാൾ ലിറ്റിൽ ജോണിനോട് പറഞ്ഞു.

ഷെരീഫ് തന്നെ കീഴടക്കാൻ വരുമെന്നുതന്നെ അയാൾ കരുതി.

സ്ഥിതിഗതികൾ അറിയാൻ അവർ രണ്ടുപേരും രണ്ടു വഴിക്കു നടന്നു.

ഒരു പാട്ടുപാടിക്കൊണ്ട് നോട്ടിങ്ഹാം റോഡിലൂടെ നടന്ന ലിറ്റിൽ ജോൺ കണ്ടത്, റോഡരികിൽ അമ്പേറ്റു മരിച്ചുകിടക്കുന്ന രണ്ടു കൂട്ടുകാരെയാണ്. വിൽ സ്കാർലറ്റ് അതിവേഗത്തിൽ ഓടിവരുന്നു. ഷെരീഫിന്റെയും ഗിസ്ബോണിന്റെയും ആൾക്കാർ പിന്തുടർന്നു വരുന്നു.

ലിറ്റിൽ ജോൺ ശക്തിയായി എയ്തുവിട്ട ഒരമ്പ് ഒരുത്തന്റെ ശരീരം തുളച്ചുകയറി, പിന്നിൽനിന്ന ഒരുവനെ പരിക്കേല്പിച്ചു. അതോടൊപ്പം വില്ല് മുറിഞ്ഞ് കഷണങ്ങളായി. ഷെരീഫിന്റെ ആൾക്കാർ ലിറ്റിൽ ജോണിനെ പിടിച്ചുകെട്ടി.

'ഒരു റാസ്ക്കലിനെ പിടികിട്ടി. തന്നെ ഞാൻ കോട്ടയിൽ തൂക്കിയിടും. ഷെർവുഡ് വനത്തിൽനിന്ന് എല്ലാവരെയും പുറത്തിറക്കിവിടും.' ഷെരീഫ് പറഞ്ഞു.

റോബിനെ തനിയെ വിട്ടതിൽ ജോൺ പശ്ചാത്തപിച്ചു.

മറ്റൊരുവഴിയിൽ മുമ്പോട്ടു നീങ്ങിയ റോബിൻ ഒരു വനപാലകനെ കണ്ടെത്തി, അമ്പും വില്ലുമുണ്ട്.

അയാൾ പടിഞ്ഞാറൻ ദേശത്തിലെ ഭാഷയാണ് സംസാരിക്കുന്നത്. അയാൾക്ക് വഴി അറിയില്ല എന്നു വ്യക്തം.

'നിനക്ക് എവിടേക്കാണു പോകേണ്ടത്?'

'ഞാൻ റോബിൻ ഹുഡിനെ അന്വേഷിച്ചുപോകുന്നു; എനിക്കയാളുടെ സംഘത്തിൽ ചേരണം.'

'ഞാൻ നിന്നെ കൊണ്ടുപോകാം.'

ആഗതൻ ചിന്താമഗ്നനായി സാവകാശത്തിലാണ് നടപ്പ്. ഒരു വെളിമ്പ്രദേശത്ത് എത്തിയപ്പോൾ അയാൾ നിന്നു.

'സർ, നമുക്കിവിടെ അല്പം വിശ്രമിക്കാം.'

ആഗതൻ വില്ലു കുലച്ചു തയ്യാറായി.

ലക്ഷ്യസ്ഥാനം കാണിക്കാൻ റോബിൻ അല്പദൂരം മുമ്പോട്ടു നടന്നു.

'റോബിൻ ഹുഡ്, ഇത് നിന്റെ അന്ത്യമാണ്.'

അയാൾ പഴയസ്വരം മാറ്റിയിട്ടുണ്ട്. അത് ഗിസ്ബോൺ ആണെന്ന് റോബിൻ തിരിച്ചറിഞ്ഞു.

'നാം രണ്ടുപേരും മാന്യരായി പിറന്നവർതന്നെ. ഒരാൾ നിരായുധനായിരിക്കുമ്പോൾ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നത് മാന്യതയല്ല.'

'ലോക്സ്ലിയിലെ റോബർട്ട്, റോബിൻ ഹുഡ് ആയപ്പോൾ നിയമപരിധിക്കു പുറത്താണ്' എന്നായിരുന്നു ഗിസ്ബോണിന്റെ വാദം. 'നിനക്ക് നോട്ടിങ്ഹാമിൽ കഴുമരം തയ്യാറാക്കിയിട്ടുണ്ട്.'

റോബിൻ കത്തിയെടുത്ത് ശക്തിയായെറിഞ്ഞു. കത്തി തടുക്കാൻ കുലച്ച് വില്ല് ഉയർത്തിയതും, അത് മുറിഞ്ഞുവീണു. ഗിസ്ബോണിന്റെ കവിളിൽ ചെറിയ പരുക്ക്.

രണ്ടുപേരും പിന്നെ കൈയിലെടുത്തത് വാൾ.

'ഇപ്പോൾ നാം സമന്മാർ.' റോബിൻ പറഞ്ഞു.

അല്പനേരം സംഘട്ടനം നടന്നു. വെട്ടു തടയാൻ റോബിൻ പുറകോട്ടു നടന്നതും ഒരു വേരിൽ തടഞ്ഞു വീണു.

'യേശുമാതാവേ, ഇപ്പോൾ ഇടപെടുക' എന്നു പ്രാർത്ഥിച്ചുകൊണ്ട്, റോബിൻ കിടന്ന കിടപ്പിൽ നീങ്ങിയതും, ഊക്കോടെ വന്ന വാൾ നിലത്തു തറച്ചതും പെട്ടെന്നായിരുന്നു. വൈകാതെ, ഗിസ്ബോൺ, റോബിൻഹുഡിന്റെ വാളിന് ഇരയായി.

റോബിൻ, ഗൈയുടെ വേഷം ഉരിഞ്ഞെടുത്തു ധരിച്ചു. ശിരോകവചവും എടുത്തു. ഗിസ്ബോണിന്റെ കാഹളം കൈയിലെടുത്തു. മുഖത്തിന്റെ വലിയൊരു ഭാഗം മറയ്ക്കുംവിധം, ശിരോകവചം ധരിച്ചു.

റോബിൻ, ഗൈയുടെ കാഹളം ഉറക്കെ ഊതി. റോബിൻ വധിക്കപ്പെട്ടതുകൊണ്ട്, ഗൈ കാഹളം ഊതിയതാണെന്നു കരുതി, ഷെരീഫ് അത്യധികം സന്തോഷിച്ചു. അല്പം അകലെ ഷെരീഫും സംഘവും ബന്ധിതരാക്കപ്പെട്ട നിയമഭ്രഷ്ടരും എത്തി.

'നേതാവായ റോബിനെ ഞാൻ കൊന്നു. അതുകൊണ്ട് അവന്റെ അടുത്ത അനുയായിയെയും ഞാൻ കൊല്ലാം.' വേഷപ്രച്ഛന്നനായ റോബിൻ ആവശ്യപ്പെട്ടു.

'ഇതാ, ലിറ്റിൽ ജോൺ.'

റോബിൻ, ലിറ്റിൽ ജോണിനെ സമീപിച്ച്, 'ഞാൻ റോബിനാണ്; എന്റെ അമ്പും വില്ലും ഈ പുല്ലിൽ ഉണ്ട്; സമയമാകുമ്പോൾ അതെടുക്കുക.'

ബന്ധിതരായ മറ്റു രണ്ടു പേരുടെ അടുത്തും റോബിൻ ചെന്നു. അവരുടെ ബന്ധനവും വേർപെടുത്തി.

'പാടില്ല, സർ ഗൈ. ഞാൻ നിനക്ക് ഒരാളെ മാത്രമേ തന്നുള്ളൂ.' ഷെരീഫ് വിളിച്ചുപറഞ്ഞു.

ആ നിമിഷം റോബിൻ മുഖകവചം വലിച്ചെറിഞ്ഞു.

'ഇത് റോബിൻ ഹൂഡോ, അവന്റെ പ്രേതമോ?' ഷെരീഫിന്റെ ആക്രന്ദനം. ഒരമ്പിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തിൽ അയാൾ കുതിരപ്പുറത്തുനിന്നു താഴെ വീണു.

പോരാട്ടം ആരംഭിച്ചു.

അപ്രതീക്ഷിതമായി ഒരു യോദ്ധാവ് അവിടെയെത്തി. അടിമുടി കറുപ്പണിഞ്ഞവൻ. ഷെരീഫിന്റെ ആളുകളുടെ മദ്ധ്യത്തിലേക്ക് കുതിരയെ ഓടിച്ചുകയറ്റി.

'ഇതെന്ത്? നാലാൾക്കുനേരെ ഒരു പടയോ?' കറുപ്പുയോദ്ധാവും അനുയായികളും പോരാട്ടം തുടങ്ങി. ഷെരീഫും കൂട്ടരും ഓടി രക്ഷപ്പെട്ടു.

അപ്പോഴേക്ക് റോബിന്റെ ബ്യൂഗിൾ കേട്ട്, കാടിന്റെ പല ഭാഗങ്ങളിൽനിന്ന് അനുയായികൾ എത്തി.

'വിൽ സ്കാർലറ്റ് എവിടെ?'

മറുപടി പറഞ്ഞത് ലിറ്റിൽ ജോണാണ്: 'എനിക്കയാളെ രക്ഷിക്കാൻ കഴിഞ്ഞില്ല. എന്നാൽ എന്നെ ബന്ധിക്കുംമുമ്പ് ഞാനവന്റെ ഘാതകനെ----വില്യം ട്രെന്റ്----കൊന്നു.'

വിൽ സ്കാർലറ്റിന്റെ മരണം റോബിന് അസഹനീയമായ മനോവേദനയുണ്ടാക്കി. വില്യം ട്രെന്റിന്റെ സംഘത്തിൽപെട്ട പതിനഞ്ചു റെയ്ഞ്ചർമാരെ റോബിൻ

അമ്പെയ്തു കൊന്നു. എന്നാൽ ഷെരീഫിന്റെ സംഘത്തിൽപ്പെട്ടവരെ ദ്രോഹിച്ചതുമില്ല.

# സിൽവർ ബ്യൂഗിളും കറുത്ത യോദ്ധാവും

ലിസെസ്റ്ററിലെ ആഷ്ബിയിൽ പ്രിൻസ് ജോൺ ഒരു ടൂർണമെന്റ് നടത്തുന്നു. റോബിൻ ഹുഡ് അവിടെയെത്തുമെന്ന് ജോണിനറിയാം. ജോണിന്റെ ശക്തി വർദ്ധിച്ചെങ്കിലും ഇംഗ്ലണ്ടിലെ രാജാവെന്ന പദവി ഇതുവരെ കിട്ടിയില്ല. മാത്രമല്ല, റിച്ചാർഡ് രാജാവ് ആസ്ത്രിയയിൽനിന്ന് രക്ഷപ്പെട്ട് ഇംഗ്ലണ്ടിലെത്തിയിട്ടുണ്ട് എന്ന വാർത്തയുമുണ്ട്.

സാക്സണുകളും നോർമനുകളും തമ്മിലാണ് പ്രധാന മത്സരം.

ഒന്നാമത്തെ മത്സരം യോദ്ധാക്കൾക്കുള്ളതാണ്. കുതിരപ്പുറത്തേറി, പരസ്പരം ഇടിച്ച് എതിരാളിയെ കുതിരപ്പുറത്തുനിന്ന് മറിച്ചിടുക. അറിയപ്പെടാത്തൊരു യോദ്ധാവാണ് അന്നു ജയിച്ചത്. പിറ്റേ ദിവസം നടക്കുന്ന ഒളിപ്പോരിൽ ഒരു വിഭാഗത്തിന്റെ നേതാവ് അയാളാണ്. രണ്ടാംസ്ഥാനത്തെത്തിയ സർ ബ്രയാൻ ഗിൽബർട്ട് മറുവശത്തും. ക്രൂരതയ്ക്കു പേരുകേട്ട ഒരുപാട് പ്രഭുക്കൾ അയാളുടെ ഭാഗത്തുണ്ട്. എല്ലാം പ്രിൻസ് ജോണിന്റെ ആൾക്കാർ.

'കറുത്ത യോദ്ധാവ്' ആദ്യപക്ഷക്കാരനാണ്. തന്റെ വിഭാഗം പരാജയപ്പെടുമെന്ന ഘട്ടം എത്തിയപ്പോൾ മാത്രമാണയാൾ മത്സരത്തിൽ പങ്കെടുത്തത്. 'ഒളിപ്പോര്' എന്നാണ് പറയുന്നതെങ്കിലും പലപ്പോഴും അത് യഥാർത്ഥ യുദ്ധമായി മാറുന്നു.

അന്നത്തെ വിജയി സർ വിൽഫ്രഡ് എന്ന ആ അജ്ഞാത യോദ്ധാവാണ്. റിച്ചാർഡ് രാജാവിന്റെ വിശ്വസ്ത സുഹൃത്ത്; എന്നാൽ സാക്സൺ പരമ്പരയിൽപ്പെട്ടവൻ.

ലേഡി റൊവേനയാണ് വിജയകിരീടം അണിയിച്ചത്.' സർ വിൽഫ്രഡ് തികച്ചും അവശനായിരുന്നു അപ്പോൾ.

പിന്നെ അമ്പെയ്ത്തു മത്സരം. റോബിൻ ഹുഡ് വേദിയിലേക്ക് ഇറങ്ങിയപ്പോൾ ആദ്യം കടന്നുവന്ന പലരും പിന്മാറി.

'ആരാണത്?' പ്രിൻസ് ചോദിച്ചു.

'ലോക്സ്ലിയെന്നാണ് എല്ലാവരും വിളിക്കുന്നത്.' പേരുകേട്ട് ജോൺ ഞെട്ടി.

റോബിൻ മേല്പോട്ട് നോക്കിയപ്പോൾ അവരുടെ കണ്ണുകൾ ഇടഞ്ഞു.

'ലോക്സ്ലീ, ശ്രദ്ധിക്കണം, നിന്റെ പേര് എന്തുതന്നെയാവട്ടെ. നിന്നെ എനിക്കറിയാം. നീ റോബർട്ട് ഫിറ്റ്സൂത് ആണ്.'

'എന്റെ പേര് ലോക്സ്ലി എന്നാണ്; അത് അങ്ങയെ സന്തോഷിപ്പിക്കുമെങ്കിൽ!'

'നീ ഇവിടെ സുരക്ഷിതനാണ്.'

റോബിൻ മറുപടി പറഞ്ഞില്ല.

'ലോക്സ്ലീ, നീഡ്വുഡ് വനത്തിലെ റെയ്ഞ്ചർ ആയ ഹ്യൂബെർട്ടിനോടാണ് നീ മത്സരിക്കേണ്ടത്.'

'ശരി, ഒരു വ്യവസ്ഥയുണ്ട്. എന്റെ രണ്ട് അമ്പുകൾ ഹ്യൂബർട്ടിനെ മറികടന്നാൽ, ഞാൻ നിശ്ചയിക്കുന്ന സ്ഥാനത്ത് ഹ്യൂബെർട്ട് അമ്പെയ്യണം.'

'അതു ന്യായംതന്നെ.' പ്രിൻസ് ജോൺ തുടർന്നു: 'ഹ്യൂബർട്ട്, നീ ജയിച്ചാൽ, ബ്യൂഗിൾകൊമ്പിനുള്ളിൽ ഞാൻ വെള്ളിനാണയങ്ങൾ നിറച്ചുതരും.'

'എന്റെ മുത്തച്ഛൻ നല്ല വില്ലാളിയായിരുന്നു.'

'നിന്റെ മുത്തച്ഛനെക്കുറിച്ച് പറഞ്ഞതുമതി. അമ്പെയ്യാൻ നോക്ക്.'

ഹ്യൂബർട്ട് രണ്ടാമത്തെ അമ്പെയ്തപ്പോൾ അതു ലക്ഷ്യകേന്ദ്രത്തിൽതന്നെ തറച്ചു.

തുടർന്ന് റോബിൻ അയച്ച അമ്പ് അതിനെ കഷണങ്ങളായി ഖണ്ഡിച്ച് തൽസ്ഥാനത്ത് തറഞ്ഞുനിന്നു.

അടുത്ത മത്സരത്തിനായി ആറടി നീളവും, പെരുവിരലിനെക്കാൾ വണ്ണം കുറഞ്ഞതുമായ ഒരു അരളിക്കൊമ്പ് റോബിൻ വെട്ടിമിനുക്കി. നൂറടി അകലെ അതു സ്ഥാപിച്ചു.

'എന്റെ മുത്തച്ഛൻ ഇങ്ങനെയൊരു മത്സരത്തിൽ പങ്കെടുത്തിട്ടില്ല. അതുകൊണ്ട് ഞാനും പങ്കെടുക്കില്ല എന്നായി ഹ്യൂബർട്ട്.'

നിരവധി ജനങ്ങൾ വീർപ്പുമുട്ടി നോക്കിനില്ക്കേ, റോബിൻ അമ്പെയ്ത്തുമത്സരത്തിൽ വിജയിച്ചു. ജനങ്ങൾ ആഹ്ലാദാരവത്തോടെ, കരഘോഷം മുഴക്കി. പ്രിൻസ് ജോണും ആഹ്ലാദപ്രകടനത്തിൽ പങ്കുചേർന്നു.

വെള്ളി ബ്യൂഗിൾ റോബിനു സമ്മാനമായി നല്കുമ്പോൾ പ്രിൻസ്ജോൺ പറഞ്ഞു: 'നീ ഇവിടത്തെ ഏറ്റവും സമർത്ഥനായ വില്ലാളിതന്നെ. ഇപ്പോൾ പോവുക. പക്ഷേ, നിന്നോടൊരു പ്രതികാരം ചെയ്യുമെന്ന് ഞാൻ പ്രതിജ്ഞയെടുത്തിട്ടുണ്ട്. നമുക്ക് കാത്തിരുന്ന് കാണാം.'

റോബിൻ സ്ഥലംവിട്ടു.

തന്റെ ആളുകളെ പാർപ്പിച്ച തടവറ തകർത്തശേഷം, കറുത്ത യോദ്ധാവ് റോബിന്റെ അടുത്തെത്തി.

ഷെർവൂഡിൽ വരുമ്പോൾ സഹായം ആവശ്യമാണെങ്കിൽ ബ്യൂഗിൾ വിളിച്ച് അറിയിക്കണമെന്ന് റോബിൻ പറഞ്ഞു.

'വ്ആ-സ്-ആ-ഹോ' എന്ന ശബ്ദമാണ് മുഴക്കേണ്ടത്. കറുത്ത യോദ്ധാവ് ഷെർവൂഡിൽനിന്നു മടങ്ങി. യോദ്ധാവിനെ ലക്ഷ്യംവെച്ച്, പച്ചിലച്ചാർത്തിന്റെ മറപിടിച്ചുവരുന്ന ചിലരെ അനുചരൻ കണ്ടു. മൂന്നമ്പുകൾ യോദ്ധാവിന്റെ ശിരസ്സിനരികിലൂടെ പാഞ്ഞുപോയി. ആയുധധാരികൾ ആറോ ഏഴോ പേരുണ്ട്.

'ആരവിടെ?'

'മരിക്കാൻ തയ്യാറായിക്കോ, സ്വേച്ഛാധിപതീ.'

'ഹാ, സെയിന്റ് ജോർജ്ജ്, ഇവിടെയും ജനവഞ്ചകരോ?'

യോദ്ധാവ് വെട്ടി മുന്നേറിക്കൊണ്ടിരുന്നു. പൂർണ്ണമായി കവചമണിഞ്ഞ മറ്റൊരു യോദ്ധാവ് മരത്തിനിടയിൽനിന്ന് പുറത്തെത്തി, കുതിരയെ വെട്ടിവീഴ്ത്തി.

തത്സമയം കറുത്ത യോദ്ധാവിന്റെ അനുചരൻ ബ്യൂഗിൾ വിളിച്ചു: 'വ്ആ...സ്ആ...ഹോ.'

നിമിഷങ്ങൾക്കകം റോബിനും കൂട്ടുകാരും എത്തി. അക്രമി നേതാവിനെ ഒഴികെ, അയാളുടെ അനുചരന്മാരെ വധിക്കുകയോ മാരകമായി പരിക്കേല്പിക്കയോ ചെയ്തു.

'നന്ദി, ലോക്സ്ലിയിലെ റോബിൻ.' പിന്നെ സഗൗരവം പറഞ്ഞു: 'അല്പം മാറി നില്ക്കുമോ? ഞാനീ യോദ്ധാവിനോടൊന്നു സംസാരിക്കട്ടെ.'

കറുത്ത യോദ്ധാവ്, ബാരൻഫിറ്റ്സഴ്സിനടുത്ത് കുനിഞ്ഞ്, പതിഞ്ഞ ശബ്ദത്തിൽ എന്തോ പറഞ്ഞു. പരിക്കേല്ക്കാത്ത ബാരൻ എഴുന്നേറ്റു സ്ഥലംവിട്ടു.

കറുത്ത യോദ്ധാവ്, അനുചരന്റെ കുതിരപ്പുറത്തു കയറി സാവകാശം മുന്നോട്ടു നീങ്ങി.

റോബിൻ ചിന്താമഗ്നനായി നോക്കിനിന്നു. പിന്നെ ഫ്രയർടക്കിനോടു പറഞ്ഞു:

'ആ യോദ്ധാവ് റിച്ചാർഡ് കോർ-ഡി-ലയൺ അല്ലാതെ മറ്റാരുമല്ല.'

# റോബിൻ ഹുഡും പൊക്കമുള്ള തീർത്ഥാടകനും

റിച്ചാർഡ് രാജാവ് നാട്ടിലെത്തിയെന്നൊരു വാർത്ത പരന്നു. പ്രിൻസ് ജോൺ അസ്വസ്ഥനായി. ഷെരീഫുമായി പല ഗൂഢാലോചനകളും നടത്തി. അനുയായികൾ പലരും കാണാൻ വന്നുതുടങ്ങി; അക്കൂട്ടത്തിൽ ഹിയർഫോഡിലെ ബിഷപ്പും. ബിഷപ്പിനു കുറേ പണം നല്കി. അത് റിച്ചാർഡിനെതിരെ കലാപം ഉണ്ടാക്കുന്നതിനുവേണ്ടിയായിരുന്നു. ഷെർവുഡ് വനത്തിൽകൂടി കടന്നുപോകുമ്പോൾ അനുചരന്മാർ കുറച്ചുമതി എന്ന് പ്രത്യേക നിർദ്ദേശവും നല്കി; അല്ലെങ്കിൽ റോബിൻ ഹുഡിന്റെ ശ്രദ്ധ പതിയും.

ബിഷപ്പ് നോട്ടിങ്ഹാമിൽനിന്നു യാത്രയായി. ഉടൻതന്നെ പ്രിൻസ്ജോണും വിശ്വസ്തരായ കുറച്ച് അനുയായികളോടൊപ്പം രഹസ്യവഴിയിലൂടെ ഷെർവുഡ് വനത്തിലേക്കു തിരിച്ചു.

നോട്ടിങ്ഹാമിനും വനാതിർത്തിക്കും ഇടയിലൊരു കുന്നിൻചരുവിൽ പൊക്കമുള്ളൊരു തീർത്ഥാടകൻ തന്റെ കുതിരപ്പുറത്ത് നിശ്ചലനായി ഇരിക്കുന്നു. ഷെർവുഡിലേക്ക് വരുന്നവരെയും പുറത്തേക്ക് പോകുന്നവരെയും സൂക്ഷ്മമായി നിരീക്ഷിക്കുന്നുമുണ്ട്.

പെട്ടെന്നൊരാൾ ഓടിവന്ന് എന്തോ സംസാരിച്ചശേഷം സല്യൂട്ട്ചെയ്ത് തിരിച്ചുപോയി. തീർത്ഥാടകവേഷക്കാരന്റെ മുഖം രൗദ്രമായി.

വൈകാതെ ബിഷപ്പ് ഒരു ചെറിയ സംഘവുമായി എത്തി.

'മൈലോർഡ്, ഞാനും നിങ്ങളോടൊപ്പം വരട്ടെ. ഇവിടെ ഒരുപാട് അക്രമികൾ ഉണ്ടെന്നു കേട്ടു. ഒറ്റയ്ക്കു പോകാൻ പേടിയാണെനിക്ക്.'

അവർ ഒന്നിച്ച് യാത്ര തുടർന്നു: ഉച്ചയോടെ ഒരു പുൽപ്രദേശത്തെത്തി. മരങ്ങൾ കുറച്ചേ ഉള്ളു. ഒരു മരത്തിൻചുവട്ടിൽ അഞ്ചാറു പേർ. അപ്പോൾ കൊന്ന ഒരു മാനിനെ തോൽ പൊളിക്കുന്നു.

ബിഷപ്പ് അധികാരഭാവത്തിൽ അവരെ ചോദ്യം ചെയ്തു:

'നിങ്ങൾ എന്താണീ ചെയ്യുന്നത്? രാജാവിന്റെ മാനിനെ കൊല്ലുന്നത് വനനിയമങ്ങൾക്ക് എതിരാണെന്നറിയില്ലേ?'

'ഞങ്ങൾ ഇടയന്മാരാണ്. സാധാരണയായി ആടുകളെയുംകൊണ്ട് ബെൽവോയർ പുല്മേടുകളിലേക്കു പോകയാണു പതിവ്. ഇന്ന് അല്പമൊന്ന് ഉല്ലസിക്കാമെന്നു കരുതി.'

'തെമ്മാടികളേ, വേഗം എന്റെകൂടെ പ്രിൻസ് ജോണിന്നടുത്തേക്ക് വരണം. മാനിനെ കൊന്നവനെ തൂക്കുകയാണു പതിവ്.'

'ദയ തോന്നണേ, ഞങ്ങൾക്കു മാപ്പു തരേണമേ.'

'ഒരു ദയയുമില്ല. എല്ലാവരെയും പ്രിൻസ് ജോൺ തൂക്കും.'

ഒരു ഇടയൻ പെട്ടെന്ന് കോട്ടിനടിയിൽനിന്ന് കാഹളം പുറത്തെടുത്ത് മൂന്നു തവണ ഊതി.

വിസ്മയംകൊണ്ട് വാപൊളിച്ച ബിഷപ്പ് ഭയപ്പെട്ടുപോയി. ലിങ്കൺ പച്ചയണിഞ്ഞ വില്ലാളികൾ ചുറ്റിൽനിന്നും ഓടിക്കൂടി.

'മാസ്റ്റർ, കല്പന തന്നാലും.' ലിറ്റിൽ ജോൺ, മുമ്പിലുള്ള ഇടയനെ വണങ്ങിനിന്നു.

'ഇത് ഹിയർഫോഡിലെ ബിഷപ്പാണ്.' റോബിൻ ഹുഡ് തുടർന്നു: 'ഞങ്ങളെയെല്ലാം തൂക്കാൻപോകുന്നു. ദയവുമില്ലത്രെ.'

'അവന്റെ തലവെട്ടി മണ്ണിനടിയിലാക്ക്.' ലിറ്റിൽ ജോൺ ആക്രോശിച്ചു.

'ദയവുണ്ടാകണേ.' ബിഷപ്പ് മുട്ടുകുത്തി: 'അത് റോബിൻ ഹുഡ് ആണെന്നറിഞ്ഞിരുന്നെങ്കിൽ ഞങ്ങൾ വേറെ വഴിക്ക് പോകുമായിരുന്നു.'

ഒരു ദയയുമില്ല. ലിറ്റിൽ ജോൺ ഇവന്റെ കണ്ണു കെട്ടി. നമ്മുടെ താവളത്തിലേക്ക് കൊണ്ടുപോ. ബാക്കിയുള്ളവരെ ഇവരെന്തെങ്കിലും ചെയ്യട്ടെ.'

തീർത്ഥാടകൻ ഇപ്പോൾ ആദ്യമായി സംസാരിച്ചു: 'ഞാൻ ഇവരുടെയൊപ്പം ഉള്ളവനല്ല. കൂട്ടിനു പോന്നതാണ്. ഒരു ബിഷപ്പിനെ കൊല്ലുന്നത് നിഷ്ക്രിയനായി ഞാൻ നോക്കിനില്ക്കുകയില്ല. പുണ്യഭൂമിയിൽ, പള്ളിയുടെ സംരക്ഷണത്തിന് റിച്ചാർഡ് രാജാവിനൊപ്പം ഞാൻ യുദ്ധം ചെയ്തിട്ടുണ്ട്, കൃതഘ്നരായ സാരസെനുകൾക്കെതിരായിട്ട്.'

'യാത്രക്കാരാ, നിന്നോടു ഞങ്ങൾക്ക് കലഹമില്ല. ഇപ്പോൾ ഞങ്ങളോടൊപ്പം വരണം. നിന്നെ കണ്ണു കെട്ടാതെയാണ് ഞങ്ങളുടെ താവളത്തിലേക്കു കൊണ്ടുപോകുന്നത്. ഞങ്ങളെ ചതിക്കരുത്.'

ഈ സമയം മരിയൻ ഒളിത്താവളത്തിലാണ്. കൂട്ടിന് ബെട്രിസ് മാത്രം.

സമയം മദ്ധ്യാഹ്നത്തോടടുക്കുന്നു.

'റോബിൻ വേഗം വരും. ഹിയർഫോഡിലെ ബിഷപ്പ് ഇതിലെ കടന്നുപോകുമെന്നു കേട്ട് അയാളെ പിടിക്കാൻ പോയതാണ്.

പെട്ടെന്ന് മരങ്ങളുടെ മറവിൽനിന്ന് പ്രിൻസ് ജോൺ ചാടിവീണു. കൂടെ നാലഞ്ചുപേർ മാത്രം.

മരിയൻ എന്തോ പറഞ്ഞതുകേട്ട് ബെട്രിസ് ഉടൻ ഗുഹയിലേക്കു പോയി.

'ഇതാ പുലിപ്പെണ്ണിനെ പുലിമടയിൽനിന്നുതന്നെ കിട്ടി. കുറെക്കാലമായി നാം കണ്ടിട്ട്. ഇനി ഒറ്റയ്ക്ക് തിരിച്ചുപോകുന്നില്ല. പാറകൾക്കപ്പുറത്ത് ഞങ്ങൾ വന്ന കുതിരകളുണ്ട്. റോബിൻ ഹുഡ് ബിഷപ്പിനെ പിടികൂടാൻ പോയതാണല്ലോ.'

മരിയൻ പെട്ടെന്ന് തന്റെ ബെൽറ്റിൽനിന്ന് കാഹളമെടുത്ത് ഊതി: വ്ആ... സ്ആ... ഹോ...

അവൾ ബെട്രിസ് കൊണ്ടുവന്ന വാൾ വാങ്ങി.

'പ്രിൻസ് ആണെന്ന് ഞാൻ കരുതിയില്ല. റോബിൻ വരുന്നതുവരെ എനിക്ക് ഈ വാൾ മതി.'

അവളെ പെട്ടെന്ന് പിടിക്ക്. വൈകുന്തോറും നാം അപകടത്തിലേക്കാണ് നീങ്ങുക.'

രണ്ടുപേർ മരിയനോടടുത്തു. വാളിന്റെ ദ്രുതചലനത്താൽ മരിയൻ ഒരാളെ നിരായുധനാക്കുകയും രണ്ടാമനെ വെട്ടിക്കൊല്ലുകയും ചെയ്തു.

ആയുധവിദഗ്ദ്ധയാണെങ്കിലും അഞ്ചുപേരെ ചെറുത്തുനില്ക്കാൻ അവൾക്കായില്ല. മരിയൻ ക്ഷീണിച്ചുതുടങ്ങി.

'അവളെ ക്ഷണത്തിൽ പിടിക്ക്. അല്ലെങ്കിൽ ആ വേട്ടനായ തന്റെ പട്ടിക്കായി ഓടിയെത്തും.'

പ്രിൻസ് കൈ ഉയർത്തിയതും സീൽക്കാരത്തോടെ വന്ന ഒരമ്പ് പെരുവിരലിനും ചൂണ്ടുവിരലിനും ഇടയിൽ തുളഞ്ഞുകയറി. അസ്ഥി പൊട്ടിച്ചുകളഞ്ഞു.

'സ്ത്രീകളോട് യുദ്ധം ചെയ്ത് നിനക്ക് മതിയായിക്കാണും. ഇനി എന്നോട് യുദ്ധം

ചെയ്യ്.'

'അത് റോബിൻ ഹുഡാണ്. പിടിക്കവനെ. അവനെ കൊല്ലുന്നവന് പാരിതോഷികമുണ്ട്.' ജോൺ അലറി.

പ്രിൻസ് ജോൺ മരിയനെ വലിച്ചിഴച്ച് നീങ്ങാൻ ശ്രമിച്ചതും, ലിങ്കൺ പച്ചയണിഞ്ഞ റോബിൻ സംഘം അവരെ വളഞ്ഞു. രക്ഷപ്പെടാൻ ശ്രമിച്ച മൂന്നുപേരെ അമ്പെയ്തു വീഴ്ത്തി.

'പ്രിൻസിനെ കൊല്ലരുത്. കണ്ണു കെട്ടി ഗുഹയിൽ ഇട്.'

ബിഷപ്പും തീർത്ഥാടകനും റോബിൻസംഘവും ഭക്ഷണത്തിനിരുന്നു. വിഭവങ്ങൾ കണ്ടു. തീർത്ഥാടകൻ അമ്പരന്നു.

'നിങ്ങൾ രാജാവിന്റെ മാനിനെ കൊല്ലുകയാണല്ലോ?'

'ഞങ്ങൾ നിയമം ലംഘിക്കുന്നില്ല. നിയമഭ്രഷ്ടരായ ഞങ്ങളെങ്ങനെയാണ് നിയമലംഘകരാകുക. ജോണിന്റെ കുത്സിതപ്രവൃത്തികൊണ്ടും ഷെരീഫ് അതിനു സഹായിച്ചതുകൊണ്ടുമാണ് ഞങ്ങൾ ഈ സ്ഥിതിയിലായത്. ഞങ്ങളൊരിക്കലും നാട്ടിലെ നിയമം ലംഘിച്ചിട്ടില്ല. ഞങ്ങൾ ബഹുമാനിതരായ കള്ളന്മാരാണ്. രാജാവിന്റെ മാനിന്റെ ഇറച്ചി ഭക്ഷിക്കാൻ വിരോധമില്ലെങ്കിൽ, ഇതിൽ പങ്കുചേരുക.'

'ജറുസലേമിൽനിന്ന് നടന്നുവന്നാലെന്നവണ്ണം എനിക്കു വിശക്കുന്നുണ്ട്.' തീർത്ഥാടകൻ ഹൃദ്യമായി ചിരിച്ചു. ഭക്ഷണം കഴിഞ്ഞു.

ഇനി റിച്ചാർഡ് രാജാവിന്റെ തിരിച്ചുവരവിനായി നമുക്കു കുടിക്കാം. എന്നിട്ട് പണം തന്ന് തിരിച്ചുപോവുക.'

'എന്ത്? ഭക്ഷണത്തിനുപോലും പണം വേണമെന്നോ? എന്നിട്ട് രാജാവിന്റെ തിരിച്ചുവരവിനായി നിങ്ങൾ ആഗ്രഹിക്കുകയും ചെയ്യുന്നു.'

'ഇതെല്ലാം രാജാവിന്റെതാണ്. ഷെർവുഡ് വനത്തിൽ ഞങ്ങളുടെ കാഹളസ്വരം അലയടിക്കും.' രാജാവിനുവേണ്ടി. രാജ്യഭ്രഷ്ടനായ രാജാവ്!'

റോബിൻ ബിഷപ്പിനോട് പണം ആവശ്യപ്പെട്ടു.

പിന്നെ പാൽമറോട് പറഞ്ഞു: 'രാജാവിനുള്ള മോചനദ്രവ്യം ഞങ്ങൾ കൊടുത്തുകഴിഞ്ഞു. ഇനി കിട്ടുന്നത് ദരിദ്രർക്കും വിധവകൾക്കും അനാഥർക്കും വേണ്ടിയാണ്.'

പണം കൊടുക്കാൻ വിസമ്മതിച്ച ബിഷപ്പിനെ, കാലുകളിൽ അമ്പുകൾ കുത്തിക്കൊണ്ട് അവർ നൃത്തം ചെയ്യിച്ചു.

പിന്നെ ചെയ്തത് 'ബുഫെ' എന്ന കളിയാണ്. ഒരാൾ ഒരുത്തനെ ഇടിക്കുക. ഇടികൊണ്ടവൻ താഴെ വീണില്ലെങ്കിൽ എതിരാളിയെ ഇടിക്കാം.

ലിറ്റിൽ ജോണിനെ തീർത്ഥാടകൻ ഇടിച്ചുവീഴ്ത്തി. പിന്നെ ഫ്രയർടക് ആണ് മുമ്പോട്ടു വന്നത്. ഒരു കാളയെ വീഴ്ത്താൻ പറ്റിയ ഇടിയായിട്ടും തീർത്ഥാടകൻ അല്പമൊന്ന് തെന്നിയതേയുള്ളു.

'പള്ളിഭീകരന് അത്ര മതി എന്നാണ് അയാൾ പറഞ്ഞത്.' ഇപ്പോൾ ഡിന്നറിന്റെ വിലയായില്ലേ എന്നാണ് റോബിനോട് ചോദിച്ചത്.

'എനിക്ക് നിന്നെ ഭയമാണല്ലോ' എന്ന് റോബിനും. റോബിന്റെ ശക്തമായ ഇടിക്ക് തീർത്ഥാടകൻ അല്പമൊന്ന് വഴങ്ങിക്കൊടുത്തു. കാലുകൾ ആടിപ്പോയെങ്കിലും വീണില്ല.

ഇനി എന്റെ ഊഴമാണല്ലോ എന്നു പറഞ്ഞുകൊണ്ട് അയാൾ റോബിനെ

ഇടിച്ചുനിലത്തിട്ടു.
റോബിൻ സാവധാനം എഴുന്നേറ്റു.
'ഞാൻ കണ്ടതിൽവച്ച് ഏറ്റവും ശക്തനാണ് നീ. ഇവിടെ ഷെർവുഡിൽ എന്നോടൊപ്പം ചേരുന്നോ?'
'പറ്റില്ല, ഞാൻ രാജാവിന്റെ കാര്യത്തിനു വന്നതാണ്.'
'ഇവിടെ ഞങ്ങളും അങ്ങനെതന്നെ.'
തത്സമയം ബിഷപ്പിന്റെ ഗൗണിൽനിന്നു കിട്ടിയ ഒരു കത്ത് ലിറ്റിൽജോൺ, റോബിനെ ഏല്പിച്ചു.
കത്തു വായിച്ച് റോബിൻ രോഷാകുലനായി: 'ബിഷപ്പ്, നിന്നെ ഞാനിപ്പോൾ തൂക്കും.'
'രക്ഷിക്കണേ... എനിക്ക് മറ്റു മാർഗ്ഗമില്ലായിരുന്നു. കത്തിൽ ആരുടെ ഒപ്പാണെന്ന് നോക്കുക.'
'ഞാൻ കണ്ടു. പുരുഷന്മാരില്ലാത്ത സമയം നോക്കി സ്ത്രീകളെ ആക്രമിക്കുന്ന ഒരുത്തനുണ്ടിവിടെ. ലിറ്റിൽ ജോൺ അയാളെ കൊണ്ടുവാ.'
പ്രിൻസ് ജോണിനെ ഗുഹയിൽനിന്ന് പുറത്തേക്കുകൊണ്ടുവന്നു.
ഒരു വിസ്മയശബ്ദം ഉണ്ടാക്കിക്കൊണ്ട് നാടോടിയായ തീർത്ഥാടകൻ ശിരോകവചം മാറ്റി. പ്രിൻസിനെ അഭിമുഖീകരിച്ചു.
ഒരു പ്രേതംപോലെ വിളറിവെളുത്ത പ്രിൻസ് ജോൺ മുട്ടുകുത്തി, 'എന്റെ സഹോദരൻ റിച്ചാർഡ് രാജാവ് എന്നെ ശിക്ഷിക്കാൻ വന്നിരിക്കുന്നു!'
'അവനെ കെട്ടഴിച്ചുവിട്.'
സ്വതന്ത്രനായ പ്രിൻസ് ജോൺ കുതിരയെ ഓടിച്ചുകൊണ്ടുപോയി.
റോബിൻ ഹുഡ് രാജാവിന്റെ മുമ്പിൽ മുട്ടുകുത്തി. റോബിന്റെ അനുയായികളും രാജാവിനെ വണങ്ങി.
'മാപ്പു തരൂ പ്രഭോ.'
രാജാവ് റോബിൻ ഹുഡിനെ എഴുന്നേല്പിച്ചു.
'ഞാൻ എല്ലാവർക്കും മാപ്പു തരുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾ ഇംഗ്ലണ്ടിലാകെ സംസാരവിഷയമാണ്. മരിയനും നീയും വിവാഹിതരാകാൻ എന്നെ കാത്തിരിക്കുന്നു എന്ന് കേൾക്കുന്നത് ശരിയാണോ?'
'അതേ, പ്രഭോ.'
മരിയൻ മുമ്പോട്ടുവന്ന് രാജാവിനെ വണങ്ങി. രാജാവ് അവരുടെ കരങ്ങൾ പരസ്പരം ചേർത്തു. ഫ്രയർടക് കർമ്മിയായി നിന്നു.
എല്ലാവരും നോട്ടിങ്ഹാമിലേക്ക് യാത്ര തിരിച്ചു.
'നിന്റെ നിലകളും പദവിയുമെല്ലാം ഇന്നുതന്നെ തിരിച്ചുകിട്ടും.'
നോട്ടിങ്ഹാമിലെത്തിയപ്പോൾ രാജാവിനെയും പരിവാരത്തെയും കാണാൻ പ്രജകൾ ഓടിവന്നു. എന്നാൽ ഷെരീഫ്മാത്രം അവിടന്ന് ഓടിപ്പോയി.

# ജോൺ രാജാവിന്റെ പ്രതികാരം

റോബിന്റെയും കൂട്ടാളികളുടെയും ഷെർവുഡ് വനവാസം അവസാനിച്ചു.

റോബിനും മരിയനും ലോക്സ്ലിയിൽ താമസിച്ചു. റിച്ചാർഡ് രാജാവ് അധികകാലം ഇംഗ്ലണ്ടിൽ നിന്നില്ല. നോർമൻഡിയിലെ സ്വന്തം ഭൂമി പിടിച്ചെടുക്കാനുള്ള ശ്രമത്തിൽ വ്യാപൃതനായി.

ഷെർവുഡ് ദിനങ്ങൾ നാടോടിഗാനങ്ങളിൽ ഒതുങ്ങി.

റിച്ചാർഡ് രാജാവ് സ്ഥലംവിട്ടപ്പോൾ പ്രിൻസ് ജോൺ വീണ്ടും ശക്തിപ്രാപിച്ചു. പ്രധാനമായും വടക്കൻ ഇംഗ്ലണ്ടിൽ.

സന്തോഷമുള്ള അഞ്ചു വർഷങ്ങൾ കടന്നുപോയി. രാജാവ് തിരിച്ചുവന്നില്ല. അന്തരിച്ചു എന്നൊരു വാർത്തയും വ്യാപിച്ചു.

യുദ്ധത്തിന്റെയും കലാപത്തിന്റെയും വാർത്തകൾ ഉണ്ടെന്നും, പ്രിൻസ് ജോണിനെ കരുതിയിരിക്കണമെന്നും ലിറ്റിൽ ജോൺ റോബിന് മുന്നറിയിപ്പു നല്കി.

ഞാൻതന്നെ നോട്ടിങ്ഹാമിലേക്കു പോയി. സത്യാവസ്ഥ മനസ്സിലാക്കാമെന്നായി, റോബിൻ ഹുഡ്.

ലിറ്റിൽ ജോണിന്റെ മുന്നറിയിപ്പ് റോബിൻ ഹുഡ് ചിരിച്ചു തള്ളി. താനിപ്പോൾ സ്വതന്ത്രനാണ്. നിയമപരമായി ജീവിക്കുന്നവൻ.

എന്നാൽ മരിയൻ ലിറ്റിൽ ജോണിന്റെ അഭിപ്രായത്തോട് യോജിച്ചു.

മരിയന് കാവൽ ഏർപ്പെടുത്തിയ റോബിൻ, തനിച്ചു യാത്രയായി. മരിയന്റെ നിർദ്ദേശപ്രകാരം റോബിൻ അറിയാതെ ലിറ്റിൽ ജോൺ പിന്തുടർന്നു.

നോട്ടിങ്ഹാമിൽ എത്തിയ റോബിൻ, തന്റെ കുതിരയെ സത്രത്തിൽ കെട്ടി. പ്രാർത്ഥനയ്ക്കായി പള്ളിയിലെത്തി. പള്ളിവാതുക്കൽ ഒരു സന്ന്യാസി നിൽപ്പുണ്ട്. റോബിൻ ഹുഡ് അയാളെ ശ്രദ്ധിക്കാതെ ഉള്ളിൽ കടന്ന് മുട്ടുകുത്തി.

റോബിൻ ഉള്ളിൽ കടന്നതും വാതിൽക്കൽ നിന്ന സന്ന്യാസി ദ്രുതഗതിയിൽ ഷെരീഫിന്റെ വീട്ടിലെത്തി ഷെരീഫിനെയുംകൂട്ടി അടുത്തുള്ള കോട്ടയിലെത്തി. തലേദിവസം പ്രിൻസ് ജോൺ അവിടെ എത്തിയിട്ടുണ്ട്.

പുറത്തിറങ്ങിയ റോബിൻ, ദൈവകാരുണ്യത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് പതുക്കെ നടന്നു. പ്രിൻസ് ജോണിന്റെ നിർദ്ദേശപ്രകാരം അവിടെയെത്തിയ ഷെരീഫും സംഘവും റോബിനെ പിടികൂടി.

'രാജാവ് ഇന്നലെ രഹസ്യമായി നോട്ടിങ്ഹാമിൽ എത്തിയിട്ടുണ്ട്. നിന്നെ കൊണ്ടുചെല്ലാൻ പറഞ്ഞു. നിന്നിൽ ആരോപിക്കപ്പെട്ട കുറ്റം എന്തെല്ലാമെന്നു കേട്ട് നിന്നെ വിട്ടയയ്ക്കുമെന്നതിന് സംശയമില്ല.'

നോട്ടിങ്ഹാം കോട്ടയിലെ ചുറ്റുകോണിയിൽക്കൂടി ഉയരത്തിലേക്ക് പോകുംതോറും റോബിന് സംശയമുദിച്ചു.

'എന്നെ എവിടേക്കു കൊണ്ടുപോകുന്നു?'

'രാജാവിനടുത്തേക്ക്.'

'ഇങ്ങനെയൊരു സ്ഥലത്ത് രാജാവ് സഭ കൂടുകയില്ലല്ലോ?' അവർ ഗോപുരത്തിന്റെ ഏറ്റവും മുകളിൽ എത്തി. അവിടെ നാലു കല്ലാശാരിമാർ പണിയെടുക്കുന്നു.

'അങ്ങനെ നാം വീണ്ടും കാണുന്നു.' പ്രിൻസ് ജോണിന്റെ സ്വരം!

'എന്റെ സഹോദരൻ റിച്ചാർഡ് രാജാവ് നോർമണ്ടിയിൽ മരിച്ചു. ഇനി ഞാൻതന്നെ രാജാവ്. നീ മരിച്ചാൽ എനിക്കും ലേഡി മരിയനും ഇടയിൽ തടസ്സമില്ല.'

ഗോപുരമുകളിൽ പണിത ഇടുങ്ങിയ കല്ലറയിൽ അവർ റോബിനെ പൂട്ടിയിട്ടു. വാതിലിന്റെ സ്ഥാനത്തും കരിങ്കൽഭിത്തി തീർത്തു. എന്നാൽ ഒരു ജാലകമുണ്ട്. അതിനൊരു കമ്പി അഴിയും.

റോബിൻ അമ്പരപ്പോടെ കുറെനേരം നിന്നു.

പിന്നെ ശക്തിയായി വലിച്ചപ്പോൾ ഇരുമ്പുകമ്പി ഇളകിപ്പോന്നു. നൂറടി താഴ്ചയിലാണ് കല്ലു പാകിയ ഭൂമി. ചാടിയാൽ മരണം നിശ്ചയമെന്ന് പ്രിൻസ് ജോൺതന്നെ പറഞ്ഞിട്ടുമുണ്ട്.

തന്റെ കോട്ടിനുള്ളിൽ സൂക്ഷിച്ച വെള്ളിബ്യൂഗിൾ എടുത്ത് റോബിൻ ഊതി.

ഏതാനും സെക്കന്റുകൾ കഴിഞ്ഞ് മറുപടി വന്നു. ലിറ്റിൽ ജോണിന്റെ ബ്യൂഗിൾ. റോബിൻ തന്റെ കുപ്പായം ഇരുമ്പഴിയിൽ കോർത്ത് പുറത്തേക്കു വീശിക്കാണിച്ചു.

ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞു. ഒരു അസ്ത്രം ജാലകത്തിലൂടെ പറന്നുവന്നു. അമ്പിൽ ഒരു നേരിയ നാര് കെട്ടിയിട്ടുണ്ട്. റോബിൻ ശ്രദ്ധാപൂർവം നാര് വലിച്ചുതുടങ്ങി. വാരക്കണക്കിൽ വലിച്ചെടുത്തപ്പോൾ, അതിനോടു ബന്ധിച്ച ചരട്. നീണ്ട ചരടിന്റെ അറ്റത്ത് ഒരു കയർ.

കയർ മുറിയിൽ ബന്ധിച്ച് അതിലൂടെ ഇറങ്ങാൻ തുടങ്ങി റോബിൻ. വശങ്ങളിലേക്ക് ആടിയുലഞ്ഞ്, ഭീതിദമായ ഇറക്കം.

ഏതാണ്ട് ഇരുപതടി മുകളിൽനിന്ന് കയർ പൊട്ടി റോബിൻ നിലംപതിച്ച് അല്പനേരം ബോധരഹിതനായി കിടന്നു.

കണ്ണു തുറന്നപ്പോൾ ലിറ്റിൽ ജോൺ മുമ്പിൽ. റോബിൻ എഴുന്നേറ്റുനിന്നു. എന്നാൽ വീഴ്ചകൊണ്ട് ആന്തരികമായ ആഘാതം ഏറ്റിട്ടുണ്ടെന്ന് ബോധ്യമായി.

ഇരുണ്ട പാതയിൽക്കൂടി അവർ കാട്ടിലേക്കു നീങ്ങി. അവിടെ രണ്ടു കുതിരകൾ തയ്യാറായി നില്ക്കുന്നു. കാറ്റും മഴയും അവരെ അനുഗമിച്ചു.

അവർ ലോക്സ്ലിയിൽ എത്തി. മരിയനെയുംകൊണ്ട് പുറത്തുവന്നു. കൂടെ നാല് അകമ്പടിക്കാർ. ശത്രുക്കൾ അവരെ വളഞ്ഞുനിന്നു. മുൻനിരയിൽ ഷെരീഫ്. അയാൾ വിളിച്ചുകൂവി: 'ഇതാ റോബിന്റെ പ്രേതം!'

റോബിന്റെ വേട്ടേറ്റ് അയാൾ മരിച്ചുവീണു.

നേരം പ്രഭാതമാകുന്നു. റോബിൻ റോഡരുകിൽ നിന്നു.

'ഒരുനാഴിക ദൂരെ കിർക്ലിസ്സിൽ ഒരു സന്ന്യാസിനിമഠമുണ്ട്. മരിയൻ അവിടെ സുരക്ഷിതയായിരിക്കും.' ലിറ്റിൽ ജോൺ പരിഹാരം നിർദേശിച്ചു.

റോബിൻ മരിയനെ ആലിംഗനം ചെയ്ത് ചുംബിച്ചു. ലിറ്റിൽ ജോണും മരിയനും മഠത്തിലേക്കു തിരിച്ചു. അപ്പോഴേക്ക് ജോൺ രാജാവിന്റെ ആളുകളെത്തി. റോബിൻ ഹുഡ്ഡും ഉടൻ സ്ഥലംവിട്ടു.

# അവസാനത്തെ സാഹസകൃത്യം

മരിയനെയും ലിറ്റിൽ ജോണിനെയും വേർപിരിഞ്ഞതിനുശേഷം റോബിൻ വടക്കോട്ട് അല്പദൂരം യാത്ര ചെയ്തു. പിന്നീട് കിഴക്കോട്ടു സഞ്ചരിച്ചു. അപ്പോഴും ജോൺ രാജാവിന്റെ ആൾക്കാർ റോബിനെ പിന്തുടരുന്നുണ്ടായിരുന്നു. എങ്കിലും സൂര്യോദയമായപ്പോൾ റോബിൻ ഒരു ചെറുപട്ടണത്തിലെത്തി.

മെഴുത്ത പാറകളിലൂടെ കുതിരയെ ഓടിച്ച് തുറമുഖത്തിന് അഭിമുഖമായി ആദ്യത്തെ സത്രത്തിലെത്തി കുതിരയെ അവിടെ നിറുത്തി. അല്പനിമിഷത്തിനകം റോബിനെ പിന്തുടരുന്നവരും അവിടെ വന്നുചേർന്നു. കുതിരയെ കണ്ടതിനാൽ അവർ റോബിനെ ഒന്നു പിടക്കുവാൻ പാഞ്ഞുനടന്നു.

ഈ സമയത്ത് റോബിൻ വേദനയും അസ്വസ്ഥതയും സഹിച്ചുകൊണ്ട് നാവികരെ പാർപ്പിക്കുന്ന ഒരു വിടുതി വീട് കണ്ടെത്തി. അതിന്റെ ഉടമസ്ഥ ഒരു വിധവയായിരുന്നു. അവർ റോബിനെ ദയവോടെ സ്വാഗതംചെയ്തു ഭക്ഷണം നല്കി.

'ഞാനൊരു മീൻപിടിത്തക്കാരനാണ്. ചെഷയറിൽനിന്നാണു വരുന്നത്. പേര് സിമൺലീ എന്നാണ്. പോരുന്ന വഴിയിൽ കവർച്ചക്കാർ സർവ്വതും പിടിച്ചുപറിച്ചു.' വിധവയുടെ ചോദ്യത്തിനുത്തരമായി റോബിൻ പറഞ്ഞു.

കഠിനമായ വേദന അനുഭവപ്പെട്ടതുകൊണ്ട് പകൽ മുഴുവൻ സത്രത്തിൽ വിശ്രമിച്ചു. വൈകുന്നേരം ഒരു വടി കുത്തിപ്പിടിച്ചുകൊണ്ട് തെരുവിലേക്കിറങ്ങി. അപ്പോൾ മിക്ക ഗേറ്റുകൾക്കു മുമ്പിലും കാവൽക്കാരെ കണ്ടു. അവർ വരുന്നവരെയും പോകുന്നവരെയും ചോദ്യംചെയ്യുന്നുണ്ടായിരുന്നു.

റോബിൻ തുറമുഖത്തെത്തി കടലിന്റെ അസ്തമയപ്രഭയിലേക്കു നോക്കി ചിന്തയിലാണ്ടു. ഭാവിയെക്കുറിച്ചുള്ള ചിന്തകൾ മനസ്സിൽ നിറഞ്ഞു എവിടെ പോകും? എന്തു ചെയ്യും? ഒരു തീരുമാനത്തിലെത്താൻ കഴിഞ്ഞില്ല. ജോൺ രാജാവിന്റെ ആൾക്കാർ കണ്ടുപിടിച്ചാൽ തനിക്കു മാത്രമല്ല, സുഹൃത്തുക്കൾക്കും കഷ്ടപ്പാടുകൾ ഉണ്ടാകുമല്ലോ എന്ന ചിന്തയുമുണ്ടായി.

വിഷാദത്തോടുകൂടിയാണ് റോബിൻ തന്റെ സത്രത്തിൽ തിരിച്ചെത്തിയത്.

'സിമൺ, നിനക്കൊരു ജോലി വേണമെന്നു പറഞ്ഞില്ലേ?' അത്താഴത്തിനിരിക്കുമ്പോൾ വിധവ പറഞ്ഞു: 'എന്റെ കപ്പലിൽ ഒരാളുടെ കുറവുണ്ട്. നാളെ രാവിലെ കപ്പൽ തുറമുഖം വിടും. നിനക്കു ഞാൻ നല്ല പ്രതിഫലം തരാം.'

'ഞാൻ വേണ്ടപോലെ പ്രവൃത്തിയെടുക്കും.' അടുത്ത പ്രഭാതത്തിൽ റോബിൻ കപ്പൽ കയറി.

ഏതാനും ദിവസം യാത്രചെയ്തതിനുശേഷം ഒരു അഴിമുഖത്ത് നങ്കൂരമിട്ടു.

മീൻപിടിത്തക്കാർ വലകൾ വേണ്ടതുപോലെ സജ്ജീകരിച്ചു. എന്നാൽ മീൻപിടിക്കാൻ അറിയാത്തതുകൊണ്ട് റോബിൻ വലകൾ നിവർത്തിയതേയില്ല.

കപ്പിത്താൻ പരിഹാസത്തോടെ മുന്നറിയിപ്പു നല്കി: 'ഞങ്ങൾക്കു കിട്ടുന്നതിന്റെ പങ്ക് തരുമെന്നു വിചാരിക്കരുത്.'

'എനിക്ക് ഖേദമില്ല.' റോബിൻ പറഞ്ഞു.

പല ദിവസങ്ങൾ കടന്നുപോയി.

ഒരു ദിവസം ഒരു യുദ്ധക്കപ്പൽ അവർക്കു നേരേ വരുന്നത് റോബിന്റെ

ശ്രദ്ധയിൽപ്പെട്ടു.

'അത് ഫ്രഞ്ച് കടൽക്കൊള്ളക്കാരാണ്.'

ക്യാപ്റ്റൻ ഭയത്തോടെ അറിയിച്ചു: 'നമുക്ക് രക്ഷപ്പെടാനാവില്ല. അവർ നമ്മുടെ മീൻ പിടിച്ചെടുക്കും. നമ്മളെ പിടിച്ചുകൊണ്ടുപോയി അടിമകളാക്കി വില്ക്കും. അല്ലെങ്കിൽ കടലിലേക്കു വലിച്ചെറിയും. നമ്മുടെ കാര്യം തുലഞ്ഞതുതന്നെ.'

'പരിഭ്രമിക്കാതിരിക്കൂ.' റോബിൻ പറഞ്ഞു: 'എന്റെ വില്ലും ആവനാഴിയും തരൂ. ഒറ്റ ഒരുത്തനെയും ഞാൻ വെച്ചേക്കില്ല.'

നിമിഷങ്ങൾക്കകം റോബിന്റെ അമ്പ് കൊള്ളക്കപ്പലിലെ ക്യാപ്റ്റനെ ലക്ഷ്യമാക്കി പാഞ്ഞു. അയാൾ കപ്പൽത്തട്ടിൽ വീണു മരിച്ചു.

അപ്പോഴേക്കും കപ്പലുകൾ തമ്മിൽ കൂടുതൽ അടുത്തു.

തുടർച്ചയായി എയ്ത അമ്പുകളേറ്റ് അനവധി ആളുകൾ മരിച്ചൂ എന്ന് ഉറപ്പായപ്പോൾ കൊള്ളക്കപ്പലിലേക്കു കടന്നുകയറാൻ റോബിൻ ആവശ്യപ്പെട്ടു.

'ക്യാപ്റ്റൻ, ഈ കപ്പൽ ഇപ്പോൾ നമ്മുടേതാണ്. അതു പിടിച്ചെടുക്കൂ. വരൂ എല്ലാവരും വരൂ.' റോബിൻ വിളിച്ചുപറഞ്ഞു.

കൊള്ളക്കപ്പലിൽ ശേഷിച്ചവരുമായി ചെറിയ യുദ്ധം ചെയ്യേണ്ടിവന്നു. ഒടുവിൽ അവരെ തടവുകാരായി പിടിച്ചുകെട്ടി.

പന്ത്രണ്ടായിരം പവൻ വിലമതിക്കുന്ന സ്വർണ്ണവും മറ്റനവധി ദ്രവ്യങ്ങളും അവർ കണ്ടെടുത്തു.

കപ്പലിന്റെ ക്യാപ്റ്റൻ റോബിനോടു മാപ്പു പറഞ്ഞു:

'സിമൺ, നിന്നെ അറിയാതെയാണ് പരിഹസിച്ചത്. ഞങ്ങൾക്ക് ജീവൻ കിട്ടിയത് നീ കാരണമാണ്. ഈ സ്വത്തെല്ലാം നിനക്കു അവകാശപ്പെട്ടതാണ്.'

'അല്ല.' റോബിൻ നിഷേധിച്ചു: 'ഈ സ്വത്തിന്റെ പകുതി കപ്പലിന്റെ ഉടമസ്ഥയായ ആ നല്ല വിധവയ്ക്കും അവരുടെ അനാഥാലയത്തിലെ കുട്ടികൾക്കും അവകാശപ്പെട്ടതാണ്. ബാക്കി പകുതി നമ്മൾ വീതിച്ചെടുക്കും.'

പക്ഷേ, ക്യാപ്റ്റൻ തന്റെ സഞ്ചി നിറയെ സ്വർണ്ണം എടുത്തു. പിന്നെ ഇങ്ങനെ അഭ്യർത്ഥിച്ചു:

'ക്യാപ്റ്റൻ, ഞാൻ ആവശ്യത്തിന് എടുത്തുകഴിഞ്ഞു. ഇനി എനിക്ക് വല്ല പങ്കും ശേഷിക്കുന്നുണ്ടങ്കിൽ അതുകൊണ്ട് ഒരു അഗതിമന്ദിരം പണിയുക.'

മടക്കയാത്രയിൽ കപ്പൽ ഒരു ഉൾക്കടലിൽ നങ്കൂരമിട്ടു. അവിടം 'റോബിൻ ഹുഡ് ഉൾക്കടൽ' എന്നാണ് അറിയപ്പെടുന്നത്.

റോബിൻ എല്ലാവരോടും യാത്ര പറഞ്ഞു:

'മീൻപിടിക്കാത്ത മീൻപിടിത്തക്കാരനെപ്പറ്റി ആരെങ്കിലും ചോദിച്ചാൽ സിമൺ ലീ എന്നല്ല പറയേണ്ടത്, റോബർട്ട് ഓഫ് ഹണ്ടിങ്ടൺ എന്നാണ്. റോബിൻ ഹുഡ് ഓഫ് എന്നും വിളിപ്പേരുള്ളവൻ!'

ക്യാപ്റ്റനും കൂട്ടാളികളും വിസ്മയത്തോടെ വാ പൊളിച്ചുനില്ക്കേ റോബിൻ ഇരുളിൽ മറഞ്ഞു.

# അവസാനത്തെ അസ്ത്രം

മരിയനെ കന്യാമഠത്തിൽ ഏല്പിച്ച് ലിറ്റിൽ ജോൺ കാട്ടിലേക്കു തിരിച്ചുപോയി.
ദിവസങ്ങൾക്കുശേഷം ജോൺ രാജാവിന്റെ ആളുകൾ വന്ന് മരിയനെ വിട്ടുകൊടുക്കാൻ ആവശ്യപ്പെട്ടു.
'രാജാവുതന്നെ വന്നാലും ഞാനവളെ വിട്ടയയ്ക്കില്ല.' മഠാധിപ കണിശമായി പറഞ്ഞു.
പല തവണ ദൂതന്മാർ സമീപിച്ച് ഭീഷണിപ്പെടുത്തി. പിന്നെ അനുനയശ്രമം നടത്തി. ധനം വാഗ്ദാനം ചെയ്തെങ്കിലും മറുപടി പഴയതുതന്നെ.
പിന്നെ മഠാധിപ മരിയനെ സമീപിച്ചു:
'റോബിൻ ഹുഡ് മരിച്ചുവെന്നാണ് കേൾക്കുന്നത്. ജോൺ രാജാവിൽനിന്നും രക്ഷപ്പെടാൻ നിനക്കൊരുമാർഗ്ഗമേ ഉള്ളൂ. മഠത്തിൽ അംഗമായി ചേരുക.'
പിന്നീട്, ജോൺ രാജാവ് നേരിട്ട് മഠത്തിൽ വന്ന് അവളെ ആവശ്യപ്പെട്ടു. ഗത്യന്തരമില്ലാതെ മരിയൻ മഠത്തിലെ അംഗമായി. രാജാവ് എത്ര ശക്തനാണെങ്കിലും പോപ്പിനെ ധിക്കരിക്കാനുള്ള മനസ്സുറപ്പ് ഉണ്ടാവില്ലെന്ന് എല്ലാവർക്കുമറിയാം.
മരിയന്റെ പേരിൽ ലോക്സ്ലിയിലുള്ള അളവറ്റ സ്വത്ത് മഠത്തിനു ലഭിക്കാനുള്ള സൂത്രപ്പണികൂടിയായിരുന്നു അത്.
മരിയനെ വിട്ടുകിട്ടാതെ തിരിച്ചുപോകുമ്പോൾ ജോൺ രാജാവ് പറഞ്ഞു: 'റോബിൻ ഹുഡ് മരിച്ചിട്ടില്ലെന്നാണ് ഞാൻ കരുതുന്നത്. എന്നെങ്കിലും അവൻ വന്ന് മരിയനെ കൊണ്ടുപോയെന്നറിഞ്ഞാൽ ഞാൻ ഈ മഠം ചുട്ടു ചാമ്പലാക്കും.'
മഠാധിപ പ്രത്യേകം കാവൽ ഏർപ്പെടുത്തി. ഒരു കാവല്ക്കാരൻ ലിറ്റിൽ ജോൺ ആണെന്ന് അവർ മനസ്സിലാക്കിയുമില്ല.
കുറച്ചുകാലം കഴിഞ്ഞ് അത്യന്തം അവശനായ റോബിൻ മഠത്തിലെത്തി. അക്കാലത്ത് രോഗത്തിനുള്ള ഒരു ചികിത്സ കൈയിലെ സിര മുറിച്ച് രക്തം പുറത്തേക്ക് ഒഴുക്കുകയാണ്.
റോബിൻ ആലംബഹീനനായി മഠത്തിലെ മുറിയിൽ കിടന്നു. മരിയനെ അന്വേഷിച്ചു.
'അവൾ കുറച്ചുകാലം ഇവിടെ ഉണ്ടായിരുന്നു. പിന്നെ ലോക്സ്ലിയിലേക്കു പോയിട്ടുണ്ട്. നിന്നെ കാത്തിരിക്കുന്നുണ്ടാവും.'
'എന്നാൽ ഞാൻ ലോക്സ്ലിയിലേക്കു പോകട്ടെ.'
'ഈ അവസ്ഥയിൽ പോകരുത്. ഇന്ന് ഉറങ്ങിയിട്ട് നാളെ കാലത്ത് പോകാം.'
എന്നാൽ റോബിൻ ഉറങ്ങിയസമയത്ത്, മഠാധിപ മുറിയിലെ ബാൻഡേജ് അഴിച്ച് രക്തം യഥേഷ്ടം പോകാൻ വിട്ടു, റോബിൻ മരിക്കുന്നതിനുവേണ്ടി.
റോബിൻ ഉണർന്നപ്പോൾ കാര്യം മനസ്സിലാക്കി. വളരെ കഷ്ടപ്പെട്ട് ജാലകത്തിനടുത്തേക്കു നീങ്ങി. പെട്ടെന്ന് ബ്യൂഗിളിനെക്കുറിച്ചോർത്തു. പഴയമട്ടിൽ കാഹളമൂതി: വ്ആ... സ്ആ... ഹോ...
വനത്തിൽ നിന്ന ലിറ്റിൽ ജോൺ ഇതുകേട്ട് തിരിച്ചറിഞ്ഞു. മഠത്തിനുള്ളിലുള്ള മരിയനും ഇതുകേട്ട്, പരിഭ്രാന്തയായി അതിഥിമുറിയിലെത്തി.
അവിടെ, തന്റെ പ്രിയതമൻ മൃത്യുന്മുഖനായി കിടക്കുന്നു.
'ഈ ദുഷ്ടയായ മഠാധിപയാണ് താങ്കളെ ഇങ്ങനെ ആക്കിയത്. അവൾ മരിയനെയും

വഞ്ചിച്ചു. ഞാൻ ഈ മഠം തീ കൊളുത്തി ചാമ്പലാക്കും.' ലിറ്റിൽ ജോൺ ക്രുദ്ധ നായി.

'അരുത്.' അത്യന്തം ദുർബ്ബലമായ സ്വരത്തിൽ റോബിൻ പറഞ്ഞു: 'ഞാൻ ജീവിച്ച കാലമത്രയും ഒരു സ്ത്രീയുടെ നേർക്കും അതിക്രമം നടത്തിയിട്ടില്ല. മരിക്കുമ്പോഴും പാടില്ല; ഒരിക്കലും ചെയ്യരുത്. മരിയൻ, നിന്റെ കൈകളിൽ കിടന്നു മരിക്കാൻ ഞാനിവിടെ എത്തിയിരിക്കുന്നു.'

'ജോൺ, ഞാനീ ജാലകത്തിലൂടെ ഒരമ്പ് അയയ്ക്കാം. അത് വീഴുന്ന സ്ഥലത്ത് എന്റെ ശരീരം അടക്കണം. എന്റെ തലയ്ക്കലും കാല്ക്കലും പുൽത്തകിടി വേണം. സമീപത്ത് അമ്പും വില്ലും...' ജോണിന്റെ കൈകളിലേക്കു റോബിൻ വീണു.

ലിറ്റിൽ ജോൺ സ്വന്തം കൈകളാൽ കുഴി തയ്യാറാക്കി. മൃതിമണ്ഡപത്തിന്മേൽ ഇങ്ങനെ എഴുതി:

'ഈ ശിലയ്ക്കടിയിൽ ശയിപ്പൂ
റോബർട്ട് ഹണ്ടിങ്ടൺ.
ഇവനെ വെല്ലും വില്ലാളികളില്ല.
ജനം വിളിപ്പൂ 'റോബിൻ ഹുഡ്'
ഒരിക്കലും
കാണുകില്ലിനിയിംഗ്ലണ്ട്,
ഇതുപോലുള്ളൊരു
നിയമഭ്രഷ്ടനെ.'

# ഉപസംഹാരം

റോബിൻ ഹുഡിന്റെ മരണശേഷം മരിയൻ കിർക്ക്‌ലെയിലെ മഠത്തിൽത്തന്നെ താമസിച്ചു. പിന്നീട് മെറ്റിൽഡ എന്ന പേരു സ്വീകരിച്ചു. കാലം കഴിഞ്ഞപ്പോൾ അവൾ മഠാധിപയായിത്തീർന്നു. രോഗികളെ ശുശ്രൂഷിക്കുന്നതിൽ അവൾ വളരെ ശ്രദ്ധിച്ചിരുന്നു. ഒടുവിൽ റോബിൻ മരണമടഞ്ഞ അതേ മുറിയിൽ മെറ്റിൽഡയും അന്ത്യശ്വാസം വലിച്ചു. റോബിനെ അടക്കംചെയ്ത സ്ഥലത്തുതന്നെ അവളുടെ സംസ്കാരവും നടത്തി.

തന്റെ പ്രിയ സ്നേഹിതനും യജമാനനുമായ റോബിന്റെ ശരീരം അന്ത്യവിശ്രമത്തിനു കിടത്തിക്കഴിഞ്ഞ് ലിറ്റിൽ ജോൺ കിർക്ക്‌ലെയിൽ നിന്നില്ല. കുറേക്കാലം അയർലണ്ടിൽ താമസിച്ചെന്നും പിന്നീട് ഇംഗ്ലണ്ടിൽ തിരിച്ചെത്തിയെന്നും ആളുകൾ പറയുന്നു.

ജോൺ രാജാവിന്റെ മകൻ, ഹെൻറി രാജാവ് മാനിനെ വേട്ടയാടി ബഹുദൂരം പോയി കാട്ടിൽ ഒറ്റപ്പെടാൻ ഇടയായി. കാട്ടിനുള്ളിൽ ഒരു കൊച്ചുപള്ളിക്കടുത്ത് ഗുഹയിൽ, രണ്ടു സന്ന്യാസിമാർ പ്രാർത്ഥനാനിരതരായി കഴിയുന്നതു കണ്ടു. ഒരാൾ വളരെ പൊക്കമുള്ളവൻ, രണ്ടാമൻ തടിച്ച കുള്ളൻ. രണ്ടുപേരും വൃദ്ധരാണ്. അവർ അതിഥിക്കു നല്കിയ ഭക്ഷണം റൊട്ടിയും ചീസും അരുവിയിലെ തെളിനീരുമാണ്.

‘വനപാലകന്മാർ ഉറങ്ങുമ്പോൾ വേട്ടയാടി നിങ്ങൾക്കു കുറേക്കൂടി നല്ല ഭക്ഷണം കഴിച്ചുകൂടെ?’

‘ഞങ്ങൾ സാധുക്കളാണ്. വനനിയമം ലംഘിച്ചെന്നുപറഞ്ഞ് ഞങ്ങളെ കുടുക്കാൻ നോക്കുകയാണോ?’

‘എനിക്കു ഭക്ഷണം തന്നവരെ ഞാൻ ചതിക്കുകയില്ല.’

ജീനിയിൽ സൂക്ഷിച്ച വീഞ്ഞ് രാജാവ് കൊണ്ടുവന്നു. നിർബ്ബന്ധിച്ചപ്പോൾ തടിയൻ, കുടിച്ച് ഉല്ലാസവാനായി. തുടർന്ന് സന്ന്യാസിമാർ അവർ സൂക്ഷിച്ച വീഞ്ഞും വേട്ടയിറച്ചിയും നിരത്തി. എല്ലാവരും ഭക്ഷിച്ചു.

മൂന്നുപേരും പുറത്തിറങ്ങി. മുപ്പതു വാര അകലെ കുത്തിനിർത്തിയ അരളിക്കമ്പിലേക്ക് അസ്ത്രമയച്ചു. പൊക്കമുള്ള സന്ന്യാസിക്കു മാത്രമേ അതു പിളർക്കാൻ കഴിഞ്ഞുള്ളൂ.

വീഞ്ഞു കുടിക്കുമ്പോൾ രാജാവു പറഞ്ഞു: ‘ഇത്തരമൊരു അമ്പെയ്ത്ത് ഞാനിതുവരെ കണ്ടിട്ടില്ല. റിച്ചാർഡ് രാജാവിന്റെ കാലത്ത് ഉണ്ടായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. അന്ന് ഷെർവുഡ് വനത്തിൽ ജീവിച്ച നിയമഭ്രഷ്ടനെന്നു കേൾവിപ്പെട്ട റോബിൻ ഹുഡിനെപ്പറ്റി ധാരാളം ഗാനങ്ങൾ പ്രചരിച്ചിട്ടുണ്ട്. കള്ളന്മാരുടെ മാന്യനായ ആ രാജാവിനെപ്പറ്റി നിങ്ങൾക്കെന്തെങ്കിലുമറിയാമോ?’

രണ്ടു സന്ന്യാസിമാർക്കും തങ്ങൾ വീണ്ടും ചെറുപ്പമായതുപോലെ തോന്നി. രാവു മുഴുവൻ അവർ കഥകൾ പറഞ്ഞുകൊണ്ടിരുന്നു.

പ്രഭാതകിരണങ്ങൾ വനത്തിലേക്കു കടന്നപ്പോൾ രാജാവ് പോകാൻ തയ്യാറായി. തിരിഞ്ഞുനിന്ന ആതിഥേയരോട് പറഞ്ഞു: ‘ബഹുമാന്യരായ സന്ന്യാസിമാരേ, കഴിഞ്ഞ ദിവസത്തെ എന്റെ അത്താഴം ഷെർവുഡ് വനത്തിലെ ലിറ്റിൽ ജോണിനും ഫ്രയർടക്കിനും ഒപ്പമായിരുന്നു.’

രാജാവ് നാട്ടിലെത്തി അനുചരസംഘത്തെ തന്റെ അനുഭവം കേൾപ്പിച്ചു. വീണ്ടും അവരെ അന്വേഷിച്ചുപോയെങ്കിലും താവളം കണ്ടെത്താനായില്ല.

* * *